33rd Year of Service 2025

Price $1.00

# കേരളാ എക്സ്പ്രസ്

# KERALA EXPRESS


Weekly Newspaper National Edition from Chicago

3425 Cleveland St, Skokie, Illinois 60076, Tel: 630 728 7956 (24 Hrs.) e-Fax: 773 304 1917 Email: news@keralaexpress.com www.keralaexpress.com

February 14, 2025 | Vol. XXXIII No. 07 | Periodicals Postage Paid




## ചിക്കാഗോ മലയാളി അസ്സോസിയേഷൻ മുൻ ജനറൽ സെക്രട്ടറി ജോർജ് ഏബ്രഹാം ഇനി പത്തനംതിട്ട ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്



**അനിൽ പെണ്ണുക്കര**

പത്തനംതിട്ട: അമേരിക്കയിലെ ഏറ്റവും വലിയ മലയാളി സംഘടനകളിലൊന്നായ ചിക്കാഗോ മലയാളി അസ്സോസിയേഷന്റെ മുൻ ജനറൽ സെക്രട്ടറി ജോർജ് ഏബ്രഹാം (ജോർജുകുട്ടി) പത്തനംതിട്ട ജില്ലാ പഞ്ചായത്ത് പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ടു. എൽഡിഎഫിലെ ധാരണ പ്രകാരം ഭരണത്തിലെ അവസാനത്തെ ഒരു വർഷം കേരള കോൺഗ്രസ് (എം) പ്രതിനിധിക്കാണ് പ്രസിഡന്റ് സ്ഥാനം ലഭിക്കുക. ആദ്യത്തെ മൂന്ന് വർഷം സിപിഎം, തുടർന്ന് ഒരുവർഷം സിപിഐ, അവസാന വർഷം കേരള കോൺഗ്രസ് (എം) എന്നതായിരുന്നു ഇടതുപക്ഷത്തെ ധാരണ.

വിദ്യാർത്ഥി രാഷ്ട്രീയം മുതൽ കേരള കോൺഗ്രസിനും, കെ. എം. മാണിക്കുമൊപ്പം ഒരു നിഴലുപോലെ സഞ്ചരിച്ച ജോർജ് ഏബ്രഹാമിന് ഈ പദവി അദ്ദേഹത്തിന്റെ രാഷ്ട്രീയ പ്രവർത്തനത്തിന് ലഭിച്ച അംഗീകാരം കൂടിയാണ്. റാന്നി കീക്കൊഴൂർ ഇലഞ്ഞിക്കൽ ഇ.എം. ഏബ്രഹാമിന്റേയും അന്നമ്മ ഏബ്രഹാമിന്റേയും എട്ടു മക്കളിൽ അഞ്ചാമനായി ജനിച്ച ജോർജ് ഏബ്രഹാം റാന്നി എംഎസ് എച്ച് സ്കൂൾ ലീഡർ ആയി 1972-ൽ തെരഞ്ഞെടുക്കപ്പെട്ടത് കെ. എസ്.സിയുടെ പാനലിൽ ആയിരുന്നു. 1978-ൽ കോഴഞ്ചേരി സെന്റ് തോമസ് കോളജ് യൂണിയൻ ജനറൽ സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ടു. പഠനശേഷം ജോലിതേടി മുംബൈയിലേക്ക് പോയി. 1984-ൽ ചിക്കാഗോയിലേക്ക് വന്നപ്പോഴും രാഷ്ട്രീയവും നാടും മനസ്സിൽ സജീവമായി തന്നെ നിന്നു. 2000 സെപ്റ്റംബറിൽ കേരളത്തിലേക്ക് വരികയും മുഴുവൻ സമയ രാഷ്ട്രീയ പ്രവർത്തകനായി മാറുകയും ചെയ്തു. തുടർന്ന് ചെറുകോൽ പഞ്ചായത്ത് വൈസ് പ്രസിഡന്റായി 2000-ൽ തന്നെ ചുമതലയേറ്റ് പ്രവർത്തനം തുടങ്ങിയത് ജീവിതത്തിലെ മറ്റൊരു വഴിത്തിരിവായി.

കീക്കൊഴൂർ കോ-ഓപ്പറേറ്റീവ് ബാങ്ക് ഡയറക്ടർ ബോർഡ് മെമ്പറായി 15 വർഷവും അതിൽ 10 വർഷം ബാങ്ക് പ്രസിഡന്റായും ജോർജ് ഏബ്രഹാം സേവനം അനുഷ്ഠിച്ചു. കേരളാ കോൺഗ്രസിന്റെ സംസ്ഥാന (ശേഷം 9-ാം പേജിൽ)

# nella CONSULTING

ACCOUNTING | TAX | CONSULTING






## FOR ALL YOUR PERSONAL AND BUSINESS TAX SERVICES

**TOMY NELLAMATTAM, E.A.**
**Enrolled to Practice Before IRS**
Nella Consulting Inc
755 Milwaukee Ave, Glenview, IL 60025
**(847) 486-4112 (Office)**
**(847) 302-8556 (cell)**

*FREE ELECTRONIC FILING*
*FULL TIME IN ACCOUNTING & TAX SERVICES*



Partner
**ALVIN NELLA, CPA, MBA**



Steve Crifase

LIFE MEMBER
MILLION DOLLAR ADVOCATES FORUM
The Top Trial Lawyers In America™

## Trusted Representation
## Achieves Aggressive Financial Results

- ★Over $ 50M Recovered and Collected For Our Clients
- ★Top AV Peer Review Rated Since 1991 For Pre-eminent Legal Ability and Professional Ethics
- ★Free Confidential Consultation On All Matters
  Home Visits Available
- ★Personal Injuries-Wrongful Death - Work Injuries

### Your call is Always Welcome

# Crifase Law Firm

Crifase Law Firm, Ltd.
8 S. Michigan Avenue, Suite 2000
Chicago, IL 60603

**312-855-0511**

Serious Lawyers For Serious Cases
Call Today To See What Your Case Is Really Worth
Recent Financial Recoveries
For Our Clients And Their Families

| | |
|---|---|
| $1,500,000.00 | Jury Verdict Car Crash Neck Injury |
| $5,000,000.00 | Car Crash – Brain Injury |
| $700,000.00 | Medical Malpractice Stillborn Baby |
| $1,500,000.00 | Wrongful Death – Car Crash |
| $750,000.00 | Medical Malpractice – Fetal Injury |
| $600,000.00 | Medical Malpractice – Fetal Injury |
| $200,000.00 | Work Injury – Shoulder Surgery |
| $149,000.00 | Slip and Fall – Knee Injury |
| $239,000.00 | Work Injury – Shoulder Surgery |
| $190,000.00 | Car Crash – Back Injury |
| $338,000.00 | Work Injury – Shoulder/Wrist Surgery |

**We Want A Long Term Relationship With You**

Steve Crifase
http://www.crifaselaw.com/
Steve@CrifaseLaw.com
Crifase Law Firm, Ltd.
8 S. Michigan Avenue, Suite 2000
Chicago IL 60603
Phone: (312) 855-0511
Fax: (312) 855- 0537

**Fee Discounts Available To Malayalee Clients On Specific Cases**

BBB A+ Rating Better Business Bureau
AV PREEMINENT Peer Rated for Highest Level of Professional Excellence 2018

33rd Year of Service 2025

Price $1.00

കേരളാ എക്സ്പ്രസ്
KERALA EXPRESS

Weekly Newspaper National Edition from Chicago

3425 Cleveland St, Skokie, Illinois 60076, Tel: 630 728 7956 (24 Hrs.) e-Fax: 773 304 1917 Email: news@keralaexpress.com www.keralaexpress.com

4 പാതിവില ഓഫർ തട്ടിപ്പ്: റിട്ട. ജസ്റ്റിസും പ്രതി

6 കോൺഗ്രസിനെതിരെ ഇന്ത്യാ സഖ്യകക്ഷികൾ

11 നാടുകടത്തിയതിൽ വൻ പ്രതിഷേധം

18 സിഎംഎ വിമൻസ്ഡേ ആഘോഷം മാർച്ച് 8–ന്

19 മാരാമൺ കൺവൻഷന്റെ ചരിത്രവഴികളിലൂടെ...

# കേരള ബജറ്റ്: നികുതി ഭാരം കൂടും, ക്ഷേമ പെൻഷൻ വർദ്ധനയില്ല

തിരുവനന്തപുരം: കഴിഞ്ഞ എട്ടര വർഷത്തിനിടെ ആദ്യമായി സാമ്പത്തിക പ്രതിസന്ധി നീങ്ങി നല്ല കാലം വരുന്നുവെന്നു പ്രഖ്യാപിച്ച കേരള ബജറ്റിൽ ജനങ്ങളിലേക്കു പണമെത്തിക്കുന്ന പദ്ധതികളില്ല. വരുമാനം വർധിക്കുന്നുവെന്നു കണക്കു നിരത്തി മന്ത്രി വാദിക്കുമ്പോഴും 60 ലക്ഷം പേർക്കു ഗുണം ചെയ്യുന്ന ക്ഷേമ പെൻഷൻ കൂട്ടാത്തത് ബജറ്റിനുമേൽ നിരാശയുടെ കാർമേഘം പടർത്തി. സാമ്പത്തിക പ്രതിസന്ധി കാരണം കഴിഞ്ഞ ബജറ്റിലെ പദ്ധതികളിൽ പകുതിയോളം വെട്ടിക്കുറച്ചതിനാൽ ഈ ബജറ്റിലെ പദ്ധതികളുടെ ഭാവിയും തുലാസിലാണ്. വൻകിട വികസന പദ്ധതികളിൽ പലതും മുൻ ബജറ്റുകളുടെയും കിഫ്ബി പ്രഖ്യാപനങ്ങളുടെയും ആവർത്തനമായി. സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കുമുള്ള ആനുകൂല്യങ്ങളും നേരത്തേ വാഗ്ദാനം ചെയ്തതിനപ്പുറം പോയില്ല.

സർക്കാർ നിർബന്ധമായും പണം ചെലവിടേണ്ടി വരുന്ന ക്ഷേമ പെൻഷൻ പോലുള്ള ആനുകൂല്യങ്ങളിൽ വർധന വരുത്താതെ കോടികളുടെ പദ്ധതി പ്രഖ്യാപിക്കുന്നത് സാമ്പത്തികശേഷിയില്ലായ്മയുടെ ലക്ഷണമാണെന്ന് ചില സാമ്പത്തിക വിദഗ്ധർ ചൂണ്ടിക്കാട്ടുന്നു. വരുമാനം ഉയരുമെന്നു ബജറ്റിൽ പ്രതീക്ഷിക്കുകയും പദ്ധതി വിഹിതത്തിൽ 10 ശതമാനം വർധന വരുത്തുകയും ചെയ്തിട്ടുണ്ട്. വരുമാനം ഉറപ്പാക്കാനായില്ലെങ്കിൽ പദ്ധതികൾ വെട്ടിച്ചുരുക്കും. ഈ തന്ത്രം വരുംവർഷത്തിലും പയറ്റാനുള്ള വഴികൾ ബജറ്റിലുണ്ട്. പ്രഖ്യാപിച്ച പല വൻകിട പദ്ധതികൾക്കു പോലും നിസ്സാര തുകയാണു ബജറ്റിൽ വകയിരുത്തിയിരിക്കുന്നത്.

ബജറ്റ് പ്രസംഗത്തിന്റെ ആമുഖം കഴിഞ്ഞയുടൻ മന്ത്രി ആദ്യം പ്രഖ്യാപിച്ച സർക്കാർ ജീവനക്കാരുടെ ആനു



കൂല്യങ്ങളിൽ പുതുമയില്ല. കഴിഞ്ഞ ശമ്പള പരിഷ്കരണം നിലവിൽ വരുന്നതിനു മുൻപ് കുടിശികയായി ഉണ്ടായിരുന്ന 2019 ജനുവരിയിലെ മൂന്ന് ശതമാനം, 2019 ജൂലൈയിലെ അഞ്ച് ശതമാനം, 2020 ജനുവരിയിലെ നാല് ശതമാനം ക്ഷാമബത്തയാണ് പ്രോവിഡന്റ് ഫണ്ടിൽ ലയിപ്പിച്ചത്. യഥാക്രമം 2023 ഏപ്രിൽ 1, സെപ്റ്റംബർ 1, 2024 ഏപ്രിൽ 1, സെപ്റ്റംബർ 1 തീയതികളിൽ ഇവ പിഎഫിൽനിന്നു പിൻവലിക്കാമെന്നു വാക്കു നൽകിയിരുന്നെങ്കിലും സാമ്പത്തിക പ്രതിസന്ധി കാരണം പിൻവലിക്കൽ കാലാവധി നീട്ടി. പണ്ടേ മാറ്റേണ്ട ലോക്ക് ഇൻ കാലാവധിയാണ് ഇപ്പോൾ മാറ്റുമെന്നു ബജറ്റിൽ പ്രഖ്യാപിച്ചത്.

പങ്കാളിത്ത പെൻഷനു പകരം അഷേഡ് പെൻഷൻ പദ്ധതി 2025–26–ൽ നടപ്പാക്കും. കോവളം, മൂന്നാർ, കുമരകം, ഫോർട്ട് കൊച്ചി മേഖലകളിൽ ഒഴിഞ്ഞുകിടക്കുന്ന വീടുകൾ പ്രയോജനപ്പെടുത്തി ടൂറിസം വികസനത്തിനു കെ–ഹോംസ് പദ്ധതി. പ്രാരംഭചെലവുകൾക്ക് അഞ്ചുകോടി. വിഴിഞ്ഞം–കൊല്ലം–പുനലൂർ വികസനത്രികോണത്തിന് 1000 കോടി. മുതിർന്ന പൗരന്മാർക്കു പുതുസംരംഭങ്ങൾ തുടങ്ങാൻ 'ന്യൂ ഇന്നിങ്സ്' പദ്ധതിക്ക് അഞ്ചു കോടി. തീരദേശവികസനത്തിന് 100 കോടിയുടെ പ്രത്യേക പാക്കേജ്. വന്യജീവി ആക്രമണം കുറയ്ക്കാൻ വനസംരക്ഷണപദ്ധതിക്ക് 75 കോടി. (ശേഷം 30–ാം പേജിൽ)

# ഡൽഹി നിയമസഭാ തെരഞ്ഞെടുപ്പിൽ ബിജെപിയ്ക്ക് അട്ടിമറി വിജയം

ന്യൂഡൽഹി: കാൽ നൂറ്റാണ്ടിന്റെ കാത്തിരിപ്പിനൊടുവിൽ ഇന്ദ്രപ്രസ്ഥത്തിന്റെ അധികാര താക്കോൽ ഇനി ബിജെപിയുടെ കൈയിൽ. ഡൽഹിയിലെ 70 നിയമസഭാ സീറ്റുകളിൽ 48 എണ്ണവും നേടി ബിജെപി അധികാരത്തിൽ തിരിച്ചെത്തി. അഴിമതി തുടച്ചുനീക്കാൻ ചൂലുമായി ഇറങ്ങിയ അരവിന്ദ് കെജ്‌രിവാളിന്റെ ആം ആദ്മി പാർട്ടിക്ക് 28 സീറ്റുകൾ മാത്രമാണ് സ്വന്തമാക്കാൻ സാധിച്ചത്.

ഒരു സീറ്റിൽപോലും വിജയിക്കാൻ കഴിയാതെ കോൺഗ്രസിന് ഇത്തവണയും നിരാശയായി ഫലം. പാർട്ടിയുടെ മുഖമായ കെജ്‌രിവാൾ സ്വന്തം മണ്ഡലമായ ന്യൂഡൽഹിയിൽ ബിജെപി സ്ഥാനാർത്ഥി പർവേഷ് സിംഗിനോട് തോറ്റത് 4089 വോട്ടുകൾക്കാണ്.

(ശേഷം 30–ാം പേജിൽ)



തെരഞ്ഞെടുപ്പു ഫലപ്രഖ്യാപനം വന്നശേഷം ന്യൂഡൽഹിയിലെ പാർട്ടി ആസ്ഥാനത്തെത്തിയ നരേന്ദ്ര മോദി പ്രവർത്തകരെ അഭിവാദ്യം ചെയ്യുന്നു.

# മണിപ്പൂർ മുഖ്യമന്ത്രി രാജിവെച്ചു

ഇംഫാൽ: മണിപ്പൂർ മുഖ്യമന്ത്രി എൻ. ബിരേൻ സിംഗ് രാജിവെച്ചു. സംസ്ഥാനത്ത് രണ്ടുവർഷമായി തുടരുന്ന കലാപം നിയന്ത്രിക്കുന്നതിൽ പരാജയപ്പെട്ടുവെന്നാരോപിച്ച് ബിജെപിയിലെ കുക്കി വിഭാഗക്കാരായ എംഎൽഎമാർ മുഖ്യ



മന്ത്രിക്കെതിരെ കേന്ദ്ര നേതൃത്വത്തെ സമീപിച്ചിരുന്നു. ബജറ്റ് സമ്മേളനം തുടങ്ങാനിരിക്കെ അവിശ്വാസ പ്രമേയം അവതരിപ്പിക്കുമെന്നു കോൺഗ്രസ് പ്രഖ്യാപിക്കുകയും ചെയ്തു. ഭരണകക്ഷിയിൽനിന്നുപോലും അവിശ്വാസപ്രമേയത്തെ അനുകൂലിച്ചേക്കാമെന്ന അഭ്യൂഹങ്ങൾക്കിടെയാണ് രാജി.

രാജ്ഭവനിലെത്തി ഗവർണർ അജയ് കുമാർ ബല്ലയ്ക്കു മുഖ്യമന്ത്രി രാജിക്കത്ത് കൈമാറി. ബിജെപിയിലെയും സഖ്യകക്ഷിയായ എൻപിഎഫിലെയും 14 എംഎൽഎമാരും ബിജെപി സംസ്ഥാന അധ്യക്ഷ എ. ശാരദ ദേവി, മുതിർന്ന നേതാവ് സംബിത് പാത്ര എന്നിവരും ഒപ്പമുണ്ടായിരുന്നു. (ശേഷം 30–ാം പേജിൽ)

# 130–ാമത് മാരാമൺ കൺവൻഷന് തുടക്കമായി



130–ാമത് മാരാമൺ കൺവൻഷൻ ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പൊലീത്ത ഉദ്ഘാടനം ചെയ്യുന്നു. (വാർത്ത 4–ാം പേജിൽ)

# പാതിവില ഓഫർ തട്ടിപ്പ്: റിട്ട. ജസ്റ്റിസും പ്രതി

പെരിന്തൽമണ്ണ: സിഎസ്ആർ ഫണ്ടിന്റെ മറവിൽ പാതിവിലയ്ക്കു സ്കൂട്ടറും ലാപ്ടോപ്പും ഉൾപ്പെടെ വാഗ്ദാനം ചെയ്ത് കോടികൾ തട്ടിയ കേസിൽ റിട്ട. ജസ്റ്റിസ് സി.എൻ. രാമചന്ദ്രൻ നായർ മൂന്നാംപ്രതി. പെരിന്തൽമണ്ണ പോലീസ് രജിസ്റ്റർ ചെയ്ത കേസിലാണു ഹൈക്കോടതി മുൻ ജഡ്ജിയും പ്രതിയായത്.



അനന്തു കൃഷ്ണനെ മൂവാറ്റുപുഴ മജിസ്ട്രേട്ട് കോടതിയിൽ ഹാജരാക്കാൻ സബ് ജയിലിൽനിന്നു കൊണ്ടുവരുന്നു.

മലപ്പുറം അങ്ങാടിപ്പുറം കേന്ദ്രീകരിച്ചു പ്രവർത്തിക്കുന്ന കെഎസ്എസ് പ്രസിഡണ്ട് ഡാനിമോൻ, ജനറൽ സെക്രട്ടറി സുനിൽ ജോസഫ് എന്നിവരുടെ പരാതിപ്രകാരമുള്ള കേസിൽ നാഷണൽ എൻജിഒ കോൺഫെഡറേഷൻ ചെയർമാൻ കെ.എൻ. ആനന്ദകുമാർ, സംസ്ഥാന സെക്രട്ടറി അനന്തു കൃഷ്ണ എന്നിവരാണ് ഒന്നും രണ്ടും പ്രതികൾ. രക്ഷാധികാരി എന്ന നിലയിലാണു ജസ്റ്റിസ് രാമചന്ദ്രൻ നായരെ പ്രതിചേർത്തത്. എന്നാൽ, താൻ സംഘടനയുടെ രക്ഷാധികാരി ആയിരുന്നില്ലെന്നാണു രാമചന്ദ്രൻ നായരുടെ നിലപാട്.

ഗുണഭോക്താക്കൾ 50 ശതമാനം തുകയടച്ചാൽ ബാക്കിത്തുക എൻജിഒ കോൺഫിഡറേഷന്റെ നേതൃത്വത്തിൽ കണ്ടെത്തി സ്കൂട്ടർ, ലാപ്ടോപ്, ഗൃഹോപകരണങ്ങൾ തുടങ്ങിയവ നൽകുമെന്നായിരുന്നു വാഗ്ദാനം. 110 തയ്യൽ മെഷീൻ, 11 ലാപ്ടോപ്, ഒൻപത് വാട്ടർ പ്യൂരിഫയർ, 20 ഇരുചക്ര വാഹനങ്ങൾ, 1300 ചാക്ക് ജൈവവളം എന്നിവ വിതരണം ചെയ്തു.

ഗുണഭോക്തൃവിഹിതം അടച്ച അപേക്ഷകർക്ക് കഴിഞ്ഞ നവംബർ 30 വരെ 16 ഇരുചക്രവാഹനങ്ങളും 45 ലാപ്ടോപ്പുകളും 34 ഗൃഹോപകരണങ്ങളും ഒരു വാട്ടർ പ്യൂരിഫയറും നൽകാനുണ്ട്. ഇവയുടെ പാതിവിലയായ 34.46 ലക്ഷം രൂപ കോൺഫെഡറേഷനു കെഎസ്എസ് നൽകിയിരുന്നു.

പരാതി ഉന്നയിച്ചപ്പോൾ, പ്രതിസന്ധി എത്രയും വേഗം പരിഹരിക്കാമെന്ന് കോൺഫെഡറേഷൻ ദേശീയ കോ-ഓർഡിനേറ്ററും സംസ്ഥാന സെക്രട്ടറിയുമെന്ന് അവകാശപ്പെട്ട അനന്തു കൃഷ്ണൻ വിശ്വസിപ്പിച്ചു. എന്നാൽ വാഗ്ദാനം പാലിക്കപ്പെട്ടില്ലെന്ന പരാതിയിലാണു കേസ്.

അതിനിടെ, കേരളമൊട്ടാകെ 3600 പരാതിക്കാർ പോലീസിനെ സമീപിച്ചിട്ടുണ്ട്. ഇതിൽ പലതിലും ഉടൻ കേസെടുക്കും. ലഭിച്ച പരാതികളുടെ മാത്രം അടിസ്ഥാനത്തിൽ 450-500 കോടിയുടെ തട്ടിപ്പ് നടന്നുവെന്നാണ് ആഭ്യന്തരവകുപ്പിന്റെ പ്രാഥമിക കണക്ക്.

ക്രൈംബ്രാഞ്ചിനു പകരം പ്രത്യേക അന്വേഷണ സംഘം രൂപീകരിച്ച് കേസുകൾ (ശേഷം 28-ാം പേജിൽ)

## കോട്ടയം അതിരൂപത

## ഫാ. തോമസ് ആനിമൂട്ടിൽ പ്രോ-പ്രോട്ടോ സിഞ്ചെല്ലൂസ്; ഫാ. മൈക്കിൾ വെട്ടിക്കാട്ട് സിഞ്ചെല്ലൂസ്

കോട്ടയം: കോട്ടയം അതിരൂപതയുടെ പുതിയ പ്രോ-പ്രോട്ടോ സിഞ്ചെല്ലൂസായി കടുത്തുരുത്തി പള്ളി വികാരി ഫാ. തോമസ് ആനിമൂട്ടിൽ നിയമിതനായി. സിഞ്ചെല്ലൂസായി (പബ്ലിക് അഫയേഴ്സ്) ഫാ. മൈക്കിൾ വെട്ടിക്കാട്ടും കടുത്തുരുത്തി ഫൊറോനാ പള്ളി വികാരിയായി ഫാ. ജോൺസൺ നീലാനിരപ്പേലും നിയമിക്കപ്പെട്ടു. പ്രോ-പ്രോട്ടോ സിഞ്ചെല്ലൂസായിരുന്ന ഫാ. മൈക്കിൾ വെട്ടിക്കാട്ട് ദീപിക എം.ഡിയായി നിയമിക്കപ്പെട്ടതിനെ തുടർന്നാണ് ആ സ്ഥാനത്തേക്ക് ഫാ. തോമസ് ആനിമൂട്ടിൽ നിയമിതനായത്.

ഫാ. തോമസ് ആനിമൂട്ടിൽ 1989 ഏപ്രിൽ 13-ന് വൈദികപട്ടം സ്വീകരിച്ചു. തുടർന്ന് പുളിഞ്ഞാൽ പള്ളി വികാർ ഇൻ-ചാർജായി നിയമിക്കപ്പെട്ടു. അതിനുശേഷം റോമിലെ ഹോളി ക്രോസ് യൂണിവേഴ്സിറ്റിയിൽ നിന്ന് കാനൻ നിയമത്തിൽ ലൈസൻഷ്യേറ്റ് നേടി. പിന്നീട് മാർ കുര്യാക്കോസ് കുന്നശ്ശേരിയുടെ സെക്രട്ടറിയായും ചാൻസിലറായും പ്രവർത്തിച്ചു. 1998-ൽ കണ്ണൂർ ബറുമറിയം പാസ്റ്ററൽ സെന്റർ ഡയറക്ടറായും മലബാർ റീജിയൻ പ്രൊക്കുറേറ്ററായും സേവനം ചെയ്തശേഷം 2002-ൽ അമേരിക്കയിലെ ലോസാഞ്ചലസിലുള്ള യു.സി.എൽ.എ യൂണിവേഴ്സിറ്റിയിൽ നിന്നും ചാപ്ലയൻസിൽ ഡിപ്ലോമ സമ്പാദിച്ചു.



ഫാ. തോമസ് ആനിമൂട്ടിൽ



ഫാ. മൈക്കിൾ വെട്ടിക്കാട്ട്

ലോസാഞ്ചലസ്, ന്യൂയോർക്ക്, ന്യൂജേഴ്സി എന്നീ ക്നാനായ മിഷനുകളുടെ ഡയറക്ടറായും കെ.സി.സി.എൻ.എ സ്പിരിച്വൽ അഡ്വൈസറായും ഡയറക്ടറായും സേവനമനുഷ്ഠിച്ചു. 2008-ൽ കാരിത്താസ് ഫിനാൻസ് ഡയറക്ടറായി ചാർജെടുത്തു. ആറു മാസത്തിനുശേഷം കാരിത്താസിന്റെ ഡയറക്ടറായി നിയമിക്കപ്പെട്ടു. പത്ത് വർഷം ഡയറക്ടറായി സേവനം ചെയ്ത കാലയളവ് കാരിത്താസിന്റെ വളർച്ചയുടെ പ്രധാന നാഴികക്കല്ലായിരുന്നു. തുടർന്ന് ഉഴവൂർ ഫൊറോന വികാരിയായി അഞ്ചുവർഷം സേവനം ചെയ്തശേഷം കഴിഞ്ഞ ഒമ്പത് മാസമായി കടുത്തുരുത്തി ഫൊറോന വികാരിയായി പ്രവർത്തിക്കുമ്പോഴാണ് പുതിയ നിയമനം.

അതിരൂപത വിവാഹക്കോടതി ജഡ്ജിയായി പ്രവർത്തിച്ചിട്ടുണ്ട്. കൂടാതെ ദൈവദാസന്മാരായ മാർ മാക്കീൽ പിതാവിന്റെയും പൂതത്തിൽ തൊമ്മിച്ചന്റെയും പ്രമോട്ടർ ഓഫ് ജസ്റ്റീസായും പ്രവർത്തിക്കുന്നു. 9 വർഷം അതിരൂപതാ വൈദികസമിതി സെക്രട്ടറിയായിരുന്നു. നിലവിൽ അതിരൂപത പാസ്റ്ററൽ കൗൺസിൽ സെക്രട്ടറിയാണ്.

പയ്യാവൂർ ടൗൺ പള്ളി ഇടവക ആനിമൂട്ടിൽ പരേതരായ ജോസഫ്-ഏലി ദമ്പതികളുടെ മകനാണ്. സഹോദരങ്ങൾ: ഏലിയാമ്മ പുന്നച്ചൻ പുന്നോടത്ത് (റിട്ട. അദ്ധ്യാപിക), ചാക്കോ തിരൂർ, പരേതനായ ഫിലിപ്പ്, മാത്യു, ബേബി, ലൈസമ്മ ജോസഫ് കീഴേട്ടുകുന്നേൽ (വാതിൽമട).

# 130-ാമത് മാരാമൺ കൺവൻഷന് തുടക്കമായി

മാരാമൺ: ബ്രൂവറിക്കായി സർക്കാർ നടത്തുന്ന നീക്കങ്ങൾ കേരളത്തെ സർവനാശത്തിലേക്കു നയിക്കുമെന്ന് ആശങ്കപ്പെടുന്നതായി ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പൊലീത്ത. 130-ാമത് മാരാമൺ കൺവൻഷൻ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. പ്രധാന വരുമാന മാർഗമായതിനാൽ മദ്യ ഉപയോഗം സർക്കാർ പ്രോത്സാഹിപ്പിക്കുകയാണെന്നും അദ്ദേഹം പറഞ്ഞു.

മനുഷ്യർക്ക് മൂല്യങ്ങൾ നഷ്ടമാകുന്നത് കുറ്റകൃത്യങ്ങളായും യുദ്ധങ്ങളായും വംശീയ കലാപങ്ങളായും പ്രകൃതി ദുരന്തങ്ങളായും പലായനങ്ങളായും ദൃശ്യമാകുന്നു. പ്രായപൂർത്തിയാകാത്ത കുട്ടികൾ ക്രിമിനൽ, പോക്സോ കേസുകളിൽ പ്രതികളാകുന്നത് നിസ്സാരമായി കാണരുത്.

കുറ്റവാളികളെ വളർത്തുന്നതിൽ ലഹരി വലിയ കാരണമാകുന്നു. ചെറുകോൽപുഴ ഹിന്ദുമത പരിഷത്തിൽ പങ്കെടുക്കാനെത്തിയ ആർഎസ്എസ് മേധാവി ഡോ. മോഹൻ ഭാഗവത് കുട്ടികളെയും യുവാക്കളെയും ധർമബോധത്തിൽ വളർത്തേണ്ടതിന്റെ ആവശ്യകത ഊന്നിപ്പറഞ്ഞു. ലഹരിക്കെതിരെയുള്ള പോരാട്ടം ആരംഭിക്കേണ്ടത് കുടുംബത്തിൽനിന്ന് ആകണമെന്നും മോഹൻ ഭാഗവത് പറഞ്ഞിരുന്നു. കുട്ടികൾക്കു മൂല്യബോധം പകർന്നു നൽകാൻ കുടുംബങ്ങൾക്ക് സാധിക്കുന്നില്ലെന്ന് ഫ്രാൻസിസ് മാർപാപ്പയും പറഞ്ഞിട്ടുണ്ട്. ലഹരിക്കടിമയായ യുവാവിന്റെ ആക്രമണത്തിൽ പോലീസ് ഉദ്യോഗസ്ഥൻ ദാരുണമായി കൊല്ലപ്പെട്ട സംഭവം ഞെട്ടലോടെയാണ് നാം കേട്ടത്.

അതേസമയം പോലീസുകാർ വിവാഹ സംഘത്തെ ആക്രമിച്ച സംഭവമുണ്ടായതും കേരളത്തിലാണ്. അക്രമവാസനയും രാഷ്ട്രീയ വിധേയത്വവുമല്ല പോലീസിനെ നയിക്കേണ്ടത്. ഒരിക്കൽ മാതൃകയായിരുന്ന മലയാള സിനിമകളിൽ ഇന്നുള്ളത് ഹിംസയുടെ രംഗങ്ങളാണെന്നും അദ്ദേഹം പറഞ്ഞു.

ഭരണഘടനയെ കേവലം പ്രദർശന വസ്തുവായി ഉയർത്തിക്കാട്ടുന്നത് പതിവായി. ജനങ്ങൾക്കു കാവൽ ഭരണഘടനയാണെങ്കിൽ ഭരണഘടനയ്ക്ക് കാവൽ ജാഗ്രതയുള്ള ജനങ്ങളും നിയമസംവിധാനങ്ങളും മാധ്യമങ്ങളുമാണ്. മാനവ സാഹോദര്യത്തിന്റെ ബിരുദശാലയാണ് ഇന്ത്യ. മാരാമൺ കൺവൻഷന് ഈ മാനവ മുഖമുണ്ട്. അന്ധവിശ്വാസങ്ങളുടെ പേരിൽ കൊലപാതകം വരെ നടക്കുന്നു. ജസ്റ്റിസ് കെ.ടി. തോമസ് ചെയർമാനായി 2019-ൽ കൊണ്ടുവന്ന അന്ധവിശ്വാസ നിരോധന നിയമം നടപ്പാക്കാൻ സർക്കാർ ശ്രമിക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

മാർത്തോമ്മാ സുവിശേഷ സംഘം പ്രസിഡണ്ട് ഡോ. ഐസക് മാർ പീലക്സിനോസ് അക്ഷ്യക്ഷത വഹിച്ചു.


കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

3425 Cleveland St,
Skokie, Illinois 60076
Tel: 630 728 7956
eFax: 773.304.1917

Volume XXXIII
Number 07
February 14, 2025

*Chief Editor*
K.M. Eapen

*Executive Editor*
Jose Kaniyaly

*Managing Editors*
Joseph Mathew
K.O. Jose, C.P.A.
Titus Eapen

*Cir2culation Manager*
Ajith Eapen

*Office Administration*
Anish Eapen

*Legal Advisor*
Selma C. D'souza

*Manager*
K.M. Thimothy

*Overseas Office*
KERALA EXPRESS
KMC 172-A
C.M.S. College Jn.
Kottayam - 686001
Kerala, India
Tel : + 91 481-2561203

*Co-ordinating Editor*
Mani Samuel

*News Editor*
Mini Mani

*Graphics*
Samuel Mani

*Consultant Editor*
Prof. Babu Poozhikunnel

*Special Correspondent*
Anil Pennukkara

KERALA EXPRESS (USPS 011-008)
is published Weekly for $54.00 per year
by Grace Publications, Inc.
3425 Cleveland St,
Skokie, Illinois 60076.

**Periodicals Postage Paid Chicago, Illinois and additional mailing offices**

**POST MASTER:**
Send Address Changes to
Kerala Express, Grace Publications, Inc.
3425 Cleveland St,
Skokie, Illinois 60076.



DISCLAIMER
The advertisements and articles published in Kerala Express denote the views and ideas expressed by the concerned authors or advertisers. Kerala Express is not responsible for the authenticity of articles or advertisements and readers are requested to verify any offers etc. directly with advertiser or author.


### മഹദ്‌വചനം

ആഗ്രഹങ്ങളെ നിയന്ത്രിക്കുന്നതിലാണ്, നിവർത്തിക്കുന്നതിലല്ല സമാധാനമിരിക്കുന്നത്.
**ഹെബർ**

സ്വന്തം വിയർപ്പുകൊണ്ട് അപ്പം തേടുന്നതാണ് ദൈവം മനുഷ്യനെ സൃഷ്ടിച്ചിരിക്കുന്നത്.
**ഗാന്ധിജി**


MEDICARE PLANS
QUESTIONS ANSWERED
• ZERO PREMIUM PPO PLANS
• PRESCRIPTION DRUG BENEFIT
• DENTAL, VISION & HEARING
• WORLD WIDE COVERAGE
• FREE GYM MEMBERSHIP
• SUPPLEMENT BENEFITS
CONTACT
Raj Surendran, MBA
Senior Medicare Specialist
708-945-3985
www.questwealthgroup.com
rsurendran007@gmail.com



GREEN NESTLE
VACATION HERITAGE HOME
Kannachahamparambil, Kuruppanthara,
Manjoor P.O., Pin: 686603, Kottayam (Dist), Kerala State, India
- For Vacation and Holiday rentals.
- Licensed Home stay, Safe and Secured.
- 3 A/C rooms, Unique Packages for 2-8 people very economical.
- Individual Room rental for families.
- Fruits and vegetable Garden.
- Feels like farm house with Pets, Animals, Fish and birds.
- Free wifi - with High Speed internet CCTV Camera, OTT Platform Available, Police Surveillance.
- Gold classification of HOME STAY by Tourism Department of Kerala, Rated as one among the best HOME STAY by Tourism Department of Kerala.
- Cook available, Serving Ethnic Foods produced Organically from the integrated Farm Surrounding the Home Stay.
- Full fledged kitchen with all facilities to cook yourself, Grill and Barbecue Facilities.
- Adhering Food Safety Regulations.
- Caretaker to help you in as your needs, Travel Desk and Tour Package Facilities



CONTACT
+91 8590571037
+91 9947598241
US WhatsApp No. +1 6308197745
UK WhatsApp No. +44 7747748046
www. greennestlehomes.com
greennestle01@gmail.com



JAIBU MATHEW KULANGARA
& ASSOCIATES
For Personal & Business
TAX SERVICE
Jaibu Mathew Kulangara, E.A.
Entrolled to Practice before IRS
Christine Mathew
Lead Associate
7215 W.Touhy,
Suite 6
CHICAGO, IL 60631
773 792 2117 OFFICE
847 298 0786 HOME
312 718 6337 CELL
773 792 2118 FAX
E-mail:tax@jaibu.com
Web:www.jaibu.com




Free Electronic Filing

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

## ഡൽഹിയിലെ തോൽവി: അതീഷി രാജിവെച്ചു; മന്ത്രിസഭ പിരിച്ചുവിട്ടു

# കോൺഗ്രസിനെതിരെ ഇന്ത്യാ സഖ്യകക്ഷികൾ

ന്യൂഡൽഹി: കോൺഗ്രസും ആം ആദ്മി പാർട്ടിയും ഒരുമിച്ച് നിയമസഭാ തെരഞ്ഞെടുപ്പിനെ നേരിട്ടിരുന്നെങ്കിൽ ഡൽഹിയിൽ ഫലം വ്യത്യസ്തമാകുമായിരുന്നുവെന്ന വിലയിരുത്തലുമായി ഇന്ത്യാ മുന്നണിയിലെ ഘടകകക്ഷികൾ. രണ്ടായി നിന്ന് ബിജെപിക്കെതിരെ മത്സരിച്ചതിന് ഇരുപാർട്ടികളെയും സഖ്യത്തിലെ മറ്റു പാർട്ടികൾ വിമർശിച്ചെങ്കിലും കോൺഗ്രസിനാണ് കൂടുതൽ പഴി. ഡൽഹിയിൽ പതിനഞ്ചോളം മണ്ഡലങ്ങളിൽ കോൺഗ്രസ് പിടിച്ച വോട്ടുകൾ ആം ആദ്മി പാർട്ടിയുടെ മുതിർന്ന നേതാക്കളുടെ തോൽവിക്കു കാരണമായെന്നാണ് വിമർശനം.

അരവിന്ദ് കെജ്‌രിവാളിനെതിരായ ജനവിധിയെന്നു മാത്രമായി ചുരുക്കി കാണാനുള്ള കോൺഗ്രസിന്റെ ശ്രമത്തെയും മറ്റു പാർട്ടികൾ വിമർശിച്ചു. ഹരിയാന, മഹാരാഷ്ട്ര പരാജയങ്ങൾക്കുശേഷം ഡൽഹി കൂടി കൈവിട്ടത് മുന്നണിയിലെ പ്രതിസന്ധി രൂക്ഷമാക്കി. സഖ്യത്തിൽ അഭിപ്രായ ഭിന്നത രൂക്ഷമാണെന്നു വ്യക്തമാക്കുന്നതാണ് നേതാക്കളുടെ തുറന്ന പ്രതികരണങ്ങൾ.

ഇന്ത്യാ സഖ്യം ഒറ്റക്കെട്ടായി തെരഞ്ഞെടുപ്പിനെ നേരിട്ടിരുന്നെങ്കിൽ ഫലം മറ്റൊന്നാകുമായിരുന്നെന്നും ബിജെപി ആഗ്രഹിച്ച അവസ്ഥയിലേക്ക് ഡൽഹിയെ കോൺഗ്രസും എഎപിയും എത്തിച്ചെന്നും ഉദ്ധവ് വിഭാഗം ശിവസേനാ നേതാവ് സഞ്ജയ് റാവത്ത് കുറ്റപ്പെടുത്തി. 'ഇനിയും തമ്മിലടിക്കൂ' എന്നു കടുപ്പിച്ചാണ് ജമ്മു കശ്മീർ മുഖ്യമന്ത്രി ഒമർ അബ്ദുള്ള അതൃപ്തി വ്യക്തമാക്കിയത്. ബിജെപി പോലും കെജ്‌രിവാളിനെതിരെ ഉന്നയിക്കാത്ത ആരോപണങ്ങൾ രാഹുൽ ഗാന്ധി നടത്തിയെന്നും ബിജെപിയും കോൺഗ്രസും ഒരേ ഭാഷയിൽ സംസാരിച്ചത് തെറ്റായ സന്ദേശം നല്കിയെന്നും സമാജ്‌വാദി പാർട്ടി നേതാവ് രാംഗോപാൽ യാദവ് പറഞ്ഞു. കെജ്‌രിവാളിനെ ദേശദ്രോഹിയെന്നു പോലും കോൺഗ്രസ് വിളിച്ചെന്ന് രാംഗോപാൽ ആരോപിച്ചു. ബിഹാറിൽ ബിജെപിയുടെ വേല വിലപ്പോയില്ലെന്നായിരുന്നു ആർജെഡി നേതാവ് തേജസ്വി യാദവിന്റെ പ്രതികരണം.

എഎപിക്കെതിരെ ജനങ്ങൾക്കു പരാതിയുണ്ടായിരുന്നുവെന്നും മദ്യനയ അഴിമതിക്കേസ് തിരിച്ചടിക്കു കാരണമായെന്നും സഖ്യത്തിലെ നേതാക്കൾ അഹംഭാവം തുടർന്നാൽ ഡൽഹി ആവർത്തിക്കുമെന്നും തൃണമൂൽ കോൺഗ്രസ് എംപി സൗഗത റോയ് പറഞ്ഞു.

അതേസമയം, ചർച്ചകൾക്കു പോലും ഇടയില്ലാത്ത തരത്തിൽ വഴിയടച്ചത് അരവിന്ദ് കെജ്‌രിവാളിന്റെ നിലപാടാണെന്നാണ് കോൺഗ്രസിന്റെ നിലപാട്. എഎപിയുടെയും കെജ്‌രിവാളിന്റെയും അതിരുകടന്ന അവകാശവാദങ്ങൾ തിരിച്ചടിയായതായും കോൺഗ്രസ് കരുതുന്നു.

ഈ വർഷം അവസാനം ബിഹാർ നിയമസഭാ തെരഞ്ഞെടുപ്പ് നടക്കാനുണ്ട്. ഐക്യമില്ലാതെ മത്സരിച്ചാൽ ഫലം വ്യത്യസ്തമാകില്ലെന്ന് സഖ്യത്തിലെ പാർട്ടികൾ മുന്നറിയിപ്പ് നല്കുന്നു. സഖ്യം ലോക്‌സഭാ തെരഞ്ഞെടുപ്പിലും പാർലമെന്റ് സമ്മേളനങ്ങളിലും മാത്രമായി ചുരുക്കാതെ തെറ്റു തിരുത്തി മുന്നോട്ടു പോകണമെന്നാണ് പാർട്ടികളുടെ ആവശ്യം. ലോക്‌സഭാ തെരഞ്ഞെടുപ്പിനുശേഷം ഇന്ത്യാ സഖ്യം കൃത്യമായി യോഗം ചേർന്നിട്ടില്ല.

# അമിതലാഭ വാഗ്ദാനത്തിൽ വഞ്ചിക്കപ്പെടുന്നവർ

മലയാളികളെ എങ്ങനെയും പറ്റിക്കാം എന്ന് ഒരിക്കൽക്കൂടി തെളിഞ്ഞിരിക്കുന്നു. പകുതി വിലയ്ക്ക് ഇലക്ട്രിക് സ്കൂട്ടർ, തയ്യൽ മെഷീൻ, ലാപ്ടോപ് തുടങ്ങിയവ വാഗ്ദാനം ചെയ്തു തൊടുപുഴ കുടയത്തൂർ സ്വദേശി അനന്തു കൃഷ്ണൻ നടത്തിയ തട്ടിപ്പ് ഊഹിക്കാൻ കഴിയുന്നതിലും വലുതാണെന്നാണ് പുറത്തുവരുന്ന റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്. സംഭവത്തിൽ നാഷണൽ എൻജിഒ ഫെഡറേഷൻ ദേശീയ കോ-ഓർഡിനേറ്റർ എന്നവകാശപ്പെട്ടിരുന്ന തൊടുപുഴക്കാരൻ അനന്തു കൃഷ്ണൻ അറസ്റ്റിലായി. എന്തു കാര്യം? പോയതിൽ എന്തെങ്കിലും കിട്ടിയാലായി. പച്ചമലയാളത്തിൽ പറഞ്ഞാൽ, ഒരു സാമ്പത്തിക കുറ്റവാളി രണ്ടു കൊല്ലം അഴിഞ്ഞാടിയിട്ടും നമ്മുടെ സർക്കാർ-പോലീസ്-നിയമ സംവിധാനങ്ങൾ നോക്കുകുത്തിയായിപ്പോയി. അതൊക്കെ അത്രയേയുള്ളൂ. ജനം ജാഗ്രത പാലിക്കണം. അമിതലാഭം വേണ്ടെന്നും നെറ്റിയിലെ വിയർപ്പുകൊണ്ടേ അപ്പം ഭക്ഷിക്കൂ എന്നും തീരുമാനിച്ചാൽ കുറ്റവാളികളെ കുറച്ചെങ്കിലും അകറ്റിനിർത്താം. കരുതിയിരിക്കൂ, അവിശ്വസനീയ വാഗ്ദാനങ്ങളുമായി അടുത്തയാൾ വരുന്നുണ്ട്. ആട്, തേക്ക്, മാഞ്ചിയം മുതൽ ടോട്ടൽ ഫോർ യു, പോപ്പുലർ ഫിനാൻസ് എന്നിങ്ങനെ നീളുന്ന തട്ടിപ്പ് പരമ്പരകളിൽനിന്നു കേരളം യാതൊന്നും പഠിച്ചിട്ടില്ലെന്നു പറയേണ്ടിവരുന്നു.

മൂവാറ്റുപുഴ സോഷ്യോ ഇക്കണോമിക് ഡെവലപ്മെന്റ് സൊസൈറ്റിയുടെ പേരിലാണ് കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ തട്ടിപ്പു നടന്നത്. പാതി വിലയ്ക്കു വാഗ്ദാനം ചെയ്ത വാഹനങ്ങളും മറ്റും ആദ്യം കുറച്ചുപേർക്കു കൊടുത്തു. അതൊരു ചൂണ്ടയായിരുന്നു. പത്താം ക്ലാസിൽ കൂൺകൃഷിക്കു ക്ലാസെടുത്തു കളത്തിലിറങ്ങിയ അനന്തു, തട്ടിപ്പിന്റെ അനന്തസാധ്യതകളെ ആവോളം ഉപയോഗിച്ചു.

സാധാരണക്കാരായ പാവങ്ങളെ പറ്റിക്കുന്നതിനു മുമ്പ് അനന്തു എന്ന പാതിവിലത്തട്ടിപ്പുകാരൻ പ്രധാനമന്ത്രി മുതൽ പഞ്ചായത്ത് മെംബർ വരെയുള്ളവരെ തന്ത്രപരമായി ഉപയോഗിച്ചു. സാധാരണക്കാർക്ക് അപ്രാപ്യമായ ഉന്നത രാഷ്ട്രീയകോട്ടകളിലേക്കുള്ള കുറുക്കുവഴി കണ്ടുപിടിക്കാൻ തട്ടിപ്പുകാർക്ക് ഒട്ടും പ്രയാസമില്ല. 2024 ഫെബ്രുവരിയിൽ തിരുവനന്തപുരം സെൻട്രൽ സ്റ്റേഡിയത്തിൽ പ്രധാനമന്ത്രി എത്തിയപ്പോഴായിരുന്നു കൂടിക്കാഴ്ച. ഇതിനു വഴിയൊരുക്കിയെന്നു കരുതുന്ന സായി ഗ്രാമം ഗ്ലോബൽ ട്രസ്റ്റ് ചെയർമാൻ ആനന്ദകുമാറിനെതിരെയും അന്വേഷണം തുടങ്ങിയിട്ടുണ്ട്. പ്രധാനമന്ത്രിയെ കാണാനുള്ള പാസ് അനന്തു സമൂഹമാധ്യമത്തിൽ പോസ്റ്റ് ചെയ്തു. പരിചയപ്പെടുന്നവരുടെയൊക്കെ ചരിത്രമന്വേഷിക്കാൻ പ്രധാനമന്ത്രിയെപ്പോലുള്ളവർക്കു സാധിക്കില്ല. ഇടതു-വലതു വ്യത്യാസമില്ലാതെ നിരവധി പാർട്ടി നേതാക്കളെ അയാൾ വീഴ്ത്തി. തട്ടിപ്പുകാരനാണെന്ന് അറിഞ്ഞുകൊണ്ടായിരിക്കില്ല അവരെല്ലാം കെണിയിൽ വീണത്. പക്ഷേ, ഈ ഭീമാകാര കൊള്ളയ്ക്ക് ആ ബന്ധങ്ങൾ അയാൾ ഉപയോഗിച്ചു എന്നതു യാഥാർത്ഥ്യമാണ്. അതുകൊണ്ട്, അന്വേഷണം എല്ലാ തലത്തിലേക്കും നീളണം. ഏതെങ്കിലും രാഷ്ട്രീയക്കാരോ ഉദ്യോഗസ്ഥരോ സംഘടനകളോ അനന്തുവിന്റെ കൊള്ളമുതൽ പങ്കുവെച്ചിട്ടുണ്ടെങ്കിൽ അതും കണ്ടുകെട്ടണം. കെണിയിലായതിലേറെയും പാവങ്ങളാണ്. അവരിലേറെപ്പേരുടേതും അത്യാർത്തിയല്ല, ചെറിയ സ്വപ്നങ്ങളെങ്കിലും യാഥാർത്ഥ്യമാക്കാനുള്ള തത്രപ്പാടായിരുന്നു. ആ പണം അനന്തുവിന്റെ അക്കൗണ്ടിൽ മാത്രമാണോ എത്തിയിട്ടുള്ളതെന്നും അറിയണം.

ആരും പുതിയ കേസുകൾ കൊടുക്കരുതെന്നും ജയിലിൽനിന്നു വന്നാൽ സ്കൂട്ടർ വിതരണം നടത്തുമെന്നുമാണ് ഇതിനിടെ അനന്തു പുറത്തിറക്കിയ ശബ്ദസന്ദേശത്തിൽ പറയുന്നത്. കേസുകൾ കുറയ്ക്കാനും തട്ടിപ്പ് തുടരാനുമാണ് ശ്രമിക്കുന്നതെന്നു ചുരുക്കം. പാതിവില, പണം ഇരട്ടിപ്പ്, എളുപ്പം വായ്പ, അമിതപലിശ, ഓൺലൈൻ തട്ടിപ്പുകൾ... ഇതൊന്നും തടയാൻ ഈ നിമിഷം വരെ സർക്കാരുകൾക്കു കഴിഞ്ഞിട്ടില്ല. അത്തരം കെണികളിൽ വീഴാതിരിക്കാൻ ജനത്തിനും കഴിഞ്ഞിട്ടില്ല. ഇനിയിപ്പോൾ അന്വേഷണ കോലാഹലങ്ങളുണ്ടാകും. പക്ഷേ, ചരിത്രം പറയുന്നത്, ഇത്തരം കേസുകളിൽ കളവുമുതൽ തിരിച്ചുകിട്ടുന്നത് അപൂർവമാണെന്നാണ്. നഷ്ടപ്പെട്ട പണം കഴിയുന്നത്ര തിരിച്ചുപിടിക്കുമെന്നു സർക്കാർ തീരുമാനിക്കണം. അമിതലാഭത്തിന്റെ വാഗ്ദാനങ്ങളെ സംശയത്തോടെ വീക്ഷിക്കാൻ ജനവും പഠിക്കണം. ഈ തട്ടിപ്പ് വിതച്ചതും കൊയ്തതും രാഷ്ട്രീയ നിലങ്ങളിലാണെന്നതും മറക്കരുത്. ആളുകളുടെ പണത്തോടുള്ള ആർത്തിയും സാമ്പത്തിക സാക്ഷരതയില്ലായ്മയുമാണ് ഓരോ തട്ടിപ്പിലൂടെയും പുറത്തുവരുന്നത്. ഓഹരി, ഓൺലൈൻ തട്ടിപ്പുകൾക്ക് ഇരയാകുന്നവരിൽ സാമ്പത്തികരംഗത്തു വർഷങ്ങളുടെ പരിചയമുള്ളവരടക്കം ഉൾപ്പെടുന്നു. വാഗ്ദാനങ്ങളിൽ വിശ്വസിച്ചു പണം നഷ്ടപ്പെടുത്തുന്നതിനുമുമ്പായി യുക്തിയോടെ ചിന്തിച്ചു തീരുമാനമെടുക്കാനുള്ള വിദ്യാഭ്യാസമാണ് മലയാളികൾ നേടേണ്ടത്. അതിനു കഴിയാത്തിടത്തോളം അധ്വാനിച്ചുണ്ടാക്കുന്ന പണം ഇതുപോലുള്ള തട്ടിപ്പുകാർ ചോർത്തുകതന്നെ ചെയ്യും.

# അന്ധവിശ്വാസത്തെ ശാസ്ത്രത്തിനുമേൽ പ്രതിഷ്ഠിക്കാൻ ശ്രമം: മുഖ്യമന്ത്രി

തൃശ്ശൂർ: ശാസ്ത്രവും അന്ധവിശ്വാസവും തമ്മിലുള്ള വേർതിരിവ് ഇല്ലാതാക്കി അന്ധവിശ്വാസത്തെ ശാസ്ത്രത്തിനുമേൽ പ്രതിഷ്ഠിക്കാനുള്ള ശ്രമങ്ങൾ നടക്കുകയാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. ഇതിനെതിരെ ശാസ്ത്രത്തിലൂന്നിയ ചെറുത്തുനിൽപ്പ് ഉണ്ടാകണം. ഉത്തരവാദിത്വമുള്ള സ്ഥാനങ്ങളിൽ ഇരിക്കുന്നവർതന്നെ അന്ധവിശ്വാസപ്രചാരകരായി മാറുമെന്നും അദ്ദേഹം പറഞ്ഞു.

37-ാമത് കേരള ശാസ്ത്ര കോൺഗ്രസ് വെള്ളാനിക്കരയിലെ കാർഷിക സർവകലാശാലയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ശാസ്ത്രജ്ഞരെക്കൊണ്ടുതന്നെ അശാസ്ത്രീയത പ്രചരിപ്പിക്കാനുള്ള വേദിയായി ദേശീയ ശാസ്ത്ര കോൺഗ്രസ് മാറിയെന്ന് അദ്ദേഹം കുറ്റപ്പെടുത്തി. 2015 മുതൽ 2020 വരെ നടന്ന ദേശീയ ശാസ്ത്ര കോൺഗ്രസിലെ അശാസ്ത്രീയപ്രസ്താവനകളും അന്ധവിശ്വാസ പ്രവണതകളും മുഖ്യമന്ത്രി അക്കമിട്ട് നിരത്തി.

ഗവേഷണ ഫലങ്ങളെ പൊതുസമൂഹത്തിലേക്കെത്തിക്കാൻ 200 കോടി രൂപ ചെലവിൽ കേരളത്തിലെ 10 സർവകലാശാലകളിൽ ട്രാൻസലേഷണൽ റിസർച്ച് ലാബുകൾ സ്ഥാപിക്കുമെന്നും മുഖ്യമന്ത്രി പറഞ്ഞു. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ക്ലൈമറ്റ് ചേഞ്ച് സ്റ്റഡീസ് തയ്യാറാക്കിയ കാലാവസ്ഥാപ്രസ്താവനയും മുഖ്യമന്ത്രി പ്രകാശനംചെയ്തു.

റവന്യൂ മന്ത്രി കെ. രാജൻ മുഖ്യാതിഥിയായി. ശാസ്ത്രകോൺഗ്രസിലെ പ്രബന്ധങ്ങളുടെ സംഗ്രഹരൂപം മന്ത്രി പ്രകാശനം ചെയ്തു.

പരിസ്ഥിതി കൗൺസിൽ വൈസ് പ്രസിഡണ്ടും ശാസ്ത്ര-സാങ്കേതിക വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുമായ പ്രൊഫ. കെ.പി. സുധീർ അധ്യക്ഷനായി. ശാസ്ത്രകോൺഗ്രസ് ചെയർമാൻ ഡോ. എം.കെ. ജയരാജ്, കാർഷിക സർവകലാശാലാ വൈസ് ചാൻസലർ ഡോ. ബി. അശോക് എന്നിവർ പ്രസംഗിച്ചു.



37-ാമത് കേരള ശാസ്ത്ര കോൺഗ്രസ് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യുന്നു.

# പോർവിമാനങ്ങൾ അണിനിരക്കുന്ന എയ്റോ ഇന്ത്യക്കു തുടക്കം

ബംഗളൂരു: ഏഷ്യയിലെതന്നെ ഏറ്റവും വലിയ വ്യോമാഭ്യാസ പ്രദർശനമായ 'എയ്റോ ഇന്ത്യ'യ്ക്ക് ബംഗളൂരുവിൽ തുടക്കമായി. പ്രതിരോധമന്ത്രി രാജ്നാഥ് സിംഗ് ഷോ ഉദ്ഘാടനം ചെയ്തു. രണ്ടു വർഷത്തിലൊരിക്കൽ നടക്കുന്ന എയ്റോ ഇന്ത്യ, വ്യോമയാന മേഖലയിലെ നൂതന സാങ്കേതികവിദ്യയുടെ പ്രദർശനത്തിനുള്ള വേദിയാണ്.

അത്യാധുനിക അഞ്ചാം തലമുറ യുദ്ധവിമാനങ്ങളായ റഷ്യയുടെ സു-57, യുഎസ് വ്യോമസേനയുടെ പോർമുനയായ ലൊക്കീഡ് മാർട്ടിന്റെ എഫ്-35, ലൈറ്റ്നിംഗ് 2 എന്നിവ പ്രദർശനത്തിനുണ്ട്. ഇതാദ്യമായാണ് ഈ രണ്ടു പോർവിമാനങ്ങൾ ഒരു വേദിയിൽ അണിനിരക്കുന്നത്.

ആണവായുധങ്ങൾ വഹിക്കാൻ ശേഷിയുള്ള ഇന്ത്യൻ വ്യോമസേനയുടെ സുഖോയ്-30 എംകെഐ, റഫാൽ തുടങ്ങിയവയും മേളയുടെ കരുത്താകും. 9 ഹോക്ക് എംകെ-132 ട്രെയിനർ വിമാനങ്ങൾ ഉൾപ്പെട്ട സൂര്യകിരൺ എയറോബാറ്റിക്സ് ടീമും ആകാശത്ത് അഭ്യാസക്കാഴ്ചകൾ രചിക്കും.


Law Office of
Sovmya George
IMMMIGRATION LAW FIRM
SERVICES:
Asylum
Cancellation of Removal
EB-1 | EB-2 | EB-3
EB-2 NIW
L-1A
Marriage-Based Green Card
Family-Based Green Card
U Visa
VAWA
U.S. Citizenship
Work Permit,
Re-entry Permit, etc.
"We Handle Cases
All Across the USA!"
-Sovmya George, Esq.
Contact:
www.lawofficesg.com
call/text: 972-905-0948
sovmya.george@lawofficesg.com
Read our stellar reviews


K.O. JOSE
&
ASSOCIATES, INC.
Certified Public Accountants
• Compilation
• Setup Small Business Corporations
• Personal & Business Income Taxes
• Free Electronic Filing
• Non-Profit Tax Exemption from IRS
• Install Accounting Packages
• Retirement and Estate Planning
K.O. JOSE, CPA
Tel: 847-724-3020 • Cell: 847-833-6038
CPA
America Counts on CPAs
taxaccount@sbcglobal.net
kalloorjose@gmail.com
website: www.kojose.com


B&M
AUTO COLLISION CTR
Anish Eapen and Bob Trytko want
to wish you a Happy New Year
Fast and
EFFICIENT
Quality
REPAIR
WE WORK WITH ALL INSURANCE COMPANIES,
CALL ANISH EAPEN @ 773-263-9863
4440 West Addison
Chicago, IL 60641
Tel: 773-685-3200
Fax: 773-685-7388
www.bmautocollision.com

## തോമസ് വർഗീസിന്റെ (ലൗലി ജൂവലേഴ്സ് ഉടമ) സംസ്കാര ചടങ്ങുകൾ ഫെബ്രുവരി 11-ന് ചിക്കാഗോയിൽ



ഫ്ളോറിഡ (നേപ്പിൾസ്): ഫ്ളോറിഡയിലെ നേപ്പിൾസിൽ അന്തരിച്ച ചിക്കാഗോയിലെ ലൗലി ജൂവലേഴ്സ് ഉടമ തോമസ് വർഗീസിന്റെ (കുഞ്ഞുമോൻ-75) അടുക്കാട്ടുതടത്തിൽ (അരുമച്ചാടത്ത്) സംസ്കാര ചടങ്ങുകൾ ഫെബ്രുവരി 11-ന് ചൊവ്വാഴ്ച രാവിലെ പത്തുമണിക്ക് ചിക്കാഗോ സെന്റ് തോമസ് സീറോ മലബാർ കത്തീഡ്രലിൽ നടക്കും. തുടർന്ന് നടത്തുന്ന പ്രാർത്ഥനാ ശുശ്രൂഷകൾക്ക് ശേഷം ഹിൽ സൈഡിലുള്ള ക്യൂൻ ഓഫ് ഹെവൻ കാത്തലിക് സെമിത്തേരിയിൽ സംസ്കാരം നടക്കും. ഫെബ്രുവരി 9-ന് ഞായറാഴ്ച ചിക്കാഗോ സെന്റ് തോമസ് സീറോ മലബാർ കത്തീഡ്രലിൽ വെച്ച് പൊതുദർശനം നടത്തപ്പെട്ടു. ഭാര്യ: ലീല വർഗീസ്. മക്കൾ: പരേതനായ സ്റ്റീവൻ വർഗീസ്, സിൻഡി വർഗീസ്. ലില്ലിക്കുട്ടി ജോസ് സഹോദരിയാണ്.

# കൊല്ലം – തേനി ദേശീയപാത 183: അലൈൻമെന്റിന് അംഗീകാരം

ചാരുംമൂട്: കൊല്ലം-തേനി ദേശീയപാത 183 നവീകരണവുമായി ബന്ധപ്പെട്ട് പുതുക്കിയ അലൈൻമെന്റിന് കേന്ദ്രസർക്കാരിന്റെ അന്തിമ അംഗീകാരം ലഭിച്ചു. 24 മീറ്റർ വീതിയിൽ നാലുവരി പാതയായി നിലവിലുള്ള പാത വികസിപ്പിക്കുന്നതിനാണ് അംഗീകാരം ലഭിച്ചത്. ഈയിടെ ഡൽഹിയിൽ ചേർന്ന ദേശീയപാത വിഭാഗം ഉന്നത ഉദ്യോഗസ്ഥരുടെ യോഗത്തിലാണ് അലൈൻമെന്റിന്റെ അന്തിമ അംഗീകാരം സംബന്ധിച്ചുള്ള തീരുമാനമായത്.

നേരത്തേ റോഡ് നവീകരണവുമായി ബന്ധപ്പെട്ട് അലൈൻമെന്റ് അന്തിമമായി അംഗീകരിക്കുന്നതിന് കൊടിക്കുന്നിൽ സുരേഷ് എംപി കേന്ദ്ര ഉപരിതല ഹൈവേ ഗതാഗതവകുപ്പ് മന്ത്രി നിതിൻ ഗഡ്കരിയെ സന്ദർശിച്ച് നടപടികൾ വേഗത്തിൽ ആക്കുന്നതിനുള്ള ഇടപെടൽ തേടിയിരുന്നു. അന്നത്തെ യോഗത്തിൽ അനുകൂലമായി പ്രതികരിച്ചിരുന്ന മന്ത്രി പദ്ധതിയുമായി ബന്ധപ്പെട്ട എസ്റ്റിമേറ്റ് അടക്കമുള്ള കാര്യങ്ങളിൽ വേഗത്തിൽ തീരുമാനമാക്കുമെന്ന് ഉറപ്പുനൽകിയിരുന്നു.



കൊല്ലം-തേനി ദേശീയപാത.

കൊല്ലം കടവൂരിൽനിന്ന് ആരംഭിച്ച് ചെങ്ങന്നൂർ മുളക്കുഴ ആഞ്ഞിലിമൂട്ടിൽ അവസാനിക്കുന്ന ആദ്യ സ്ട്രെച്ചിലെ റോഡ് നവീകരണത്തിനുള്ള അലൈൻമെന്റിനാണ് ഇപ്പോൾ അന്തിമ അംഗീകാരം ലഭിച്ചത്. കുണ്ടറ ചുറ്റുമല, കല്ലട, ഭരണിക്കാവ്, ചക്കുവള്ളി, താമരക്കുളം, ചാരുംമൂട് ചുനക്കര, മങ്കാംകുഴി, കൊല്ലകടവ് എന്നിവിടങ്ങളിൽ കൂടിയാണ് പാത കടന്നുപോകുന്നത്.

ദേശീയപാത 183-ന്റെ വികസനവുമായി ബന്ധപ്പെട്ട് റോഡ് ഉൾപ്പെടെയുള്ള ആദ്യഘട്ടത്തിൽ 75 ഹെക്ടർ സ്ഥലമാണ് ഏറ്റെടുക്കേണ്ടിവരുന്നത്. ഒരു വർഷംകൊണ്ട് ഭൂമി ഏറ്റെടുക്കൽ പൂർത്തിയാക്കി റോഡിന്റെ നിർമാണ പ്രവർത്തനങ്ങൾ ആരംഭിക്കാനാണ് ദേശീയപാത അധികൃതർ ലക്ഷ്യമിടുന്നത്.

പദ്ധതിയുമായി ബന്ധപ്പെട്ടിട്ടുള്ള ഭൂമിയെ സംബന്ധിച്ചിട്ടുള്ള വിവരങ്ങളും സർവേ നമ്പറുകളും ഇതിനോടകം ഭൂമി ഏറ്റെടുക്കുന്നതിനുള്ള ഭൂമിരാശി പോർട്ടലിൽ അപ്ഡേറ്റ് ചെയ്തു കഴിഞ്ഞു.

# സൈബർ കൊള്ള: നഷ്ടം 22,812 കോടി

ന്യൂഡൽഹി: കഴിഞ്ഞ വർഷം സൈബർ കുറ്റവാളികൾ ഇന്ത്യയിൽ തട്ടിയെടുത്തത് 22,812 കോടി രൂപയെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ കീഴിലുള്ള ദേശീയ സൈബർ റിപ്പോർട്ടിംഗ് പ്ലാറ്റ്ഫോമിന്റെ (എൻസിആർപി) കണക്ക്. ഇന്ത്യയിൽ സൈബർ കുറ്റകൃത്യങ്ങളിൽ കഴിഞ്ഞ വർഷം വൻ വർധനയാണുണ്ടായതെന്നും എൻസിആർപിയുടെ റിപ്പോർട്ടിൽ പറയുന്നു.

കഴിഞ്ഞ നാലുവർഷം കൊണ്ട് 33,165 കോടി രൂപയാണ് സൈബർ തട്ടിപ്പുകാർ ഇന്ത്യയിലെ ജനങ്ങളിൽനിന്നു കൈക്കലാക്കിയത്. 2021-ൽ 551 കോടി രൂപയും 2022-ൽ 2306 കോടി രൂപയും 2023-ൽ 7496 കോടി രൂപയുമാണ് സൈബർ തട്ടിപ്പിലൂടെ ജനങ്ങൾക്കു നഷ്ടമായത്.

സൈബർ കുറ്റകൃത്യങ്ങൾ പെരുകുന്ന ഇന്ത്യയിലെ 14 ഹോട്ട്സ്പോട്ട് നഗരങ്ങളിൽ കേരളത്തിൽനിന്ന് കോഴിക്കോടും ഉൾപ്പെടുന്നു. ബംഗളൂരു, കൊൽക്കത്ത, ജാർഖണ്ഡിലെ ദിയോഗഡ്, രാജസ്ഥാനിലെ ദീഗ്, ആൽവാർ, ജയ്പൂർ, ജോധ്പൂർ, ഹരിയാനയിലെ നൂഹ്, ഉത്തർപ്രദേശിലെ മഥുര, ഗൗതം ബുദ്ധ നഗർ, ഗുജറാത്തിലെ സൂറത്ത്, ബീഹാറിലെ നളന്ദ, നവാദ തുടങ്ങിയ നഗരങ്ങളാണു മറ്റു ഹോട്ട്സ്പോട്ടുകൾ. കഴിഞ്ഞ വർഷം മാത്രം ഇന്ത്യയിൽ 17,10,505 പരാതികളാണ് സൈബർ തട്ടിപ്പുകളുമായി ബന്ധപ്പെട്ടു ലഭിച്ചത്.

സൈബർ കുറ്റകൃത്യങ്ങൾ പെരുകുന്നത് തടയാൻ ഇ-എഫ്ഐആർ സംവിധാനം തുടങ്ങാൻ കേന്ദ്രം പദ്ധതിയിടുന്നുണ്ട്. ഇതിന്റെ ഭാഗമായി ഇന്ത്യയിൽ വ്യാപകമായി സൈബർ പോലീസ് സ്റ്റേഷനുകൾ തുടങ്ങാനും നീക്കമുണ്ട്.

തട്ടിപ്പുകൾക്ക് ഇരയാകുന്നവർക്ക് സൈബർ പോലീസ് സ്റ്റേഷനിൽ ഇ-എഫ്ഐആർ ഓൺലൈനായി രേഖപ്പെടുത്താനും തുടരന്വേഷണത്തിനായി കേന്ദ്രത്തിന് ഇ-എഫ്ഐആറുകൾ ബന്ധപ്പെട്ട പോലീസ് സ്റ്റേഷനുകൾക്ക് എളുപ്പത്തിൽ കൈമാറാനും കഴിയുന്നതുമാണ് സംവിധാനം.

സൈബർ തട്ടിപ്പുകൾ പെരുകുന്ന സാഹചര്യത്തിൽ കഴിഞ്ഞ ഡിസംബർ അവസാനം ഡൽഹിയിലെ നോർത്ത് ബ്ലോക്കിൽ കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ ഉന്നതതല യോഗം വിളിച്ചു ചേർത്തിരുന്നു. ഈ യോഗത്തിലാണ് ഇ-എഫ്ഐആർ സംവിധാനം തുടങ്ങാനുള്ള നിർദേശമുണ്ടായത്.

കഴിഞ്ഞ വർഷം സെപ്റ്റംബർ പത്തിനാണ് രജിസ്ട്രി പ്രവർത്തനസജ്ജമായത്. സംസ്ഥാനങ്ങൾക്കും കേന്ദ്രഭരണ പ്രദേശങ്ങൾക്കും കേന്ദ്ര അന്വേഷണ ഏജൻസികൾക്കും രഹസ്യാന്വേഷണ ഏജൻസികൾക്കും ഇത് ആക്സസ് ചെയ്യാൻ സാധിക്കും.

# വയോധികരായ മാതാപിതാക്കളുടെ സംരക്ഷണം നിയമപരമായ ഉത്തരവാദിത്വം

കൊച്ചി: വയോധികരായ മാതാപിതാക്കളെ അവഗണിക്കുന്നത് സമൂഹത്തിന്റെ അടിത്തറ ദുർബലപ്പെടുത്തുന്ന നടപടിയാണെന്ന് ഹൈക്കോടതി. വിശുദ്ധ ഗ്രന്ഥങ്ങൾ ഉദ്ധരിച്ചാണ് കോടതിയുടെ പരാമർശം.

വേദങ്ങളിലും ഉപനിഷത്തുകളിലും പിതാവ് ഈശ്വരതുല്യനാണെന്നാണ് പറയുന്നത്. മാതാപിതാക്കളെ നോക്കാത്ത മകൻ സ്വന്തം ധർമ്മമാണ് മറക്കുന്നത്. മാതാപിതാക്കളോട് കരുണ കാട്ടണമെന്ന് ബൈബിളും ഖുറാനും പറയുന്നു.

തങ്ങളെ കഷ്ടപ്പെട്ടു വളർത്തിയ പിതാവിന്റെ വാർദ്ധക്യകാലത്ത് അവരെ സംരക്ഷിക്കാൻ ആൺമക്കൾ ബാദ്ധ്യസ്ഥരാണ്. ധാർമ്മിക ചുമതല എന്നതിനേക്കാൾ സ്നേഹവും വാത്സല്യവും നല്കി സംരക്ഷണം നല്കുകയെന്നത് നിയമപരമായ ഉത്തരവാദിത്തമാണെന്നും ജസ്റ്റീസ് കൗസർ എടപ്പഗത്ത് വ്യക്തമാക്കി.

മലപ്പുറം വളാഞ്ചേരി എടയൂരിലെ 74-കാരന് ആൺമക്കൾ 20,000 രൂപ നല്കണമെന്ന് നിർദേശിച്ച് പുറപ്പെടുവിച്ച ഉത്തരവിലാണ് നിരീക്ഷണം. പിതാവിന് സ്വന്തം നിലയ്ക്ക് ജീവിക്കാനാകുമെന്ന മക്കളുടെ വാദം അംഗീകരിച്ച് തിരൂർ കുടുംബക്കോടതി പുറപ്പെടുവിച്ച ഉത്തരവ് സിംഗിൾ ബെഞ്ച് റദ്ദാക്കി. ആദ്യവിവാഹത്തിലുണ്ടായ മൂന്ന് ആൺമക്കളിൽ നിന്ന് സഹായം തേടിയാണ് ഹർജിക്കാരൻ കോടതിയെ സമീപിച്ചത്.

പ്രായാധിക്യംമൂലം ജോലി ചെയ്യാനാവുന്നില്ലെന്നും കുവൈറ്റിൽ നല്ല നിലയിൽ ജീവിക്കുന്ന മക്കളിൽ നിന്ന് സഹായം വേണമെന്നുമായിരുന്നു ആവശ്യം. 2013-ൽ ആദ്യ ഭാര്യയെ തലാക്ക് ചൊല്ലിയ ഇദ്ദേഹം രണ്ടാം ഭാര്യയ്ക്കൊപ്പമാണ് താമസിക്കുന്നത്.







# ചിക്കാഗോ മലയാളി അസ്സോസിയേഷൻ മുൻ ജനറൽ സെക്രട്ടറി ജോർജ് ഏബ്രഹാം ഇനി പത്തനംതിട്ട ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്

(ഒന്നാം പേജിൽ നിന്നും)

സെക്രട്ടറിയേറ്റ് മെമ്പർ, വിദ്യാർത്ഥി ആയിരിക്കുമ്പോൾ തന്നെ ചെറുകോൽ മണ്ഡലം സെക്രട്ടറി എന്നീ നിലകളിൽ പ്രവർത്തനം നടത്തിയതും സംസ്ഥാന തലത്തിൽ വരെ ശ്രദ്ധ നേടി. കെ.എം. മാണി എന്ന അതികായന്റെ പിന്തുണയും, ജനങ്ങളുടെ അംഗീകാരം കൂടി ആയപ്പോൾ അത് തന്റെ രാഷ്ട്രീയ വളർച്ചയ്ക്ക് തുടക്കമാവുകയും ചെയ്തു. പിന്നീട് റാന്നി ഡിവിഷനിൽനിന്ന് ജില്ലാ പഞ്ചായത്തിലേക്ക് തെരഞ്ഞെടുക്കപ്പെട്ടതും ഇപ്പോൾ പ്രസിഡന്റ് പദവിയിലേക്ക് പരിഗണിച്ചതും ഒരു സത്യസന്ധനായ രാഷ്ട്രീയക്കാരന് ലഭിച്ച അംഗീകാരമായി കണക്കാക്കാം.




പാർട്ടി ചെയർമാൻ ജോസ് കെ. മാണിയോടൊപ്പം

അമേരിക്കയിൽ എത്തിയതു മുതൽ ചിക്കാഗോ മലയാളി അസ്സോസിയേഷനുമായി ചേർന്ന് പ്രവർത്തിക്കുകയും, ഡയറക്ടർ ബോർഡിലും തുടർന്ന് സിഎംഎയുടെ ജനറൽ സെക്രട്ടറിയായി പ്രവർത്തിക്കുകയും ചെയ്തു. മാധ്യമ പ്രവർത്തകനും, കേരളാ എക്സ്പ്രസിന്റെ എക്സിക്യൂട്ടീവ് എഡിറ്ററുമായ ജോസ് കണിയാലി ആയിരുന്നു അന്ന് സിഎംഎയുടെ (1999-2000) പ്രസിഡന്റ്.

കെ.എം. മാണി, ജോസ് കെ. മാണി എന്നിവർ പങ്കെടുത്ത അസ്സോസിയേഷന്റെ മലയാളി സംഗമം എന്ന വാർഷിക സമ്മേളനം 2000-ൽ സംഘടിപ്പിച്ചത് ഇന്നും സന്തോഷത്തോടെ ഓർമ്മിക്കുന്നതായി ജോർജ് ഏബ്രഹാം പറഞ്ഞു. ചിക്കാഗോ മാർത്തോമാ പള്ളിയുടെ ട്രസ്റ്റിയായും അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്.

തന്റെ ഈ യാത്രയിൽ കൂട്ടായി ഭാര്യ സാറാമ്മ ജോർജ് (ഓമന) ഒപ്പം ഉണ്ട്. പരേതനായ ടിജു, ചിക്കാഗോയിൽ ജോലി നോക്കുന്ന ടോണി എന്നിവരാണ് മക്കൾ.



ജോസ് കണിയാലിയും ജോർജ് ഏബ്രഹാമും

ജോർജ് ഏബ്രഹാമിന്റെ ഈ സ്ഥാനലബ്ധിയിൽ ഒരു സുഹൃത്ത്, സഹപ്രവർത്തകൻ എന്നനിലയിൽ അഭിമാനം ഉണ്ടെന്നും ഇനിയും വലിയ പദവികൾ അദ്ദേഹത്തെ തേടിയെത്തും എന്നതിന്റെ തെളിവാണ് ഇപ്പോൾ ലഭിച്ച ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പദവി എന്ന് ജോസ് കണിയാലി പറഞ്ഞു.

തികഞ്ഞ സംഘാടകൻ, ആത്മാർത്ഥതയുള്ള വ്യക്തിത്വത്തിന് ഉടമ എന്നീ രണ്ട് ഘടകങ്ങൾ അദ്ദേഹത്തിനു കൈമുതലായി ഉള്ളതാണ് ഈ വിജയങ്ങൾക്ക് കാരണമെന്നും അദ്ദേഹം കൂട്ടി ചേർത്തു.







ഭാര്യ ഓമന, മകൻ ടോണി എന്നിവരോടൊപ്പം






# ഫാ. മൈക്കിൾ വെട്ടിക്കാട്ട് രാഷ്ട്രദീപിക മാനേജിംഗ് ഡയറക്ടർ

കോട്ടയം: രാഷ്ട്രദീപിക ലിമിറ്റഡ് കമ്പനിയുടെ മാനേജിംഗ് ഡയറക്ടറായി ഫാ. മൈക്കിൾ വെട്ടിക്കാട്ടിനെ നിയമിച്ചു. 2016 മുതൽ രാഷ്ട്രദീപിക ഡയറക്ടർ ബോർഡ് അംഗമായും 2019 മുതൽ എക്സിക്യൂട്ടീവ് ഡയറക്ടറായും പ്രവർത്തിച്ചുവരുന്ന ഫാ. മൈക്കിൾ വെട്ടിക്കാട്ട് ഫെബ്രുവരി 11-ന് മാനേജിംഗ് ഡയറക്ടറായി ചുമതലയേൽക്കും.

കോട്ടയം ജില്ലയിലെ നീണ്ടൂർ സ്വദേശിയായ ഫാ. മൈക്കിൾ വെട്ടിക്കാട്ട് 1993-ലാണ് കോട്ടയം അതിരൂപതാ വൈദികനായി പൗരോഹിത്യം സ്വീകരിച്ചത്. 2015 മുതൽ കോട്ടയം അതിരൂപതയുടെ പ്രൊ-പ്രോട്ടോസിഞ്ചലൂസായി സേവനം ചെയ്തുവരുന്നു. ഡൽഹി സെൻട്രൽ യൂണിവേഴ്സിറ്റിയിൽ നിന്നും സാമൂഹിക പ്രവർത്തനത്തിൽ ബിരുദാനന്തര ബിരുദവും മൈസൂർ വിനായക യൂണിവേഴ്സിറ്റിയിൽ നിന്നും മനഃശാസ്ത്രത്തിൽ എം.ഫിൽഉം നേടിയിട്ടുണ്ട്.



കോട്ടയം അതിരൂപതയുടെ അജപാലന കേന്ദ്രമായ തെള്ളകം ചൈതന്യയുടെ ഡയറക്ടറായി 15 വർഷക്കാലം പ്രവർത്തിച്ച ഫാ. മൈക്കിൾ സംസ്ഥാന സർക്കാരിന്റെ പങ്കാളിത്ത അനുമതി നേടി ചൈതന്യ കാർഷികമേളയെ മധ്യകേരളത്തിലെ ജനകീയ ഉത്സവമാക്കി മാറ്റി. അതിരൂപതയുടെ സാമൂഹിക സേവന പ്രസ്ഥാനങ്ങളായ മലബാർ സോഷ്യൽ സർവീസ് സൊസൈറ്റിയിൽ പതിനഞ്ച് വർഷവും നേതൃത്വം നല്കിയതിനോടൊപ്പം ഹൈറേഞ്ചിന്റെ സമഗ്രവികസനത്തിനായി ഗ്രീൻവാലി ഡെവലപ്മെന്റ് സൊസൈറ്റിയുടെ രൂപീകരണത്തിനും നേതൃത്വം നല്കി. കോട്ടയം സോഷ്യൽ സർവീസ് സൊസൈറ്റിയെ കേരളത്തിലെ ഏറ്റവും മികച്ച സന്നദ്ധ സംഘടനയായി ഉയർത്തുന്നതിനു നേതൃത്വം നല്കിയ അദ്ദേഹത്തിന് കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ പ്രത്യേക പുരസ്കാരങ്ങളും നിരവധി ദേശീയ അന്തർദ്ദേശീയ അവാർഡുകളും ലഭിച്ചിട്ടുണ്ട്. അന്ധ-ബധിര പുനരധിവാസ പ്രവർത്തനങ്ങൾക്ക് സുവിശേഷ പരിഗണന നല്കിയതുൾപ്പെടെ ഭിന്നശേഷിക്കാരുടെ സമഗ്ര സുസ്ഥിര പുനരധിവാസ പ്രവർത്തനങ്ങൾക്ക് ദേശീയ അംഗീകാരവും നേടിയിട്ടുണ്ട്. സീറോമലബാർ സഭയുടെ സാമൂഹിക സേവന ഡിപ്പാർട്ടുമെന്റായ സ്പന്ദന്റെ സ്ഥാപക കോ-ഓർഡിനേറ്ററായും കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ ജസ്റ്റീസ് പീസ് & ഡെവലപ്മെന്റ് കമ്മീഷന്റെ ജോയിന്റ് സെക്രട്ടറിയായും ആറുവർഷക്കാലം പ്രവർത്തിച്ചിട്ടുണ്ട്. കോട്ടയം അതിരൂപതാ സോഷ്യൽ ആക്ഷൻ കമ്മീഷൻ ചെയർമാൻ, ക്നാനായ അക്കാദമി ഫോർ റിസേർച്ച് ആൻഡ് ട്രെയിനിങ് ഡയറക്ടർ, ക്നാനായ സമുദായ സംഘടനകളായ ക്നാനായ കത്തോലിക്കാ കോൺഗ്രസ്, ക്നാനായ കാത്തലിക് വിമെൻസ് അസോസിയേഷൻ എന്നിവയുടെ ചാപ്ലെയിൻ, കെസിബിസി ജസ്റ്റീസ് പീസ് & ഡെവലപ്മെന്റ് കമ്മീഷന്റെ ഡിസാസ്റ്റർ മിറ്റിഗേഷൻ ടീം അംഗം തുടങ്ങിയ ഉത്തരവാദിത്വങ്ങളിലും ഫാ. മൈക്കിൾ വെട്ടിക്കാട്ട് നിലവിൽ ശുശ്രൂഷ ചെയ്തുവരുന്നു.

# മന്ത്രി വി.എൻ. വാസവൻ ഫൊക്കാന കേരളാ അംബാസിഡർ

ശ്രീകുമാർ ഉണ്ണിത്താൻ

ന്യൂയോർക്ക്: ഫൊക്കാനയുടെ കേരളാ അംബാസിഡർ ആയി കേരള സഹകരണ-ദേവസ്വം സ്പോർട്സ് മന്ത്രി വി.എൻ. വാസവൻ. മന്ത്രിയുമായി നേരിട്ട് നടത്തിയ ചർച്ചയുടെ ഫലമായി അദ്ദേഹം ആ സ്ഥാനം സന്തോഷപൂർവം സ്വീകരിക്കുകയായിരുന്നു. ആദ്യമായാണ് ഒരു കേരളമന്ത്രി ഫൊക്കാനയുടെ അംബാസിഡർ ആകുന്നത്.

അമേരിക്കൻ മലയാളികൾക്ക് കേരളത്തിലേക്കുള്ള പാലമാണ് ഫൊക്കാന. കേരളത്തിന്റെ പുരോഗമനത്തിനും വികസനത്തിനും ഒപ്പം നില്ക്കാൻ ഫൊക്കാനക്ക് സാധിച്ചത് അഭിമാനകരമായ കാര്യമാണെന്ന് മന്ത്രി വി.എൻ. വാസവൻ അഭിപ്രായപ്പെട്ടു. പൊതുവിദ്യാഭ്യാസ രംഗത്തും ആരോഗ്യമേഖലയിലും ഐടി മേഖലയിലും വന്ന മാറ്റങ്ങൾ ഉന്നത ജീവിതനിലവാരമുള്ള സമൂഹമായി കേരളത്തെ മാറ്റിത്തീർത്തു. കുടുംബത്തോടുള്ള സ്നേഹം, കടപ്പാട്, ആദരവ് എന്നിവയോടൊപ്പം കേരളത്തിന്റെ പുരോഗതിക്കും ഫൊക്കാനയുടെ പങ്ക് ഒരിക്കലും വിസ്മരിക്കാൻ ആവില്ല.

കേരളത്തിൽ നടന്ന ചർച്ചയിൽ ഫൊക്കാന പ്രസിഡണ്ട് സജിമോൻ ആന്റണി, സെക്രട്ടറി ശ്രീകുമാർ ഉണ്ണിത്താൻ, ട്രഷറർ ജോയി ചാക്കപ്പൻ, കേരള ട്രിബ്യൂണൽ ചെയർമാൻ ഡോ. മാത്യൂസ് കെ. ലൂക്ക് എന്നിവർ പങ്കെടുത്തു.

നിസ്വാർത്ഥമായ ജനസേവനങ്ങളിലൂടെയും ആത്മാർത്ഥമായ സമീപനങ്ങളിലൂടെയും സംശുദ്ധമായ പൊതുപ്രവർത്തനങ്ങളിലൂടെയും മുൻനിരനേതാക്കളിൽ ഒരാളായി മാറിയ വ്യക്തിയാണ് മന്ത്രി വി.എൻ. വാസവൻ. ഒരു സംഘടനയ്ക്ക് ഏറ്റവുമധികം ജനസ്വീകാര്യതയും വിസിബിലിറ്റിയും ഉണ്ടാകുന്നത് നല്ല സംഘാടകർ സംഘടനകളെ നയിക്കുമ്പോഴാണ്. അത്തരത്തിൽ മലയാളികൾക്കിടയിൽ മാറ്റത്തിന്റെ അലയൊലികൾ വലിയതോതിൽ സൃഷ്ടിച്ച വ്യക്തിയാണ് ബഹുമാന്യനായ മന്ത്രി വാസവൻ. അദ്ദേഹത്തിന് ഫൊക്കാന കേരളാ അംബാസിഡർ ആയി നിരവധി കാര്യങ്ങൾ ചെയ്യുവാൻ കഴിയുമെന്നും കേരളത്തിന്റെ പുരോഗതിക്ക് വളരെയധികം പ്രോജക്ടുകളും മറ്റ് സഹായങ്ങളും ഫൊക്കാന പ്ലാൻ ചെയ്യുന്നുണ്ടെന്നും പ്രസിഡണ്ട് സജിമോൻ ആന്റണി അറിയിച്ചു.







# 19–ാമത് ശാരോൺ ഫെല്ലോഷിപ്പ് ചർച്ചസ് കോൺഫറൻസ് ജൂലൈ 3 മുതൽ

ജെയിംസ് ഉമ്മൻ

ഡാളസ്: ശാരോൺ ഫെല്ലോഷിപ്പ് ചർച്ചസ് ഓഫ് നോർത്ത് അമേരിക്ക (SFCNA) 19-മത് ഫാമിലി കോൺഫറൻസ് 2025 ജൂലൈ 3 മുതൽ 6 വരെ ഡാളസിലെ ശാരോൺ ഇവന്റ് സെന്ററിൽ (940 ബാർണസ് ബ്രിഡ്ജ് റോഡ്, മെസ്ക്വിറ്റ് TX 75150) നടക്കും. 'വരുവിൻ, നമുക്ക് ദൈവവുമായി ഒരുമയിൽ നടക്കാം' (ആമോസ് 3:3) എന്നുള്ളതാണ് കോൺഫറൻസ് തീം.

കോൺഫറൻസിന്റെ വിവിധ സെഷനുകളിൽ റവ. ജോ തോമസ് (ബെംഗ്ളൂരു), റവ. സജോ തോണികുഴിയിൽ, റവ. ജോൺ തോമസ് (SFC ഇന്റർനാഷണൽ സെക്രട്ടറി), റവ.ഡോ. റ്റിങ്കു തോംസൺ (പ്രസിഡണ്ട്, SFCNA), ഡോ. അനു കെനത്ത് (ജർമ്മനി), ഡോ. നിരൂപ് ആൽഫോൺസ് (കോളറാഡോ എന്നിവർ ദൈവവചനം ശുശ്രൂഷിക്കുന്നതായിരിക്കും.

ഡോ. ബ്ലെസ്സൺ മേമന (യുകെ), റവ. ദിലീപ് കുര്യൻ (ചിക്കാഗോ) എന്നിവർ ഗാനശുശ്രൂഷകൾക്ക് നേതൃത്വം നല്കും.

കഴിഞ്ഞ ഒക്കലഹോമ കോൺഫറൻസിൽ അനേകം കുഞ്ഞുങ്ങളെ ക്രിസ്തുവിലേക്ക് നയിച്ച റോബർട്ട് & ജാൻ ടീൽ ഈ കോൺഫറൻസിലും കുഞ്ഞുങ്ങളുടെ മിനിസ്ട്രിക്ക് നേതൃത്വം നല്കും.

കോൺഫറൻസിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി നാഷണൽ കമ്മിറ്റിയും ലോക്കൽ കമ്മിറ്റിയും SFCNA എക്സിക്യൂട്ടീവ് ബോർഡും പ്രവർത്തിച്ചുവരുന്നു.

കോൺഫറൻസിന്റെ ഒരുക്കങ്ങൾ പുരോഗമിക്കുന്നതായും മാർച്ച് മുതൽ രജിസ്ട്രേഷൻ ആരംഭിക്കുന്നതിനു വേണ്ട ക്രമീകരണങ്ങൾ ചെയ്തുവരുന്നതായി നാഷണൽ കമ്മിറ്റി ഭാരവാഹികൾ അറിയിച്ചു.

പാസ്റ്റർ സ്റ്റീഫൻ വർഗീസ് (നാഷണൽ കൺവീനർ), പാസ്റ്റർ വിൽസൺ ജോർജ് (ജോയിന്റ് കൺവീനർ), ബ്രദർ ജെയിംസ് ഉമ്മൻ (നാഷണൽ സെക്രട്ടറി),മേബിൾ തോമസ് (ട്രഷറർ), ബ്രദർ ജിംസ് മേടമന (ജോ. ട്രഷറർ), പാസ്റ്റർ എബിൻ അലക്സ് (മീഡിയ കോ-ഓർഡിനേറ്റർ), സിസ്റ്റർ സിബി ജോസഫ് (ലേഡീസ് കോ-ഓർഡിനേറ്റർ), ബ്രദർ ബ്രാഡ്ലി മാത്യു (യൂത്ത് കോ-ഓർഡിനേറ്റർ) എന്നിവർ നാഷണൽ കമ്മിറ്റിക്ക് നേതൃത്വം നല്കുന്നു.

പാസ്റ്റർ ഫിന്നി വർഗീസിന്റെയും പാസ്റ്റർ തോമസ് ജോൺസന്റെയും നേതൃത്വത്തിൽ ലോക്കൽ കമ്മിറ്റി ക്രമീകരണങ്ങൾക്ക് തുടക്കം കുറിച്ചു.

പങ്കെടുക്കുവാൻ താല്പര്യമുള്ളവർ കൂടുതൽ വിവരങ്ങൾക്കായി വെബ്സൈറ്റ് സന്ദർശിക്കുക:

www.sharonconferences.com

# ഇന്ത്യക്കാരെ വിലങ്ങിട്ടു നാടുകടത്തിയതിൽ വൻ പ്രതിഷേധം



അമേരിക്കയിൽനിന്ന് നാടുകടത്തപ്പെട്ടവർ ഗുജറാത്തിലെ അഹമ്മദാബാദ് വിമാനത്താവളത്തിലെത്തിയപ്പോൾ.

ന്യൂഡൽഹി: അനധികൃതമായി കുടിയേറിയതിന് യുഎസ് പുറത്താക്കിയ 104 ഇന്ത്യക്കാർ തിരികെ എത്തി. പഞ്ചാബിലെ അമൃത്സറിലാണ് യുഎസ് വ്യോമസേനയുടെ വിമാനം ഇവരുമായി എത്തിയത്. 25 വനിതകളും പ്രായപൂർത്തിയാകാത്ത 12 പേരും സംഘത്തിലുണ്ട്. തൊഴിൽ വിസയുടെ കാലാവധി കഴിഞ്ഞും യുഎസിൽ തുടർന്നവരും ഒഴിപ്പിച്ചവരിൽ ഉൾപ്പെടുന്നു. ഗുജറാത്ത്, ഹരിയാന സ്വദേശികളായ 33 പേരും പഞ്ചാബിൽനിന്നുള്ള 30 പേരുമാണ് മടങ്ങിയെത്തിയത്. മൂന്ന് പേർ വീതം യുപി, മഹാരാഷ്ട്ര സ്വദേശികളും. മടങ്ങിയെത്തിയവരുടെ കണക്ക് സർക്കാർ ഔദ്യോഗികമായി പുറത്തുവിട്ടിട്ടില്ല. ഇവരുടെ വിശദാംശങ്ങളും മറ്റും പരിശോധിച്ചശേഷം വീടുകളിലേക്ക് അയയ്ക്കുമെന്നാണു പഞ്ചാബ് പോലീസ് നൽകുന്ന വിവരം.

അതിനിടെ അമേരിക്കയിൽനിന്ന് സൈനികവിമാനത്തിൽ 104 ഇന്ത്യക്കാരെ മനുഷ്യത്വരഹിതമായി നാടുകടത്തിയ രീതിക്കെതിരെ പാർലമെന്റിലും പുറത്തും വൻ പ്രതിഷേധം. ലോക്സഭയിലും രാജ്യസഭയിലും അമേരിക്കൻ നടപടിക്കെതിരെ വിശദീകരണം ആവശ്യപ്പെട്ട് സംയുക്ത പ്രതിപക്ഷം ഒന്നടങ്കം പ്രതിഷേധിച്ചു. ബഹളത്തെത്തുടർന്ന് ഇരുസഭകളിലും നടപടികൾ പാടേ സ്തംഭിച്ചു. ഈ വിഷയത്തിൽ ചർച്ച ആവശ്യപ്പെട്ട് കെ.സി. വേണുഗോപാലും ഗൗരവ് ഗൊഗോയിയും ഇന്ത്യ സഖ്യത്തിലെ മറ്റ് എംപിമാരും നോട്ടീസ് നൽകിയ അടിയന്തരപ്രമേയത്തിന് സ്പീക്കർ അനുമതി നിഷേധിച്ചു.

വിശദീകരണത്തിനായി വിദേശകാര്യമന്ത്രി എത്തുംവരെ ലോക്സഭാ നടപടികൾ പൂർണമായി തടസപ്പെട്ടു. മന്ത്രിയുടെ വിശദീകരണം തൃപ്തികരമല്ലെന്നും അംഗീകരിക്കാനാകില്ലെന്നും പറഞ്ഞ് പ്രതിപക്ഷം ബഹളം വെക്കുന്നതിനിടെ, ജയശങ്കർ പ്രസ്താവന പൂർത്തിയാക്കി. പാർലമെന്റ് സമ്മേളനം തുടങ്ങുന്നതിനുമുമ്പ് പ്രതിപക്ഷ എംപിമാർ പ്രധാന കവാടത്തിനു മുന്നിൽ പ്ലക്കാർഡുകളും മുദ്രാവാക്യങ്ങളുമായി പ്രതിഷേധിച്ചു.

പ്രശ്നം ഗൗരവമുള്ളതാണെങ്കിലും വിദേശനയത്തിന്റെ കാര്യമാണെന്നു പറഞ്ഞ ലോക്സഭാ സ്പീക്കർ ഓം ബിർല പക്ഷേ, അടിയന്തര പ്രമേയത്തിനോ പ്രശ്നം ഉന്നയിക്കുന്നതിനോ അനുമതി നൽകിയില്ല. ഇതേത്തുടർന്നു പ്രതിപക്ഷം നടുത്തളത്തിലിറങ്ങി പ്രതിഷേധിച്ചതോടെ സഭ പിരിഞ്ഞു.

രാജ്യസഭയിലും പ്രശ്നം ചർച്ച ചെയ്യാൻ ചെയർമാൻ ജഗദീപ് ധൻകർ അനുവദിച്ചില്ല. പ്രതിപക്ഷം പ്രതിഷേധിച്ചതോടെ രാജ്യസഭയും നിർത്തിവെച്ചു.

ഇന്ത്യയെയും ഇന്ത്യൻ പൗരരെയും അപമാനിച്ചത് അംഗീകരിക്കാനാകില്ലെന്ന് പ്രതിപക്ഷ നേതാക്കളായ മല്ലികാർജുൻ ഖാർഗെയും രാഹുൽഗാന്ധിയും പറഞ്ഞു.

അമേരിക്കക്കു മുന്നിൽ കേന്ദ്രസർക്കാർ കീഴടങ്ങിയെന്നു പ്രതിപക്ഷം ആരോപിച്ചു. ഡോണൾഡ് ട്രംപുമായി ചർച്ച നടത്താൻ പ്രധാനമന്ത്രി അമേരിക്കയിലേക്കു പോകുന്നതിനു ദിവസങ്ങൾ ശേഷിക്കേയാണ് ഇന്ത്യയെ അപമാനിച്ചത്. വലിയ സാമ്പത്തികശക്തിയാണെന്നും അമേരിക്കയുടെ സുഹൃത്താണെന്നും പറയുന്ന ഇന്ത്യക്ക് ഇതിനെ ചെറുക്കാനായില്ല. അമേരിക്കൻ നടപടിയെ അപലപിക്കാൻ പോലും സർക്കാർ ഭയക്കുകയാണ്.

യുദ്ധവിമാനത്തിൽ ഇവരെ അയച്ചതിൽ ഉൾപ്പെടെ പല ഭാഗങ്ങളിൽനിന്നും പ്രതിഷേധം ഉയരുമ്പോഴും എത്ര പേർ എത്തി, ഇവർക്ക് എന്തു സൗകര്യം ലഭ്യമാക്കി, യുഎസുമായുള്ള ആശയവിനിമയം എന്നീ വിഷയങ്ങളിലെല്ലാം കേന്ദ്രം മൗനം പാലിക്കുകയാണ്.

# ശാസ്ത്രത്തിൽ എന്തിനു വിശ്വസിക്കണം?

**ഷീൻ ഇ.എം.**
**Wise-PhD Fellow,**
**DST/WISE-PhD/PM/2023/54(G)**

പല കാര്യങ്ങളും മാറ്റിമാറ്റി പറയുന്ന, എല്ലാ ചോദ്യങ്ങൾക്കും ഉത്തരങ്ങൾ തരാൻ സാധിക്കാത്ത ശാസ്ത്രത്തിനെ പൂർണ്ണമായും എന്തിന് വിശ്വസിക്കണം?

ശാസ്ത്രം എന്നാൽ എന്താണെന്ന് മനസ്സിലാക്കിയാൽ പിന്നെ ഇത്തരം ചോദ്യങ്ങൾക്ക് തന്നെ അടിസ്ഥാനം ഇല്ലാതാകും. വിശ്വാസബന്ധിതമല്ല ശാസ്ത്രം. പരീക്ഷണ നിരീക്ഷണങ്ങളാൽ ലഭിക്കുന്ന തെളിവുകളുടെ അപഗ്രഥനത്തിലൂടെ യാഥാർത്ഥ്യത്തിലേക്ക് നയിക്കുന്ന ഒരു യാത്രയാണ് ശാസ്ത്രം. സത്യാന്വേഷണത്തിലേക്കുള്ള ആ യാത്ര ഒരിക്കലും അവസാനിക്കുന്നില്ല; അത് തുടർന്നുകൊണ്ടേയിരിക്കും. ആരൊക്കെ എതിർത്താലും ആരൊക്കെ പങ്കെടുത്തില്ലേലും ആ യാത്രയ്ക്കുവേണ്ടി പലരും ഉണ്ടായിരിക്കും. അതിനുവേണ്ടിയുള്ള തയ്യാറെടുപ്പുകൾ ലോകത്തിന്റെ പല കോണുകളിൽ നിന്ന് നടന്നുകൊണ്ടേയിരിക്കം. ചിലർ പാതിവഴി പിരിഞ്ഞുപോകും. ചിലർ തങ്ങൾ നടന്നതോ മറ്റുള്ളവർ നടന്നതോ ആയ ആ വഴികളിലൂടെ പല ആവർത്തി നടന്നു നോക്കിക്കൊണ്ടേയിരിക്കും. ചിലരാകട്ടെ മറ്റുള്ളവർ പറഞ്ഞുതന്ന ലക്ഷ്യസ്ഥാനത്തുനിന്ന് വീണ്ടും അടുത്ത ലക്ഷ്യസ്ഥാനത്തിലേക്ക് മുന്നേറിക്കൊണ്ടേയിരിക്കും. ആ യാത്രയിലെ പഥികരാണ് ശാസ്ത്രജ്ഞന്മാർ.

ഭൂമി സൂര്യനെ ചുറ്റുന്നു എന്നുള്ള ആശയത്തെ പിന്താങ്ങിയ ഗലീലിയോ ഗലീലിയെ ഇന്നത്തെ സമൂഹം 'ആധുനിക ശാസ്ത്രത്തിന്റെ പിതാവ്' എന്ന് ആദരിക്കുമ്പോൾ 1633-ലെ സമൂഹം ശിഷ്ടകാലം തടങ്കൽ ശിക്ഷയാണ് അദ്ദേഹത്തിന് സമ്മാനിച്ചത്. 1642 ജനുവരി 8-നു അദ്ദേഹം വീട്ടുതടങ്കലിൽ വെച്ച് മരണപ്പെട്ടു. കാലതാമസം എത്ര വന്നാലും ശരി, കിട്ടിയ ഉത്തരങ്ങളെ വീണ്ടും ക്രമപ്പെടുത്തി സംശുദ്ധീകരിച്ച് മുന്നേറുന്ന ശാസ്ത്രം നിഗൂഢതകളുടെ മറനീക്കുമ്പോൾ അത് കണ്ടു നിൽക്കുവാൻ തക്കവണ്ണം പാകപ്പെട്ട ഒരു മനസ്സ് ഉണ്ടാവുക എന്നതും അത്യാവശ്യമണ്. ശാസ്ത്രം നമ്മളെ പതുക്കെ യാഥാർത്ഥ്യത്തിലേക്ക് നയിക്കുമ്പോൾ, അതിനുവേണ്ടി അന്വേഷണത്വരയും നവീകരണ ബോധവും നമുക്ക് ഉണ്ടാവണം. അതുതന്നെയാണ് നമ്മുടെ ഭരണഘടന നമ്മളോട് ആവശ്യപ്പെടുന്നതും (ആർട്ടിക്കിൾ 51 A(h)).

ശാസ്ത്രം നിലയ്ക്കാത്ത ഒരു അന്വേഷണം ആയതുകൊണ്ടാണ്, അതിനെതിരെ ഉയർന്നുവരുന്ന പല ചോദ്യങ്ങളും ആ ചോദ്യങ്ങൾക്ക് തന്നെ ഘടകവിരുദ്ധമായി മാറുന്നത്. ചില വിഷയങ്ങളിൽ ഈ അന്വേഷണത്തിന് ഒരു അവസാനമുണ്ട്. എന്നാൽ മറ്റു ചില വിഷയങ്ങളിൽ അതിന്റെ സ്വഭാവ വിശേഷണങ്ങളാൽ തന്നെ അതിന് അവസാനം ഇവിടെയാണ് എന്ന് പറയുവാൻ പറ്റുകയില്ല. അന്വേഷണം തുടർന്നുകൊണ്ടേയിരിക്കും, ചിത്രം തെളിഞ്ഞുകൊണ്ടേയിരിക്കും.

# സോമനാഥിന് കേരള ശാസ്ത്ര പുരസ്കാരം

തൃശൂർ: 2023-ലെ കേരള ശാസ്ത്രപുരസ്കാരം ( രണ്ട് ലക്ഷം രൂപ) ഐഎസ്ആർഒ മുൻ ചെയർമാൻ എസ്. സോമനാഥനു നല്കുമെന്നു ശാസ്ത്ര കോൺഗ്രസ് വേദിയിൽ മുഖ്യമന്ത്രി പിണറായി വിജയൻ പ്രഖ്യാപിച്ചു. 1985-ൽ വിക്രം സാരാഭായ് സ്പേസ് സെന്ററിൽ സേവനമാരംഭിച്ച ഡോ. സോമനാഥ് വലിയമല ലിക്വിഡ് പ്രൊപ്പൽഷൻ സിസ്റ്റംസ് സെന്റർ, തിരുവനന്തപുരം വിഎസ്എസ്സി എന്നിവയുടെ ഡയറക്ടറായിരുന്നു. 2022 ജനുവരി 15-ന് ഐഎസ്ആർഒ ചെയർമാനായി. കഴിഞ്ഞ ജനുവരി 14-ന് സ്ഥാനമൊഴിഞ്ഞു.



# ഫോമാ സെൻട്രൽ റീജിയൻ അന്താരാഷ്ട്ര വനിതാ ദിനാഘോഷം ഫെബ്രുവരി 23-ന്

**അച്ചൻകുഞ്ഞ് മാത്യു**

ചിക്കാഗോ: ഫോമാ സെൻട്രൽ റീജിയന്റെ ആഭിമുഖ്യത്തിൽ അന്താരാഷ്ട്ര വനിതാ ദിനാഘോഷ പരിപാടികൾ ഫെബ്രുവരി 23-ന് ഞായറാഴ്ച വൈകുന്നേരം ആറിന് ചിക്കാഗോ മലയാളി അസോസിയേഷൻ ഹാളിൽ വെച്ച് നടത്തപ്പെടുന്നതാണ്.

വനിതകൾക്കായി ആർച്ച അജയ് വെൽനെസ് ക്ലാസ് നടത്തും. കുക്കിംഗ് ക്ലാസ്, ഗെയിംസ് തുടങ്ങിയ വൈവിധ്യമാർന്ന പ്രോഗ്രാമുകളാണ് നടത്തപ്പെടുക. ചിക്കാഗോയിലെ എല്ലാ വനിതകളെയും പ്രോഗ്രാമിലേക്ക് ക്ഷണിക്കുന്നു.

കഴിഞ്ഞ കാലങ്ങളിൽ ഫോമാ സെൻട്രൽ റീജിയന്റെ പ്രവർത്തനങ്ങൾ ദേശീയതലത്തിൽ തന്നെ ശ്രദ്ധയാകർഷിച്ചിരുന്നു.

സെമിനാറുകൾ, ചർച്ചാ ക്ലാസുകൾ, കുക്കിംഗ് ക്ലാസ് തുടങ്ങിയ നിരവധി പരിപാടികൾക്ക് വിമൻസ് ഫോറം കമ്മിറ്റി ഇതിനോടകം രൂപരേഖ തയാറാക്കിയിട്ടുണ്ട്.

വിമൻസ് ഫോറം ചെയർ ഡോ. റോസ് വടകര, വൈസ് ചെയർ ഡോ. സിബിൾ ഫിലിപ്പ്, സെക്രട്ടറി ശാന്തി ജെയ്സൻ, ജോയിന്റ് സെക്രട്ടറി ലിന്റാ ജോസ്, ട്രഷറർ ജോയിസ് ചെറിയാൻ, ജോയിന്റ് ട്രഷറർ ലിസി പീറ്റേഴ്സ്, വിമൻസ് ഫോറം കോ-ഓർഡിനേറ്റർ ആഗ്നസ് മാത്യു, കൾച്ചറൽ കമ്മിറ്റി ചെയർ സാറാ അനിൽ, കോ-ഓർഡിനേറ്റർ ഷാന മോഹൻ, നിശാന്ത് ആചാരി, സിനിൽ ഫിലിപ്പ്, കോ-ഓർഡിനേറ്റർ ഷൈനി ഹരിദാസ്, കമ്മിറ്റി അംഗങ്ങളായ ജിൽബി സുഭാഷ്, ഫിലോമിന കുരിശുങ്കൽ, ബീന ജോർജ്, ഡെൽസി മാത്യു, ജിനു ജോസ്, ജോർളി തരിയത്ത്, ഡയാന സ്കറിയ എന്നിവരടങ്ങുന്ന കമ്മിറ്റി വനിതാദിനാഘോഷത്തിന് നേതൃത്വം നൽകും.

ഫോമാ സെൻട്രൽ റീജിയൻ പ്രസിഡണ്ട് ജോൺസൺ കണ്ണൂക്കാടൻ, ചെയർ ആന്റോ കവലയ്ക്കൽ, സെക്രട്ടറി അച്ചൻകുഞ്ഞ് മാത്യു, ട്രഷറർ രാജൻ തലവടി, പ്രോഗ്രാം കോ-ഓർഡിനേറ്റർ സാബു കട്ടപ്പുറം എന്നിവരടങ്ങുന്ന ഭരണസമിതി പരിപാടിക്ക് എല്ലാവിധ പിന്തുണയുമായി രംഗത്തുണ്ട്.

വനിതാ ദിനാഘോഷ പരിപാടിയിലേക്ക് എല്ലാ വനിതകളേയും സംഘാടകസമിതി സ്വാഗതം ചെയ്യുന്നു.


ആർച്ച അജയ്


ഡോ. റോസ് വടകര


ഡോ. സിബിൾ ഫിലിപ്പ്


ശാന്തി ജെയ്സൻ


ജോയിസ് ചെറിയാൻ

## പ്രവാസികൾക്കായി ലോകകേരള കേന്ദ്രം

തിരുവനന്തപുരം: പ്രവാസികൾക്കു സ്വദേശവുമായുള്ള ബന്ധം പ്രോത്സാഹിപ്പിക്കുന്നതിനു ലോകകേരള കേന്ദ്രങ്ങൾ ആരംഭിക്കണമെന്നു നിർദേശം. താമസസൗകര്യം, കേരളീയ ഭക്ഷണശാലകൾ, നാടൻ ഉൽപന്നങ്ങളുടെയും കരകൗശല വസ്തുക്കളുടെയും വിപണനശാലകൾ, നാടൻ കലാരൂപങ്ങളുടെ അവതരണം, ടൂർ പാക്കേജുകൾ എന്നിവ ഈ കേന്ദ്രങ്ങളിൽ ലഭ്യമാക്കണം.

പ്രവാസി സംഘടനകളുടെ ദേശ സന്ദർശന പരിപാടികൾക്കു ടൂറിസം വകുപ്പ് ഇൻസെന്റീവ് അനുവദിക്കും. സ്വന്തം പാർപ്പിടം വാങ്ങാനും പ്രായമായവർക്കുള്ള അസിസ്റ്റഡ് ലിവിങ് സൗകര്യം ഒരുക്കാനും ഈ പദ്ധതിയിലൂടെ കഴിയണം. അഞ്ച് കോടി രൂപ വകയിരുത്തി. 2023-ലെ കേരള മൈഗ്രേഷൻ സർവേ പ്രകാരം ഇന്ത്യയിലേക്കു പ്രവാസികൾ അയയ്ക്കുന്ന പണത്തിന്റെ 21 ശതമാനം മലയാളികളുടേതാണ്.

## ധാക്കയിൽ മുജീബ് സ്മാരകം ഇടിച്ചുനിരത്തി

ന്യൂഡൽഹി: ബംഗ്ലാദേശ് രാഷ്ട്രപിതാവ് ഷെയ്ഖ് മുജീബുർ റഹ്മാന്റെ സ്മാരകം ഉൾപ്പെടെ ഷെയ്ഖ് ഹസീനയുടെയും അവാമി ലീഗ് പാർട്ടിയുമായും ബന്ധപ്പെട്ട കെട്ടിടങ്ങളും വീടുകളും തകർത്തു തീയിട്ട ബംഗ്ലാദേശിൽ വിദ്യാർത്ഥി പ്രക്ഷോഭം വീണ്ടും ശക്തിപ്രാപിക്കുകയാണ്.

അധികാരം നഷ്ടപ്പെട്ട് രാജ്യംവിട്ട മുൻ പ്രധാനമന്ത്രി ഷെയ്ഖ് ഹസീനയുടെ ഇന്ത്യയിൽ നിന്നുള്ള ഓൺലൈൻ പ്രസംഗത്തിനു മുന്നോടിയായി നടന്ന ബുൾഡോസർ റാലിയാണ് ധാക്കയിലെ മുജീബ് സ്മാരകത്തിനു തീവെച്ചത്. ഹസീന വളർന്ന വീടാണിത്.

ആൾക്കൂട്ടം ബുൾഡോസർ ഉപയോഗിച്ച് വീട് ഇടിച്ചുനിരത്തിയശേഷം തീയിട്ടു. അതേ വളപ്പിലുണ്ടായിരുന്ന അവാമി ലീഗ് ഓഫീസും തകർത്തു. ഹസീനയുടെ ഭർത്താവ് വാജിദ് മിയാന്റെ വസതിയായ സുധ സദനും തീയിട്ടു. കഴിഞ്ഞവർഷം ഓഗസ്റ്റ് 5-ന് ഹസീന രാജ്യംവിട്ടതിനുശേഷം സുധ സദൻ ഒഴിഞ്ഞുകിടക്കുകയായിരുന്നു. ബംഗ്ലാദേശ് ഭീകരരുടെ നാടായി മാറിയെന്ന് ഓൺലൈൻ പ്രസംഗത്തിൽ ഹസീന (77) ആരോപിച്ചു. 'അവർക്ക് കെട്ടിടം തകർക്കാം. പക്ഷേ, ചരിത്രത്തെ തകർക്കാനാകില്ല. ചരിത്രം പ്രതികാരം ചെയ്യുമെന്ന കാര്യവും അവർ മറന്നുകൂടാ' ഹസീന പറഞ്ഞു.

## സണ്ണി വള്ളിക്കളത്തെ ആദരിച്ചു




ചങ്ങനാശേരി: ഫോമാ മുൻ വൈസ് പ്രസിഡണ്ട് ചങ്ങനാശേരി സ്വദേശി സണ്ണി വള്ളിക്കളത്തെ സുഹൃദ് സമിതി ആദരിച്ചു.

ജോബ് മൈക്കിൾ എംഎൽഎ ഉപഹാരം സമ്മാനിച്ചു.

ട്രിവാൻഡ്രം സ്പിന്നിംഗ് മിൽ ചെയർമാൻ സണ്ണി തോമസ് അദ്ധ്യക്ഷത വഹിച്ചു.

വി.ജെ. ലാലി, സോണി മാറാട്ടുകുളം, ഷാജി തൂമ്പുങ്കൽ, ജെമിനി പുളിമൂട്ടിൽ, വിനോദ് വെട്ടികാട് എന്നിവർ പ്രസംഗിച്ചു. സണ്ണി വള്ളിക്കളം മറുപടി പ്രസംഗം നടത്തി.


FAMILY DENTAL
GENERAL DENTISTRY
COSMETIC DENTISTRY
IMPLANT, GUM SURGERY
ORTHODONTIC TREATMENT
WISDOM TOOTH EXTRACTIONS
552 S WASHINGTON ST., SUITE # 101,
NAPERVILLE, ILLINOIS 60540
PHONE: 630 999 1976
Children Welcome
Invisalign & Braces
9709 N. MILWAUKEE AVE.
GLENVIEW, ILLINOIS 60025
PHONE: 847 581 1418
(NORTHWEST CORNER OF MILWAUKEE & GREENWOOD)


DR. SUSAN EDUKUTHARAYIL BDS, DDS
DR. SUSMITHA EDUKUTHARAYIL DMD
Appointment, Visit: MyDentistToday.com MONDAY - SATURDAY

ACHIEVE REAL ESTATE GROUP, INC.
For All Your Real Estate Needs
Please Call ...
THOMAS KURUVILLA
KARIKULAM
Real Estate Broker
1-847-219-6050
834 Rand Rd Mount Prospect IL 60056

FULL TIME REALTOR

# ചിക്കാഗോ സോഷ്യൽ ക്ലബ്ബിന്റെ 7-ാമത് പ്രസിഡന്റ് റൊണാൾഡ് പൂക്കുമ്പേൽ

മാത്യു തട്ടാമറ്റം

ചിക്കാഗോ: നോർത്തമേരിക്കയിലെ ക്ലബ്ബ് എന്ന ആശയത്തിനും ചാരിറ്റി പ്രവർത്തനങ്ങൾക്കും തുടക്കം കുറിച്ച ചിക്കാഗോ സോഷ്യൽ ക്ലബ്ബിന്റെ ഏഴാമത് പ്രസിഡന്റായി റൊണാൾഡ് പൂക്കുമ്പേലിനെ ക്ലബ്ബ് ആസ്ഥാനത്ത് മുൻ പ്രസിഡന്റ് സിബി കദളിമറ്റത്തിന്റെ അദ്ധ്യക്ഷതയിൽ കൂടിയ പൊതുയോഗത്തിൽ ഐകകണ്ഠ്യേന അടുത്ത രണ്ടുവർഷത്തേക്ക് തെരഞ്ഞെടുത്തു.

വൈസ് പ്രസിഡന്റായി സണ്ണി ഇണ്ടിക്കുഴിയും ജനറൽ സെക്രട്ടറിയായി രാജു മാനുങ്കലും ട്രഷറർ ആയി ബിജോയി കാപ്പനും ജോയിന്റ് സെക്രട്ടറിയായി തോമസ് പുത്തേത്തിനെയും തെരഞ്ഞെടുത്തു.

ചിക്കാഗോയിൽ വളർന്നുവരുന്ന യുവ ബിസിനസുകാരനും നോർത്തമേരിക്കയിൽ അറിയപ്പെടുന്ന കമന്റേറിയനുമായ റൊണാൾഡ് പൂക്കുമ്പേൽ ചിക്കാഗോ സോഷ്യൽ ക്ലബ്ബിന്റെ ഏഴാമത് പ്രസിഡന്റായതോടുകൂടി സോഷ്യൽ ക്ലബ്ബിന്റെ വളർച്ചയ്ക്ക് ഒരു മുതൽക്കൂട്ടാകുമെന്നതിൽ യാതൊരു സംശയവുമില്ല എന്ന് മുൻ എക്സിക്യൂട്ടീവ്



റൊണാൾഡ് പൂക്കുമ്പേൽ




സണ്ണി ഇണ്ടിക്കുഴി



രാജു മാനുങ്കൽ



തോമസ് പുത്തേത്ത്



ബിജോയി കാപ്പൻ



കമ്മിറ്റി ഐകകണ്ഠ്യേന പറഞ്ഞു.

അറിയപ്പെടുന്ന ബിസിനസുകാരനും ചിക്കാഗോയിലെ കലാ-സാമൂഹിക-സാംസ്കാരിക രംഗത്തെ നിറസാന്നിദ്ധ്യവുമാണ് വൈസ് പ്രസിഡന്റായ സണ്ണി ഇണ്ടിക്കുഴി. സൗമ്യനും ശാന്തനും എന്നാൽ പ്രസംഗമല്ല പ്രവർത്തനമാണ് എന്റെ മാർഗ്ഗമെന്ന് തെളിയിച്ച ചിക്കാഗോയിലെ സോഷ്യൽ വർക്കറും കൂടിയായ രാജു മാനുങ്കൽ ആണ് പുതിയ ജനറൽ സെക്രട്ടറി.

ചിക്കാഗോയിലെ അറിയപ്പെടുന്നൊരു സ്പോർട്സ്മാനും ചിക്കാഗോ മലയാളി അസോസിയേഷനിലെ പല പദവികളും അലങ്കരിച്ചിട്ടുള്ള ബിജോയി കാപ്പൻ ട്രഷറർ ആയതോടുകൂടി ചിക്കാഗോ സോഷ്യൽ ക്ലബ്ബിന്റെ സാമ്പത്തികരംഗം സുരക്ഷിതമായിരിക്കും എന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല.

ചിക്കാഗോയിലെ ലീഡിംഗ് ബിസിനസുകാരനായ ജോപ്പായി പുത്തേത്ത് എന്നറിയപ്പെടുന്ന തോമസ് പുത്തേത്താണ് സോഷ്യൽ ക്ലബ്ബിന്റെ പുതിയ ജോയിന്റ് സെക്രട്ടറി.

നേതൃത്വപാടവം കൊണ്ട് സമ്പന്നമായ ചിക്കാഗോ സോഷ്യൽ ക്ലബ്ബിന്റെ ബോർഡ് മെമ്പേഴ്സ് ആയി തെരഞ്ഞെടുക്കപ്പെട്ടത് മാത്യു തട്ടാമറ്റം, തോമസ് നെല്ലാമറ്റം, ഷൈബു കിഴക്കേക്കുറ്റ്, ഫിലിപ്പ് മുണ്ടപ്ലാക്കൽ, ബെന്നി പടിഞ്ഞാറേൽ എന്നിവരോടൊപ്പം സോഷ്യൽ ക്ലബ്ബിന്റെ മുൻ എക്സിക്യൂട്ടീവ് മെമ്പേഴ്സ് ആയ സിബി കദളിമറ്റം, ജെസ്മോൻ പുറമഠം, സിബി കൈതക്കത്തൊട്ടിയിൽ, ജോമോൻ തൊടുകയിൽ, സാബു പടിഞ്ഞാറേൽ എന്നിവർ കൂടി ഉൾപ്പെടുന്നതാണ് പുതിയ ബോർഡ് കമ്മിറ്റി.

ചിക്കാഗോയിൽ കഴിഞ്ഞ 10 വർഷക്കാലമായി നടന്നുവന്നുകൊണ്ടിരിക്കുന്ന നോർത്ത് അമേരിക്കയെ പ്രകമ്പനം കൊള്ളിച്ച ഇന്റർനാഷണൽ വടംവലി മത്സരവും ഫുഡ് ഫെസ്റ്റിവലും ഇനിയുള്ള രണ്ടു വർഷവും ഇവരുടെ കൈകളിൽ ഭദ്രമായിരിക്കുമെന്നതിൽ യാതൊരു സംശയവുമില്ലെന്ന് എക്സിക്യൂട്ടീവ് കമ്മിറ്റി സംയുക്തമായി പറഞ്ഞു.

# ജയിൽ ചട്ടങ്ങൾ പരിഷ്കരിക്കും

കൊച്ചി: ജയിൽ രജിസ്റ്ററിലെ ജാതിക്കോളങ്ങൾ ഇല്ലാതാക്കാൻ കേരളത്തിലെ ജയിൽ ചട്ടങ്ങൾ പരിഷ്കരിക്കും. സുപ്രീംകോടതി നിർദേശപ്രകാരമാണ് നടപടി. കേരള ജയിൽ മാനുവലും 2014-ലെ കേരള പ്രിസൺസ് ആൻഡ് കറക്ഷണൽ സർവീസ് ചട്ടവുമാണ് പരിഷ്കരിക്കുന്നത്.

ഇതോടെ ജയിലിൽ തടവുകാർക്കുള്ള രജിസ്റ്ററിലും ഡേറ്റാ ഫോറങ്ങളിലും അപേക്ഷകളിലും ജാതി രേഖപ്പെടുത്താനുള്ള കോളം ഇല്ലാതാകും. ജയിൽ ചട്ടങ്ങൾ പരിഷ്കരിച്ച് ഈ മാസം തന്നെ റിപ്പോർട്ട് സമർപ്പിക്കാനാണ് സുപ്രീം കോടതിയുടെ നിർദ്ദേശം. ജയിലുകൾ തടവുകാർക്ക് ജാതി അടിസ്ഥാനത്തിൽ തൊഴിൽ നല്കുന്നതായി കണ്ടെത്തിയ കോടതി അതൊഴിവാക്കാനാണ് ജാതി രേഖപ്പെടുത്തൽ വ്യവസ്ഥ റദ്ദാക്കിയത്.

പിന്നാക്ക ജാതിക്കാരായ തടവുകാർക്ക് ശൗചാലയ ശുദ്ധീകരണവും തൂത്തുവാരലും ഉയർന്ന ജാതിയിലുള്ള തടവുകാർക്ക് പാചകം, തുന്നൽ പോലുള്ള ജോലിയും നല്കുന്നത് പ്രത്യക്ഷത്തിലുള്ള ജാതി വിവേചനമാണെന്ന് കഴിഞ്ഞ ഒക്ടോബറിൽ സുപ്രീംകോടതി നിരീക്ഷിച്ചിരുന്നു. തടവുകാരുടെ അഡ്മിഷൻ രജിസ്റ്റർ, വിചാരണത്തടവുകാരുടെ രജിസ്റ്റർ, നിയമസഹായ രജിസ്റ്റർ തുടങ്ങി വിവിധ രജിസ്റ്ററുകൾ ജയിലിൽ സൂക്ഷിക്കുന്നുണ്ട്. അവയിലെല്ലാം ജാതി രേഖപ്പെടുത്താനുള്ള കോളമുണ്ട്. ഇവയാണ് ഒഴിവാക്കുന്നത്. ചട്ടം ഭേദഗതി ചെയ്താൽ മാത്രമേ ജാതിക്കോളം ഒഴിവാക്കിയുള്ള രജിസ്റ്ററുകളും ഫോറങ്ങളും പ്രിന്റ് ചെയ്തു ഉപയോഗിക്കാൻ കഴിയൂ. എന്നാൽ, ഇത്തരം കോളങ്ങൾ ഒഴിവാക്കിയാൽ ഡേറ്റകൾക്കുവേണ്ടി മറ്റൊരു പോംവഴി കണ്ടെത്തേണ്ടി വരുമെന്നു ജയിൽ അധികൃതർ പറഞ്ഞു. പിന്നാക്ക വിഭാഗക്കാരെ തിരിച്ചറിയാൻ ഇതല്ലാതെ നിലവിൽ സംവിധാനമില്ല.

ജാതി അടിസ്ഥാനത്തിൽ തടവുകാർക്ക് തൊഴിൽ നല്കുന്നത് ഭരണഘടനയുടെ അനുച്ഛേദം 15-ന്റെ ലംഘനമാണെന്നും സുപ്രീം കോടതി വ്യക്തമാക്കിയിരുന്നു. ഒരു വിഭാഗവും തോട്ടിപ്പണിക്കാരായോ ചെറിയ ജോലികൾ ചെയ്യാനോ ചെയ്യാതിരിക്കാനോ ആയിട്ടല്ല ജനിക്കുന്നതെന്ന് സുപ്രീംകോടതി ചൂണ്ടിക്കാട്ടി. മാധ്യമപ്രവർത്തകയായ സുകന്യ സമർപ്പിച്ച പൊതുതാത്പര്യ ഹർജിയിലാണ് സുപ്രീം കോടതിയുടെ ഉത്തരവ്.



# മലങ്കര ഓർത്തഡോക്സ് ക്രിസ്റ്റ്യൻ സൊസൈറ്റി ഓഫ് ചിക്കാഗോയുടെ ഉദ്ഘാടനം മെയ് 10-ന്

എ.എസ്. ശ്രീകുമാർ

ചിക്കഗോ: വിശ്വാസത്തിന്റെ ദീപശിഖയേന്തി ചിക്കാഗോയുടെ മണ്ണിൽ ജീവിക്കുന്ന മലങ്കര ഓർത്തഡോക്സ് ക്രിസ്റ്റ്യൻ സഭാമക്കളെ ഏകോപിപ്പിച്ച് നോർത്തമേരിക്കയാകെ പ്രവർത്തനം വ്യാപിപ്പിക്കുക എന്ന ഉദാത്ത ലക്ഷ്യത്തോടെ രൂപവൽക്കരിക്കപ്പെട്ട 'മലങ്കര ഓർത്തഡോക്സ് ക്രിസ്റ്റ്യൻ സൊസൈറ്റി ഓഫ് ചിക്കഗോ' (എം.ഒ.സി.എസ്) എന്ന കൂട്ടായ്മയുടെ ഔപചാരികമായ ഉദ്ഘാടനവും ഫാമിലി നൈറ്റും വരുന്ന മെയ് 10-ാം തീയതി ശനിയാഴ്ച ഓക്ബ്രൂക്കിലെ ചിക്കാഗോ മാരിയറ്റ് ഓക് ബ്രൂക്ക് ഹോട്ടലിൽ നടക്കും. പ്രസിഡന്റ് ഡോ. ബിനു ഫിലിപ്പിന്റെ അദ്ധ്യക്ഷതയിലും ചെയർമാൻ ഡോ. ജോസഫ് ഏബ്രഹാമിന്റെ സാന്നിധ്യത്തിലും ചേർന്ന യോഗത്തിലാണ് വർണാഭമായ ഉദ്ഘാടന പരിപാടികൾ നടത്താൻ തീരുമാനിച്ചിരിക്കുന്നത്.





കേരളത്തിൽ നിന്ന് അമേരിക്കയിൽ കുടിയേറിയവരും ഇവിടെ ജനിച്ചു വളരുന്നവരുമായ മലങ്കര ഓർത്തഡോക്സ് ക്രിസ്റ്റ്യൻ വിശ്വാസികൾക്ക് അവരുടെ പൈതൃകവും സംസ്കാരവും സഭാപരമായ മൂല്യങ്ങളും ചോർന്ന് പോകാതെ വരും തലമുറയിലേയ്ക്ക് കൈമാറുകയെന്ന ലക്ഷ്യത്തോടെയാണ് എം.ഒ.സി.എസ് നിലവിൽ വന്നത്. പുതുതലമുറയുടെ ഹൃദ്യമായ ആശയവിനിമയം, പരസ്പര സഹകരണം, ആരോഗ്യകരമായ ആത്മീയ ഇടപെടൽ തുടങ്ങിയ ലക്ഷ്യങ്ങൾ ഊട്ടിയുറപ്പിക്കുന്നതിന് ശക്തമായ സാമുദായിക അടിത്തറയുള്ള ഒരു സംഘടനയായി എം.ഒ.സി.എസ് നിലകൊള്ളും. ഒപ്പം ചിക്കാഗോയിലും പരിസര പ്രദേശങ്ങളിലുമുള്ള സഭാ അംഗങ്ങളുടെ ഏതൊരാവശ്യത്തിനും എം.ഒ.സി.എസിന്റെ സഹായഹസ്തമുണ്ടാവും.

പ്രായഭേദമെന്യേ എല്ലാവർക്കും ഒന്നിച്ചു ചേരുവാനുള്ള ഒരു കമ്മ്യൂണിറ്റി സെന്റർ എം.ഒ.സി.എസിന്റെ മുഖ്യ ലക്ഷ്യങ്ങളിലൊന്നാണ്. മലങ്കര ഓർത്തഡോക്സ് കുടുംബാംഗങ്ങൾക്ക് സായാഹ്നങ്ങളിൽ ഒരുമിച്ച് കൂടി വിശേഷങ്ങൾ പങ്കുവയ്ക്കാനും കുട്ടികൾക്കും മുതിർന്നവർക്കും കലാ-കായിക രംഗങ്ങളിലെ മികവ് പ്രകടിപ്പിക്കുന്നതിനൊപ്പം സഭാ വിശ്വാസവും കൂടി ഊട്ടിയുറപ്പിക്കാനുള്ള വേദിയായിരിക്കും ഈ കമ്മ്യൂണിറ്റി സെന്റർ.

ഈ സൊസൈറ്റിക്ക് ചുക്കാൻ പിടിക്കാനായി ഡോ. ജോസഫ് ഏബ്രഹാം (ചെയർമാൻ), ഡോ. ബിനു ഫിലിപ്പ് (പ്രസിഡന്റ്), എബ്രഹാം വർക്കി (വൈസ് പ്രസിഡന്റ്), അജിത്ത് ഏലിയാസ് (സെക്രട്ടറി), ഫിലിപ്പ് കുന്നേൽ ജോസഫ് (ട്രഷറർ), രാജീവ് കോര (ജോയിന്റ് സെക്രട്ടറി) എന്നിവർക്കൊപ്പം ട്രസ്റ്റി ബോർഡ് അംഗങ്ങളായി ജോർജ് പൂഴിക്കുന്നേൽ, ജോർജ് പണിക്കർ, മനോജ് മാത്യു, ജിജോ വർഗീസ്, ടോണി തോമസ്, എന്നിവരും പ്രവർത്തിക്കുന്നു. സീനിയർ ഫോറം ചെയറായി ജോർജ് പൂഴിക്കുന്നേലിനൊപ്പം പി.ഒ. ഫിലിപ്പ്, കോശി വൈദ്യൻ, ലീലാമ്മ പോളച്ചിറ, ഫിലോ ഫിലിപ്പ്, കോര പോളച്ചിറ, ബെറ്റി വൈദ്യൻ എന്നിവരുടെ നേതൃത്വത്തിലുള്ള കമ്മിറ്റിയും ചുമതലയേറ്റു.

വിമൻസ് ഫോറം പ്രസിഡന്റ് മഞ്ജു ബേബിക്കൊപ്പം ലിഷ ജോണി, ഡോ. സിബിൽ ഫിലിപ്പ്, ഡോ. മോനി എബ്രഹാം, സിനിൽ ഫിലിപ്പ്, റീന വർക്കി, ഷീബ മാത്യു, അലീന ഗ്രിഗറി, സിമി ഐസക്ക് എന്നിവർ ചുമതലയേറ്റു. യൂത്ത് ഫോറം പ്രസിഡന്റായി ചാൾസ് ജെ മാത്യു, സെക്രട്ടറിയായി ആൽബിൻ എബ്രഹാം എന്നിവർക്കൊപ്പം സിറിൽ ഫിലിപ്പ്, റെയ്നു തോമസ്, സാം പണിക്കർ, ജേക്കബ് ജോർജ് എന്നിവരും നിയമിതരായി. കിഡ്സ് ഫോറം പ്രസിഡന്റായി ഗ്രിഗറി ഡാനിയേലിന്റെ നേതൃത്വത്തിലുള്ള ഭാരവാഹികളും, വെബ് സൈറ്റ് കോ-ഓർഡിനേറ്റർമാരായി ഷെറി തോമസും ബിബു ഫിലിപ്പും പബ്ലിക് റിലേഷൻസ് ചെയറായി ജോർജ് പണിക്കരും സ്ഥാനമേറ്റു.

ഉദ്ഘാടന സമ്മേളനത്തിന്റെ കൺവീനേഴ്സായി ഡോ. സിബിൽ ഫിലിപ്പ്, ലിഷ ജോണി എന്നിവരുടെ നേതൃത്വത്തിലുള്ള ഭാരവാഹികളും, രജിസ്ട്രേഷൻ ചെയറായി സിനിൽ ഫിലിപ്പിന്റെ നേതൃത്വത്തിലുള്ള കമ്മിറ്റിയും പ്രവർത്തനമാരംഭിച്ചു. അമേരിക്കയിലെ വിവിധ കൺവൻഷനുകൾക്കും സ്റ്റാർ ഷോകൾക്കും ക്രിയേറ്റീവ് ഹെഡ് ആയി പ്രവർത്തിക്കുന്ന ബിജു സക്കറിയയെ ഈ പ്രോഗ്രമിന്റെ ഇവന്റ് ഡയറക്ടറായും നിയമിച്ചു.





വിഷൽ ട്രീറ്റോടുകൂടി ചിക്കാഗോ മാരിയറ്റ് ഓക് ബ്രൂക്ക് ഹോട്ടലിൽ 2025 മെയ് 10-ാം തീയതി വൈകുന്നേരം 6 മണി മുതൽ അരങ്ങേറുന്ന ഉദ്ഘാടന സമ്മേളനത്തിൽ അമേരിക്കയുടെ വിവിധ സ്ഥലങ്ങളിൽ നിന്നെത്തുന്ന അതിഥികൾക്കൊപ്പം ചലച്ചിത്ര രംഗത്തു നിന്നുള്ളവരും സന്നിഹിതരാവും.

മലങ്കര ഓർത്തഡോക്സ് ക്രിസ്റ്റ്യൻ സഭയുടെ ചിക്കാഗോയിലെ നാല് ഇടവകകളിൽ നിന്നുള്ള അംഗങ്ങൾ ഒരുക്കുന്ന വിവിധ കലാ പരിപാടികൾക്കൊപ്പം മദേഴ്സ് ഡേ സ്പെഷ്യൽ ഫാഷൻ ഷോയും ഈ ഫാമിലി നൈറ്റിന് മാറ്റ് കൂട്ടും.

ഉദ്ഘാടന സമ്മേളനത്തിലേയ്ക്കും ഫാമിലി നൈറ്റിലേയ്ക്കും ചിക്കാഗോയിലെയും പരിസര പ്രദേശങ്ങളിലെയും മലങ്കര ഓർത്തഡോക്സ് സഭാംഗങ്ങളെ ഹൃദയപൂർവം സ്വാഗതം ചെയ്യുന്നതായി ഭാരവാഹികൾ അറിയിച്ചു.




കൂടുതൽ വിവരങ്ങൾക്ക്

ഡോ. ബിനു ഫിലിപ്പ്-630 697 2240, ഡോ. ജോസഫ് ഏബ്രഹാം-630 291 1440, എബ്രഹാം വർക്കി-630 677 3020, അജിത്ത് ഏലിയാസ്-630 337 5898, ഫിലിപ്പ് കുന്നേൽ ജോസഫ്-708 289 5882, രാജീവ് കോര-224 766 9046 എന്നിവരുമായി ബന്ധപ്പെടാൻ താത്പര്യപ്പെടുന്നു.

## എഐക്ക് ഇന്ത്യ സുപ്രധാന വ്യാപാരകേന്ദ്രം

ന്യൂഡൽഹി: നിർമിതബുദ്ധിക്ക് (എഐ) ഇന്ത്യ വളരെ പ്രധാനപ്പെട്ട വ്യാപാരകേന്ദ്രമാണെന്നു ഓപ്പൺ എഐ സിഇഒയും ലോകപ്രശസ്ത ചാറ്റ് ബോട്ടായ ചാറ്റ് ജിപിടിയുടെ സ്രഷ്ടാവുമായ സാം ആർട്മാൻ. അമേരിക്ക കഴിഞ്ഞാൽ ഇന്ത്യയിലാണ് ഓപ്പൺ എഐയുടെ ഏറ്റവും വലിയ വ്യാപാരം നടക്കുന്നതെന്ന് ഇന്ത്യാ സന്ദർശനത്തിനെത്തിയ ആൾട്മാൻ വെളിപ്പെടുത്തി.

ചാറ്റ് ജിപിടിക്ക് കഴിഞ്ഞ വർഷം ഇന്ത്യയിൽ മൂന്നിരട്ടി ഉപയോക്താക്കൾ വർധിച്ചിട്ടുണ്ടെന്നും 'ഇന്ത്യ എഐ' വിപ്ലവത്തിന്റെ തലവന്മാരിലൊരാളാകണമെന്നും ആൾട്മാൻ പറഞ്ഞു. കേന്ദ്ര ഐടി, ഇലക്ട്രോണിക്സ് മന്ത്രാലയം എഐയുമായി ബന്ധപ്പെട്ടു ഡൽഹിയിൽ സംഘടിപ്പിച്ച പരിപാടിയിൽ സംവദിക്കവെയാണ് ആൾട്മാന്റെ പ്രസ്താവനകൾ.

നിർമിതബുദ്ധി മേഖലയിൽ വിപ്ലവം ലക്ഷ്യം വെക്കുന്ന 'ഇന്ത്യ എഐ' മികച്ച പദ്ധതിയാണെന്നും ഇന്ത്യ ചാറ്റ് ജിപിടി പോലെയും ഡീപ് സീക്ക് പോലെയും മികച്ച മോഡലുകൾ നിർമിച്ചെടുക്കുമെന്നും ആൾട്മാൻ പറഞ്ഞു. കേന്ദ്ര ഐടി മന്ത്രി അശ്വിനി വൈഷ്ണവുമായി അദ്ദേഹം കൂടിക്കാഴ്ച നടത്തി. തദ്ദേശീയമായി എഐ മോഡലുകൾ നിർമിച്ചെടുക്കുമെന്ന ഇന്ത്യയുടെ പ്രഖ്യാപനത്തിനു പിന്നാലെയാണ് ആൾട്മാന്റെ ഡൽഹി സന്ദർശനം.

## കെഎച്ച്എൻഎ ഫോർ കേരള:

# കേരള ഹിന്ദൂസ് ഓഫ് നോർത്ത് അമേരിക്ക കോൺക്ലേവ് പ്രൗഢം

പി. ശ്രീകുമാർ

ന്യൂയോർക്ക്: സനാതനധർമ്മ പ്രചരണത്തിനായി അമേരിക്കയിൽ പ്രവർത്തിക്കുന്ന കേരള ഹിന്ദൂസ് ഓഫ് നോർത്ത് അമേരിക്കയുടെ രജതജൂബിലി ആഘോഷങ്ങളുടെ മു



ന്നോടിയായി നടന്ന കേരള കോൺക്ലേവ് പ്രൗഢവും അർത്ഥവത്തുമായിരുന്നു. അങ്കമാലി അഡ്‌ലക്സ് ഇന്റർനാഷണൽ കൺവൻഷൻ സെന്ററിൽ 'കെഎച്ച്എൻഎ ഫോർ കേരള' എന്ന പേരിൽ നടന്ന പരിപാടിയിൽ ആർഷദർശനം സാഹിത്യരംഗത്ത് നടത്തിയ സമഗ്ര സംഭാവനകൾക്കുള്ള നാലാമത് ആർഷദർശന പുരസ്കാരം നിരൂപണരംഗത്തെ മഹാമനീഷി ഡോ. എം. ലീലാവതിക്ക് സമർപ്പിച്ചു. സമഗ്ര സംഭാവനകൾക്കുള്ള ചലച്ചിത്ര പ്രതിഭ പുരസ്കാരം നടനും സംവിധായകനു



മായ ശ്രീനിവാസന് സമ്മാനിച്ചു.

രജതജൂബിലിയുടെ ഭാഗമായി കേരളത്തിലെ നിർദ്ധനരായ കുടുംബങ്ങൾക്ക് കൈത്താങ്ങാവുന്ന 'സ്നേഹോപഹാരം' പദ്ധതിയിൽ ഒരുകോടി രൂപയുടെ വിതരണവും നടന്നു. പ്രൊഫഷണൽ വിദ്യാഭ്യാസം, വിധവാ പെൻഷൻ, ക്ഷേത്ര കലാകാരന്മാർക്ക് ക്ഷേമനിധി, വനവാസി സഹായനിധി, സ്ത്രീകൾക്ക് ബിസിനസ് പദ്ധതി, ഭിന്നശേഷിക്കാരായ കുട്ടികൾക്ക് സഹായം, രോഗിയായ ഗൃഹനാഥനുള്ള കുടുംബങ്ങൾക്ക് സഹായം തുടങ്ങിയ വ്യക്തിഗത സഹായങ്ങൾക്ക് പുറമേ ബാലാശ്രമങ്ങൾ, സ്കൂളുകൾ, ലൈബ്രറികൾ, വൃദ്ധസദനങ്ങൾ, തൊഴിൽ സംരംഭങ്ങൾ, സന്നിധാനം പദ്ധതി എന്നിവയ്ക്ക് സ്ഥാപനതല ധനസഹായം നൽകി.

പ്രവേശികം, ആർഷം ശ്രേഷ്ഠം, സംഗീതോത്സവം, പ്രൗഢം ഗംഭീരം, സ്നേഹോപഹാരം എന്നിങ്ങനെ അഞ്ച് സെഷനുകളായുള്ള കേരള കോൺക്ലേവ് വിജയകരമായി നടന്നു. വേദി



ഉണർത്തിക്കൊണ്ടുള്ള ഞെരളത്ത് ഹരി ഗോവിന്ദന്റെ സോപാന സംഗീതവും കലാമണ്ഡലം ശിവരാമനും സംഘവും അവതരിപ്പിച്ച പഞ്ചവാദ്യവും പരിപാടിയുടെ ഉദ്ഘാടന ഘടകമായി. കെഎച്ച്എൻഎ തീം സോങ്ങിനെ തുടർന്ന് ആർഷദർശന പുരസ്കാര സമർപ്പണ ചടങ്ങ് നടന്നു. പുരസ്കാര സമിതി കോചെയർ സുരേന്ദ്രൻ നായരുടെ സ്വാഗത പ്രസംഗത്തിനുശേഷം വിശിഷ്ടാതിഥികളും ഭാരവാഹികളും

ചേർന്ന് ഭദ്രദീപം തെളിച്ചു. 'ആർഷദർശനം സാഹിത്യത്തിൽ' എന്ന വിഷയത്തിൽ നിരൂപകൻ ഡോ. എം. തോമസ് മാത്യു പ്രഭാഷണം നടത്തി. സാഹിത്യകാരൻ സി. രാധാകൃഷ്ണൻ ആർഷദർശന പുരസ്കാര ജേതാവിനെ പരിചയപ്പെടുത്തി. കെഎച്ച്എൻഎ പ്രസിഡണ്ട് ഡോ. നിഷ പിള്ള പുരസ്കാരം സമ്മാനിച്ചു. ഡോ. എം. ലീലാവതിക്കു വേണ്ടി മകൻ എം. വിനയകുമാർ പുരസ്കാരം ഏറ്റുവാങ്ങി. മിസോറാം മുൻ ഗവർണർ കുമ്മനം രാജശേഖരൻ, സൂര്യ കൃഷ്ണമൂർത്തി, പത്മശ്രീ സഞ്ജയ് സഗ്ദേവ്, അഡ്വ. എസ്. ജയശങ്കർ, കെഎച്ച്എൻഎ ഭാരവാഹികളായ മധു ചെറിയേടത്ത്, രഘുവരൻ നായർ, മുൻ അധ്യക്ഷന്മാരായ മന്മഥൻ നായർ, അനിൽകുമാർ പിള്ള, വെങ്കിട് ശർമ്മ, എം.ജി. മേനോൻ, ടി.എൻ. നായർ എന്നിവർ സന്നിഹിതരായിരുന്നു. ഡോ.

സുകുമാർ കാനഡ രചിച്ച 'കൈലാസ ദർശനം' പുസ്തകം സി. രാധാകൃഷ്ണൻ പ്രകാശനം ചെയ്തു. രാധാ

കൃഷ്ണൻ നായർ ചിക്കാഗോ നന്ദിപറഞ്ഞു. സുഗതകുമാരി കവിതകൾ കോർത്തിണക്കി മണക്കാല ഗോപാലകൃഷ്ണനും സംഘവും അവതരിപ്പിച്ച 'സുഗത സംഗീതം' വേറിട്ട അനുഭവമായി. ദിവ്യാ നായർ, സിജു കുമാർ, ആതിര ജനകൻ എന്നിവർ 'റിഥംസ് ഓഫ് ദ എപ്പിക്സ്' എന്ന പേരിൽ നടത്തിയ ഫ്യൂഷൻ സംഗീതം ശ്രവണ സുഖം നൽകി.

പ്രൗഢം ഗംഭീരം എന്ന പേരിട്ട ചട



ങ്ങിലാണ് കെഎച്ച്എൻഎ ചലച്ചിത്ര പുരസ്കാരം ശ്രീനിവാസന് സമ്മാനിച്ചത്. സ്ഥാപക പ്രസിഡണ്ട് മന്മഥൻ നായർ ഷാൾ അണിയിച്ചു. ഡോ. നിഷ പിള്ള പുരസ്കാരം നൽകി. കുമ്മനം

രാജശേഖരൻ അദ്ധ്യക്ഷ പ്രസംഗം നടത്തി. ഡോ. രഞ്ജിത് പിള്ള, കുട്ടി മേനോൻ, വീണ പിള്ള എന്നിവർ സംസാരിച്ചു. സൂര്യാ കൃഷ്ണ മൂർത്തി, ഡോ. ഇന്ദിരാ രാജൻ എന്നിവർക്ക് പ്രത്യേക



ആദരവ് നൽകി. ശബരിമലയിലെത്തുന്ന ഭക്തർക്കു ഭക്ഷണം നൽകാൻ കെഎച്ച്എൻഎ സ്വരൂപിച്ച സന്നിധാനം നിധി പദ്ധതിയെക്കുറിച്ച് ട്രഷറർ രഘുവരൻ നായർ സംസാരിച്ചു. മുൻ പ്രസിഡണ്ട് എം.ജി. മേനോൻ സന്നിധാനം നിധി കുമ്മനം രാജശേഖരന് കൈമാറി. മാധ്യമ പ്രവർത്തകരായ അഡ്വ. എസ്. ജയശങ്കർ, രാജേഷ് പിള്ള, ശ്രീജിത്ത് പണിക്കർ, വായുജിത്ത് എന്നിവർക്ക് യഥാക്രമം ട്രസ്റ്റി ബോർഡ് അംഗങ്ങളായ രഞ്ജിനി പിള്ള, സോമരാജൻ നായർ, കേരള കോ-ഓർഡിനേറ്റർ പി. ശ്രീകുമാർ എന്നിവർ പുരസ്കാ

രങ്ങൾ സമ്മാനിച്ചു.

സ്നേഹോപഹാരം ചടങ്ങിലായിരുന്നു ഒരു കോടിയുടെ സേവാപദ്ധതികളുടെ ധനസഹായ വിതരണം. സ്ഥാപനങ്ങൾക്ക് സഹായവിതരണത്തിൽ

മുൻ കേന്ദ്രമന്ത്രി വി. മുരളീധരൻ പങ്കെടുത്തു. ഡോ. വേണുഗോപാൽ മേനോൻ (പ്രൊഫഷണൽ വിദ്യാഭ്യാസം), ഡോ. ജയരാമൻ (വിധവാ പെൻഷൻ), രാം നായർ (ആരോഗ്യ പ്ര

ശ്നങ്ങളുള്ള കുടുംബം), മധു ചെറിയേടത്ത് (ദിവ്യാംഗർ), ഗോവിന്ദൻ നായർ (ക്ഷേത്രകലാകാരന്മാർ), കുട്ടിമേനോൻ (ബിസിനസ് പദ്ധതി) എന്നിവരും ധനസഹായ വിതരണം ചെയ്തു.

സേവാ പദ്ധതിയുടെ മുഖ്യ പ്രായോജകരായ ഗോപാലകൃഷ്ണൻ നായർ (തറവാട് ഹോംസ്), ഡോ. മധു ചെറിയേടത്ത്, ഡോ. ജയ് കെ. രാമൻ, അപ്പൻ മേനോൻ, ഹരിപിള്ള എന്നിവരെ വി. മുരളീധരൻ കെഎച്ച്എൻഎ മൊമെന്റോ നൽകി ആദരിച്ചു. പത്മശ്രീ ഡോ. സഞ്ജയ്

സഗ്ദേവ് മുഖ്യപ്രഭാഷണം നടത്തി. സേവാ ഫോറം ചെയർമാൻ ഡോ. ജയ്കെ രാമൻ സ്വാഗതവും കെഎച്ച്എൻഎ ജനറൽ സെക്രട്ടറി മധു ചെറിയേടത്ത് നന്ദിയും പറഞ്ഞു.

ഓർമ്മയിലെ സിനിമ

# പത്മരാജന്റെ തൂവാനത്തുമ്പികൾ

കേരളാ എക്സ്പ്രസ് വാരാന്ത്യം







അനിൽ പെണ്ണുക്കര

'ഓർമ്മിക്കാൻ നമുക്കിടയിൽ ഒന്നുമില്ല പക്ഷേ, മറക്കാതിരിക്കാൻ നമുക്കിടയിൽ എന്തോ ഉണ്ട്.'

നഷ്ടപ്പെടലുകളാണ് പലപ്പോഴും സ്നേഹത്തിന്റെ ആഴവും പരപ്പും അധികമാക്കുന്നത്. ഒട്ടുമിക്ക എല്ലാ ജനപ്രിയ പ്രണയകഥകളും അതുകൊണ്ട് തന്നെയാണ് എല്ലാക്കാലവും നിലനിൽക്കുന്നത്. മണ്ണാറത്തൊടിയിലെ ജയകൃഷ്ണന്റെ കഥയും അങ്ങനെയാണ് ക്ലാസിക് സിനിമകളുടെ മുൻ നിരയിലേക്ക് ചേർത്തെഴുതപ്പെട്ടത്. പദ്മരാജന്റെ ഏറ്റവും മികച്ച സിനിമകളിൽ ഒന്ന് തന്നെയാണ് തൂവാനത്തുമ്പികൾ.

1987-ൽ പത്മരാജൻ തിരക്കഥയെഴുതി സംവിധാനം ചെയ്ത ചലച്ചിത്രമാണ് തൂവാനത്തുമ്പികൾ. അദ്ദേഹത്തിന്റെ തന്നെ നോവലായ ഉദകപ്പോളയെ ആസ്പദമാക്കിയാണ് ഈ സിനിമ നിർമ്മിച്ചിരിക്കുന്നത്. ജയകൃഷ്ണന്റെയും ക്ലാരയുടെയും പ്രണയത്തിന്റെ മലയാളിക്ക് പരിചിതമല്ലാത്ത തലങ്ങളെ അടയാളപ്പെടുത്തുകയാണ് പദ്മരാജൻ.

ഓരോ സീനുകളും നമ്മൾ അറിയാതെ വീണ്ടും വീണ്ടും റിപ്പീറ്റ് അടിച്ച് കണ്ടു പോകും അത്രയും ആത്മാർത്ഥമായിട്ടാണ് മോഹൻലാൽ ജയകൃഷ്ണനായി ജീവിക്കുന്നത്. സിനിമയുടെ ഓരോ മുക്കിലും മൂലയിലും അയാളുടെ സാനിധ്യമുണ്ട്. നിരാശ കലർന്ന കണ്ണുകളും, വിഷാദം മുറ്റിയ ചുണ്ടുകളും കൊണ്ട് തൂവാനത്തുമ്പികളിലെ ഏറ്റവും അട്രാക്റ്റീവ് ആയ ഘടകമായി മോഹൻലാൽ മാറുന്നു.

മലയാളചലച്ചിത്രങ്ങളിൽ വിരളമായ ഒരു വിഷയത്തെയാണ് ഈ ചലച്ചിത്രം കൈകാര്യം ചെയ്യുന്നത്. പ്രണയം ആർക്കും ആരോടും എപ്പോൾ വേണമെങ്കിലും ഉപാധികളില്ലാതെ തോന്നാവുന്നതാണെന്നും ചിത്രം പറഞ്ഞു വയ്ക്കുന്നു. ക്ലാരയാണ് ജയകൃഷ്ണനെ പോലെ തൂവാനത്തുമ്പികളിൽ പ്രേക്ഷകരെ കൂടുതൽ അടുപ്പിക്കുന്ന കഥാപാത്രം. ക്ലാരയ്ക്ക് അത്യാവശ്യത്തിലധികം കാമുകന്മാർ ഇന്നും പ്രേക്ഷകർക്കിടയിലുണ്ട് എന്നത് ശ്രദ്ധേയമാണ്.

കാരിക്കകത്ത് ഉണ്ണിമേനോൻ എന്ന തന്റെ സുഹൃത്തിന്റെ ജീവിതത്തെ ഏറെക്കുറെ ആസ്പദമാക്കിയാണ് പത്മരാജൻ ഈ ചിത്രത്തിന്റെ കഥ രചിച്ചിരിക്കുന്നത്. ചിത്രത്തിനായി ക്ലാര എന്ന കഥാപാത്രത്തെ ഉണ്ണിമേനോന്റെ ജീവിതത്തിൽ പത്മരാജൻ കൂട്ടിച്ചേർക്കുകയാണുണ്ടായത്. ആ കൂട്ടിച്ചേർക്കൽ തന്നെയാണ് സിനിമയുടെ ഭംഗിയും.

ജയകൃഷ്ണന്റെ രണ്ടു ഭാവങ്ങളെയും അസാമാന്യ മെയ്‌വഴക്കത്തോടെയാണ് മോഹൻലാൽ അവതരിപ്പിച്ചിരിക്കുന്നത്. ക്ലാരയുമൊന്നിച്ചുള്ള രംഗങ്ങളെല്ലാം അത്രത്തോളം മനോഹരവുമായിരുന്നു. എവിടെയോ പ്രേക്ഷകനെ കൊളുത്തി വലിക്കുന്ന ചൂണ്ടകളാണ് തൂവാനതുമ്പികൾ. ആ ചൂണ്ടകളിൽ ഒന്ന് പാർവ്വതിയുടെ കണ്ണുകൾ തന്നെയാണ്. ഭർത്താവാകാൻ പോകുന്നയാളുടെ മറ്റൊരു പ്രണയത്തെ സ്വീകരിക്കാനും, അതിനെ ഉൾക്കൊള്ളാനും ശ്രമിക്കുമ്പോഴും പാർവ്വതിയിൽ കടന്നു വരുന്ന കുശുമ്പും കുന്നായ്മയുമൊക്കെ അത്രത്തോളം തീക്ഷ്ണമായിത്തന്നെ സിനിമയിൽ അവതരിപ്പിച്ചിട്ടുണ്ട്.

സിനിമയെ സിനിമയാക്കുന്ന മറ്റു രണ്ടു ഘടകങ്ങളുണ്ട്. അതിലൊന്ന് പാട്ടുകളും മറ്റൊന്ന് പശ്ചാത്തല സംഗീതവുമായിരുന്നു. ക്ലാരയെ കാണിക്കുമ്പോഴുള്ള പശ്ചാത്തല സംഗീതവും, രാധയെ കാണിക്കുമ്പോഴുള്ള സംഗീതവും രണ്ടായിത്തന്നെ നിലനിൽക്കുമ്പോൾ അത് കഥാഗതിയെ വല്ലാതെ സ്വാധീനിക്കുന്നുണ്ട്. ഒരു പുറത്ത് തീക്ഷ്ണമായ സ്നേഹം കൊണ്ട് ക്ലാര ജയകൃഷ്ണനെ മോഹിപ്പിക്കുമ്പോൾ രാധ നിഷ്കളങ്കമായ സ്നേഹം കൊണ്ട് അയാളെ ചേർത്ത് പിടിക്കുന്നു.

തൂവാനത്തുമ്പികൾ എക്കാലത്തെയും മികച്ച ക്ലാസിക് സിനിമ തന്നെയാണ്, പദ്മരാജന്റെ എഴുത്തിൽ നിന്നും ഭാവനയിൽ നിന്നും അങ്ങനെയൊരു ക്ലാസ്സിക് ഉണ്ടായില്ലെങ്കിലേ അത്ഭുതമുള്ളൂ..



# നല്ല ശമരിയാക്കാരൻ



മഞ്ജു റോസ്

സ്വപ്നം പോലുള്ള വീട് പണിതു. താമസം തുടങ്ങി. പാലുകാച്ചും കഴിഞ്ഞ് വിരുന്നുകാരെല്ലാം പോയി. തുറന്നിട്ട ജനാലയിലൂടെ അടുത്ത വീട് കണ്ടു.

കൊച്ചുകൂര.... ഓടെല്ലാം പൊട്ടിയത്. ആട്, കോഴി, മനുഷ്യ കുഞ്ഞുങ്ങൾ. ബഹളം തന്നെ.

'നാശം'. ഭർത്താവ് ചുണ്ട് കടിച്ചു.

'ഇനി ഇത് തുറക്കേണ്ട.'

കൂരയിലേക്ക് ദൃശ്യം വരുന്ന ജനാല അടച്ചുകൊണ്ട് പറഞ്ഞു.

ദിവസങ്ങൾ കടന്നുപോയി..

ജനാല അടഞ്ഞു തന്നെ കിടന്നു.

കിളികൾ പാടുന്ന പ്രഭാതത്തിൽ ഹരിതവർണ്ണമാർന്ന വെള്ളരിക്കയെയും, ഓറഞ്ച് നിറമാർന്ന ക്യാരറ്റിനെയും ലഞ്ചിന് മോടി കൂട്ടുന്ന സാലഡാക്കി രൂപപ്പെടുത്തുകയായിരുന്നു ഭാര്യ.

ഗ്ലാസ് വീണുടയുന്ന ശബ്ദം... രണ്ടു വയസ്സുള്ള മകളുടെ കരച്ചിൽ... രക്തപ്പുഴ...

അടഞ്ഞുകിടന്ന ജനാല തുറന്നു.

ഉറക്കെ വിളിച്ചു.

എളിയിൽ കുഞ്ഞുമായി അവർ പാഞ്ഞുവന്നു.

പിന്നീടൊന്നും ഓർമ്മയില്ല.

ആശുപത്രിയിൽ ചിരിച്ചു കിടന്ന മകളെ നോക്കി ഡോക്ടർ ഉരുവിട്ടു.

'സമയത്ത് എത്തിച്ചത് കൊണ്ട് രക്ഷപ്പെട്ടു.'

പിറ്റേന്ന് ഭർത്താവ് അടഞ്ഞ ജനാലയെല്ലാം തുറന്നു.

ആടിന്റെ ശബ്ദം ശ്രവിച്ചുകൊണ്ട് പറഞ്ഞു.

'നമ്മുടെ ഭാഗ്യം'.

നർമ്മം മർമ്മം



രാജീവ് പണിക്കർ

# കൊല്ലാനായി കാളിയും ചാകാതിരിക്കാൻ ദാരികനും

കേരളാ എക്സ്പ്രസ് KERALA EXPRESS

വാരാന്ത്യം



'എടാ ഞാനൊരു ക്യാമറ വാങ്ങി'

'ങ്ഹേ.. ക്യാമറയോ? അതിന് അച്ഛന് ഫോട്ടോ എടുക്കാനൊക്കെ ഇഷ്ടാണോ?'

'അതിപ്പോ ആർക്കാ ഇഷ്ടല്ലാത്തത്.. '

'എവിടെ? കാണട്ടെ..'

അച്ഛൻ വളരെ സൂക്ഷ്മതയോടെ ഒരു പേപ്പർ കാരി ബാഗ് തുറന്ന് അതിനകത്ത് നിന്നും മറ്റൊരു പ്ലാസ്റ്റിക് പാക്കറ്റ് തുറന്ന് അതിനകത്ത് നിന്നും ഒരു കാർഡ്ബോർഡ് ബോക്സ് എടുത്ത് തുറന്ന് അതിനുള്ളിൽ ബബിൾ പാക്കറ്റിൽ വെച്ചിരിക്കുന്ന മറ്റൊരു കാർഡ്ബോർഡ് പൊതി തുറന്ന് ഒരു കുഞ്ഞു ക്യാമറ പുറത്തെടുത്തു.

ഞങ്ങളുടെ മുഖം ചുളിഞ്ഞു.

'അയ്യേ ഇതാണാ കാമറ?'

'പിന്നേ.. നീ ഏത് ക്യാമറയാണെന്നാ വിചാരിച്ചത്?'

'വല്ല എസ് എൽ ആറും..'

'ങ്ഹാ.. അത് വാങ്ങണ കാശുണ്ടെങ്കിൽ ഇങ്ങനത്തെ മൂന്നെണ്ണം വാങ്ങാം.. ഒന്ന് പോടാ...'

കാര്യം അച്ഛന്റെ ക്യാമറ എനിക്കും അനിയനും ഞങ്ങളുടെ സങ്കൽപ്പത്തിനൊത്തില്ല എങ്കിലും ഞങ്ങളുടെയും ഞങ്ങളുടെ ഫാമിലിയുടെയും യാത്രകളുടെയും ഒന്നുരണ്ടു കുടുംബഫങ്ഷനുകളുടെയും കുഞ്ഞുങ്ങളുടെയും പൂക്കളുടെയും സംഭവങ്ങളുടെയും തുടങ്ങി ഒട്ടനവധി ഫ്രെയിമബിൾ ആയ ചിത്രങ്ങൾ അച്ഛൻ ആ ക്യാമറ കൊണ്ട് എടുത്തു..

പതിയെപ്പതിയെ കുടുംബത്തിൽ അച്ഛന്റെ ക്യാമറയും ഫോട്ടോ എടുപ്പും ഫെയ്മസ് ആയിത്തുടങ്ങി. വീട്ടിൽ വരുന്ന അതിഥികൾക്കൊക്കെ, ചുവരിൽ വെച്ചിരിക്കുന്ന ചിത്രങ്ങൾ അച്ഛനെടുത്തതാ എന്ന് പറഞ്ഞു ഞങ്ങൾ പരിചയപ്പെടുത്തിത്തുടങ്ങി.

കുറച്ച് നാളുകൾ അങ്ങനെ കഴിഞ്ഞു പോയപ്പോൾ മഹേഷിന്റെ ചാച്ചൻ പറഞ്ഞ പോലെ, സ്വന്തമായി ഫോട്ടോഗ്രാഫി പഠിച്ചതിന്റെ പച്ചപ്പിൽ ആൾ മഴയുടെ വിവിധ ചിത്രങ്ങൾ, ആനയുടെ ചിത്രങ്ങൾ, തെയ്യം ചിത്രങ്ങൾ തുടങ്ങിയവയിൽ തുടങ്ങി ഇടിമിന്നലിന്റെ ചിത്രങ്ങളിൽ വരെ പരീക്ഷണങ്ങൾ നടത്തിത്തുടങ്ങി.

ആ സമയങ്ങളിൽ എനിക്ക് പൊതുവെ ഓഫീസിൽ നൈറ്റ് ഡ്യൂട്ടിയാണ്. ഒരു ദിവസം ഹാഫ് ഡേ എടുത്ത്, വീട്ടിൽ എത്തി ഡ്രസ്സൊക്കെ മാറി ഞാൻ വീടിനടുത്തുള്ള ഒരു കാവിൽ മുടിയേറ്റ് കാണാൻ പോയി. ഒരു മുഴുവൻ രാത്രി അവതരിപ്പിക്കുന്ന ഒരു അനുഷ്ഠാനകലയാണ് മുടിയേറ്റ്. ദാരികാവധമാണ് പ്രമേയം. 12 മുതൽ 20 വരെ ആളുകളും അത്യാവശ്യം വലിയ ഒരു ഗ്രൗണ്ടും വേണം ഈ കഥ അവതരിപ്പിക്കാൻ. ഞാൻ ചെല്ലുമ്പോഴേക്കും സംഗതി ആരംഭിച്ചിരുന്നു. അരങ്ങുകേളിയും അരങ്ങു വാഴ്ത്തലും കഴിഞ്ഞ് ദാരികനും ദാരികനെ വധിക്കാൻ കാളിയും പുറപ്പെട്ടു കഴിഞ്ഞു..

അമ്പലത്തിനു മുൻപിലുള്ള തെങ്ങിൻ തോപ്പ് വൃത്തിയാക്കി റേസിംഗ് ഗ്രൗണ്ട് പോലെയാക്കിയിട്ടുണ്ട്. ചെറിയ കുഴികളും മൺ കൂനകളുമായി ഗ്രൗണ്ട് സെറ്റ് ചെയ്തിരിക്കുകയാണ്. ഞാൻ പതിയെ ചുറ്റും കൂടി നിൽക്കുന്ന ആളുകളുടെ ഇടയിലൂടെ മുന്നിലെത്തി ഒരു കോർണർ ചേർന്ന് കാഴ്ചക്കാരനായി നിന്നു.

ഭക്തിപുരസ്സരം ദാരികാവധം കാണാൻ നിൽക്കുന്ന ഭക്തജനങ്ങൾ നോക്കി നിൽക്കേ ഗ്രൗണ്ടിന്റെ ഒരു സൈഡിൽ നിന്നും ഒരു അലർച്ചയോടെ ദാരികൻ ഓടി രംഗപ്രവേശം ചെയ്തു. വാളും എടുത്തുകെട്ടുകളുമായി വരുന്ന കാളിയെയും ജനങ്ങൾ ആകാംക്ഷയോടെ കാത്തിരിക്കുകയാണ്. ദാരികനെ വധിക്കാൻ കാളി വരുമ്പോൾ നിറയെ കാണികൾ ഉണ്ടെങ്കിൽ കാളിക്ക് അല്പം ആവേശം കൂടും. പുറകെ ഓടുന്നതിനിടെ കാളി, കാഴ്ചക്കാരുടെ അടുത്തു കൂടെ ഒക്കെ ഓടും. കൈയിൽ വാളും ചോര നിറമുള്ള നാവും ദംഷ്ട്രയും എല്ലാം കാണുമ്പോൾ കുട്ടികൾക്കൊക്കെ പേടിയാകുകയും ചെയ്യും.

അത്രയും നേരം ഒറ്റയ്ക്കെന്ന പോലെ നിന്നിരുന്ന എന്റെ ചുറ്റും ആളുകൾ നിറഞ്ഞു. മുൻപോട്ടുള്ള എന്റെ കാഴ്ച മറഞ്ഞു തുടങ്ങിയപ്പോൾ ഞാൻ എത്തി നോക്കി. ദാരികന്റെ പുറകെ പൊടിപറത്തിക്കൊണ്ട് കാളി വരുന്നുണ്ട്. വലിയ ബഹളങ്ങളൊന്നുമില്ലാതെ വല്ല വിധേനയും ഇത് തീർത്താ മതി എന്ന മട്ടിൽ ഒരു നിമിഷം കൊണ്ട് ദാരികനും കാളിയും എന്നെ ക്രോസ് ചെയ്ത് നീങ്ങിയപ്പോൾ അപ്രതീക്ഷിതമായ ഒരു കാഴ്ച കണ്ട് ഞാൻ ഞെട്ടി.

കൊല്ലാനായി കാളിയും ചാകാതിരിക്കാൻ ദാരികനും ഗ്രൗണ്ടിനുള്ളിൽ തലങ്ങും വിലങ്ങും ഓടി നടക്കുമ്പോൾ മുണ്ടിന്റെ മടക്കിക്കുത്ത് അഴിച്ചു വിട്ടതു കൊണ്ട് ഓട്ടം അല്പം പതുക്കെയായെങ്കിലും കാളിയുടെ നേരെ ചൂണ്ടിയ ക്യാമറയുമായി പുറകെ തന്നെ പിടിക്കുന്ന മറ്റൊരാൾ!

ഒരു റൗണ്ട് കഴിഞ്ഞപ്പോ എനിക്കൊരു സംശയം..

ഇതിപ്പോ ദാരികനെ കാളി ഓടിക്കുവാണോ അതോ കാളിയെ അച്ഛൻ ഓടിക്കുവാണോ അതോ അച്ഛനെ ദാരികൻ ഓടിക്കുവാണോ...

കാളിയാണെങ്കിൽ ഇടയ്ക്കിടയ്ക്ക് തിരിഞ്ഞു നോക്കുന്നുമുണ്ട്!

പണിക്കത്തി അഥവാ പണിക്കരുടെ കത്തി!

# മോഹൻലാലിന്റെ ബ്രഹ്മാണ്ഡ പാൻ ഇന്ത്യൻ ചിത്രം 'വൃഷഭ'



സമ്മകഥ

മോഹൻലാലിനെ നായകനാക്കി ഒരുക്കുന്ന ബ്രഹ്മാണ്ഡ പാൻ ഇന്ത്യൻ ഇതിഹാസ ചിത്രം വൃഷഭയുടെ ചിത്രീകരണം പൂർത്തിയായി. മുംബൈയിൽ നടന്ന അവസാന ഷെഡ്യൂളോടെയാണ് ചിത്രം പൂർത്തിയായത്. ചിത്രത്തിലെ അഭിനേതാക്കളും അണിയറപ്രവർത്തകരും ഈ അവസരത്തെ ഒരു വലിയ കേക്ക് മുറിക്കൽ ചടങ്ങോടെ ആഘോഷിച്ചു. വൃഷഭ ടീമിന്റെ മാസങ്ങളുടെ കഠിനാധ്വാനം, അർപ്പണബോധം, സൃഷ്ടിപരമായ സഹകരണം എന്നിവ ആഘോഷിച്ച ചടങ്ങ് ഒരേ സമയം ആവേശം നിറഞ്ഞതും വൈകാരികവുമായിരുന്നു.പ്രശസ്ത സംവിധായകൻ നന്ദകിഷോർ രചനയും സംവിധാനവും നിർവഹിച്ച ചിത്രം, കണക്റ്റ് മീഡിയയും ബാലാജി ടെലിഫിലിംസും ചേർന്നാണ് അവതരിപ്പിക്കുന്നത്. വലിപ്പം, ആകർഷകമായ കഥപറച്ചിൽ, താരനിര എന്നിവ കൊണ്ട് വലിയ ശ്രദ്ധ നേടുന്ന ഈ ചിത്രം, ആക്ഷൻ, വൈകാരികത, ഭാരതീയ പുരാണ കഥ എന്നിവയുടെ സവിശേഷമായ സംയോജനത്തോടെ പ്രേക്ഷകരെ നാടകീയമായ സംഭവവികാസങ്ങളുടേയും വിസ്മയകരമായ ദൃശ്യങ്ങളുടെയും ലോകത്തേക്ക് എത്തിക്കുകയാണ് ലക്ഷ്യമിടുന്നത്.

മലയാളത്തിലും തെലുങ്കിലും ഒരേസമയം ചിത്രീകരിച്ച ഈ ചിത്രം പാൻ ഇന്ത്യൻ തലത്തിലും ആഗോള തലത്തിലും വമ്പൻ സിനിമാനുഭവം ഉറപ്പാക്കുന്ന തരത്തിലാണ് ഒരുക്കുന്നത്. മോഹൻലാലിനൊപ്പം ഒട്ടേറെ മികച്ച അഭിനേതാക്കളും അണിനിരക്കുന്ന ചിത്രം, മികച്ച ആക്ഷൻ രംഗങ്ങൾ കൊണ്ടും ഗംഭീര ഛായാഗ്രഹണം കൊണ്ടും സാങ്കേതികമായി പ്രേക്ഷകർക്ക് അതിശയകരമായ കാഴ്ച വാഗ്ദാനം ചെയ്യുന്നു

# സിഎംഎ വിമൻസ്ഡേ ആഘോഷം മാർച്ച് 8-ന്

**ബിജു മുണ്ടക്കൽ**


ചിക്കാഗോ: ചിക്കാഗോ മലയാളി അസോസിയേഷന്റെ ആഭിമുഖ്യത്തിലുള്ള ഈ വർഷത്തെ വിമൻസ്ഡേ ആഘോഷങ്ങൾ മാർച്ച് 8-ന് ബെൽവുഡിലുള്ള സീറോമലബാർ ചർച്ചിന്റെ ഓഡിറ്റോറിയത്തിൽ വെച്ച് വിപുലമായി ആഘോഷിക്കുന്നതിന് സിഎംഎ ഡയറക്ടർ ബോർഡ് യോഗം തീരുമാനിച്ചു.

മാർച്ച് എട്ടിന് വൈകിട്ട് 5.30-ന് നടക്കുന്ന പൊതുസമ്മേളനത്തിനു ശേഷം വിവിധ കലാപരിപാടികളും തുടർന്ന് വർണ്ണാഭമായ ഫാഷൻഷോയും അരങ്ങേറും. ആഘോഷങ്ങളുടെ വിജയകരമായ നടത്തിപ്പിനായി സിബിൽ ഫിലിപ്പ്, ഷൈനി ഹരിദാസ്, ഷാന മോഹൻ, സാറ അനിൽ എന്നിവരെ യോഗം തെരഞ്ഞെടുത്തു.

ഈ ആഘോഷപരിപാടികളിലേക്ക് ചിക്കാഗോയിലുള്ള എല്ലാ വനിതാ സുഹൃത്തുക്കളെയും കുടുംബസമേതം സ്വാഗതം ചെയ്യുന്നതായി ചിക്കാഗോ മലയാളി അസോസിയേഷൻ പ്രസിഡണ്ട് ജെസ്സി റിൻസി, സെക്രട്ടറി ആൽവിൻ ഷിക്കോർ, ട്രഷറർ മനോജ് അച്ചേട്ട്, വൈസ് പ്രസിഡണ്ട് ഫിലിപ്പ് പുത്തൻപുര, ജോ. സെക്രട്ടറി വിവീഷ് ജേക്കബ്, ജോ. ട്രഷറർ സിബിൽ ഫിലിപ്പ് എന്നിവർ അറിയിച്ചു.

ഫാഷൻ ഷോയിൽ പങ്കെടുക്കാൻ താല്പര്യമുള്ളവർ ഈ മാസം 28-ന് മുമ്പായി താഴെപ്പറയുന്ന ഫോൺ നമ്പറുകളിൽ രജിസ്റ്റർ ചെയ്യാവുന്നതാണെന്ന് ഭാരവാഹികൾ അറിയിച്ചു. സിബിൽ ഫിലിപ്പ് 630 697 2241, ഷൈനി ഹരിദാസ് 630 290 7143, ഷാന മോഹൻ 847 224 9624, സാറ അനിൽ 630 914 0713.


ജെസ്സി റിൻസി (പ്രസിഡണ്ട്)


ആൽവിൻ ഷിക്കോർ (സെക്രട്ടറി)


മനോജ് അച്ചേട്ട് (ട്രഷറർ)


ഫിലിപ്പ് പുത്തൻപുര (വൈ. പ്രസിഡണ്ട്)


വിവീഷ് ജേക്കബ് (ജോ. സെക്രട്ടറി)


സിബിൽ ഫിലിപ്പ് (ജോ. ട്രഷറർ)


ഷൈനി ഹരിദാസ്


ഷാന മോഹൻ


സാറ അനിൽ

# അസീന ഭാരവാഹികളുടെ സ്ഥാനാരോഹണച്ചടങ്ങുകൾ പ്രൗഢോജ്ജ്വലമായി

**മനു നായർ**

ഫീനിക്സ്: നോർത്ത് അമേരിക്കൻ ഇന്ത്യൻ നേഴ്സസ് അസോസിയേഷൻ (നൈന)യുടെ അരിസോണ ചാപ്റ്ററായ അരിസോണ ഇന്ത്യൻ നേഴ്സസ് അസോസിയേഷന്റെ (അസീന) 2025-2026 വർഷത്തേക്കുള്ള ഭാരവാഹികൾ സ്ഥാനമേല്ക്കുകയും 2023-2024 -ലെ ഭാരവാഹികളെ അനുമോദിക്കുകയും ചെയ്യുന്ന ചടങ്ങ് ജനുവരി 18 -ന് ശനിയാഴ്ച അരിസോണയുടെ തലസ്ഥാനമായ ഫീനിക്സിൽ വെച്ച് പ്രമുഖ വ്യക്തിത്വങ്ങളുടെ സാന്നിദ്ധ്യത്തിൽ അതിവിപുലമായി വൈവിദ്ധ്യമാർന്ന ചടങ്ങുകളോടെ നടത്തപ്പെട്ടു.

അരിസോണയിലെ ഇന്ത്യൻ വംശജരായ നേഴ്സുമാരെയും നേഴ്സിങ് വിദ്യാർത്ഥികളെയും ഒരുമിപ്പിക്കുന്നതിലും അവർക്കാവശ്യമായ പിന്തുണ നല്കുന്നതിലും ശ്രദ്ധ കേന്ദ്രീകരിക്കുന്ന ഒരു ലാഭരഹിത പ്രൊഫഷണൽ സംഘടനയാണ് അസീന. കഴിഞ്ഞ രണ്ടു വർഷത്തിനിടെ അസീന നേടിയ വളർച്ചയെക്കുറിച്ചും നേട്ടങ്ങളെക്കുറിച്ചും വിശിഷ്യാ സമൂഹത്തിൽ ഉണ്ടാക്കിയ ശക്തമായ സ്വാധീനത്തെക്കുറിച്ചും സ്ഥാനമൊഴിയുന്ന പ്രസിഡണ്ട് എലിസബത്ത് സാം വിശദീകരിച്ചു.

പ്രധാന അതിഥിയായും മുഖ്യപ്രഭാഷകയായും പങ്കെടുത്തത് നൈന 2023-2024 പ്രസിഡണ്ട് സുജാ തോമസ് ആയിരുന്നു. അതിനോടൊപ്പം വിശിഷ്ടാതിഥിയായി മേഴ്സി ഗിൽബെർട് മെഡിക്കൽ സെന്റർ ഓപ്പറേഷൻസ് വൈസ് പ്രസിഡണ്ട് റുഡി അപഡാക്കയും സന്നിഹിതനായിരുന്നു. കൂടാതെ ഫാ. സജി മാർക്കോസ്, ഡോ. പത്മ അക്കിങ്, പാസ്റ്റർ ജിമ്മി തോമസ് എന്നിവരും പ്രത്യേക ആശംസകൾ അർപ്പിച്ചു. സമൂഹനേതാക്കളും നേഴ്സിങ് സംഘടനാ പ്രതിനിധികളും അസീന അംഗങ്ങളും അവരുടെ കുടുംബാംഗങ്ങളും ഈ ആഘോഷകരമായ പരിപാടിയിൽ പങ്കെടുത്തു.

സിൻസി തോമസ്, മെർലിൻ ഹെൻറി എന്നിവർ ചേർന്ന് ഇന്ത്യയുടെയും അമേരിക്കയുടെയും ദേശീയ ഗാനങ്ങൾ ആലപിച്ചുകൊണ്ട് ആഘോഷപരിപാടികൾ ആരംഭിച്ചു. തുടർന്ന് അസീനയുടെ 2023-2024 പ്രസിഡണ്ട് എലിസബത്ത് സുനിൽ സാം ഉദ്ഘാടനപ്രസംഗം നടത്തി. ഡോ. സുജ തോമസ് ആകർഷകമായ മുഖ്യപ്രഭാഷണം നടത്തിയതിനുശേഷം അതിഥികൾ ചേർന്ന് ദീപം തെളിച്ചതോടെ കാര്യപരിപാടികൾക്ക് ഔപചാരികമായ തുടക്കമായി. സംഘടനയുടെ നേതാക്കളായ ഡോ. ഷാജു ഫ്രാൻസിസും ജെസ്സി ഏബ്രഹാമും ചേർന്ന് പരിപാടിയുടെ അവതാരകരായി പ്രവർത്തിച്ചു.

സിൻസി തോമസും മേരി ബിജുവും നേതൃത്വം നല്കിയ മാർഗ്ഗംകളി എന്ന കേരളത്തിന്റെ സാംസ്കാരിക നൃത്തം ശ്രദ്ധേയമായ ഒന്നായിരുന്നു. അസീനയുടെ സ്ഥാപകനേതാക്കളെ സുജാ തോമസ് ആദരിച്ചു. മേഴ്സി ഗിൽബെർട് മെഡിക്കൽ സെന്റർ വൈസ് പ്രസിഡണ്ട് റുഡി അപഡാക്ക ഉജ്ജ്വലമായ പ്രഭാഷണം നടത്തി. 2023-2024 തെരഞ്ഞെടുപ്പ് ചെയർ ജെസ്സി ഏബ്രഹാം പുതുതായി സ്ഥാനമേൽക്കുന്ന ഭരണസമിതി അംഗങ്ങൾക്ക് സത്യപ്രതിജ്ഞാ വാചകം ചൊല്ലിക്കൊടുത്തു.

അജിത നായർ, ആര്യ ബിന്ദു, എലിസബത്ത് സുനിൽ സാം, മേരി ബിജു, സുമ ജേക്കബ്, സീമ നായർ, ശോഭ കൃഷ്ണകുമാർ എന്നിവർ അവതരിപ്പിച്ച ലോസ്റ്റ് ഇൻ ട്രാൻസ്ലേഷൻ എന്ന ഹാസ്യനാടകം സദസ്യരെ ചിരിയിലാഴ്ത്തുകയും ആദ്യകാലത്ത് അമേരിക്കയിലെത്തിയ ഇന്ത്യൻ നേഴ്സുമാരുടെ അനുഭവങ്ങളും വെല്ലുവിളികളും ഓർമ്മിപ്പിക്കുകയും ചെയ്തു.

ഡോ. പത്മ അക്കിങ് അസീന മെന്റൽ ഹെൽത്ത് ഇനിഷ്യേറ്റീവ് (എഎംഎച്ച്ഐ) (ശേഷം 24-ാം പേജിൽ)







# മാരാമൺ കൺവൻഷന്റെ ചരിത്രവഴികളിലൂടെ...

**ബെൻസൺ തെങ്ങുംപള്ളിൽ**


ഏഷ്യയിലെ ഏറ്റവും വലിയ ക്രൈസ്തവ കൂട്ടായ്മയാണ് പത്തനംതിട്ട ജില്ലയിലെ കോഴഞ്ചേരി മാരാമൺ പമ്പാ മണൽപ്പുറത്ത് നടന്നുവരുന്ന മാരാമൺ കൺവൻഷൻ. ഏറെ പ്രത്യേകതകളും ചരിത്രമുഹൂർത്തങ്ങളും നിറഞ്ഞതാണ് മാരാമൺ കൺവൻഷന്റെ ചരിത്രം.

പതിനെട്ടാം നൂറ്റാണ്ടിന്റെ അവസാന കാലങ്ങളിൽ കേരളത്തിൽ ക്രിസ്തീയ സഭകളിൽ ഉണർവിന്റെ കാലഘട്ടങ്ങൾ ആയിരുന്നു. കേരളത്തിന്റെ പലയിടങ്ങളിലായി പ്രാർത്ഥനാ കൂട്ടായ്മകൾ ഉയർന്നുവന്നു. ഈ പ്രാർത്ഥനാ കൂട്ടായ്മകളിൽ ആളുകൾ വർദ്ധിച്ചുവന്നപ്പോൾ എല്ലാവർക്കും ഒന്നിച്ച് വരുവാൻ സാധിക്കുന്ന വിശാലമായ ഒരു ഇടത്ത് കൂടുവാൻ ആഗ്രഹിച്ചു. അങ്ങനെ ഒന്നിച്ചു കൂടുവാൻ തെരഞ്ഞെടുത്തത് പമ്പാ നദിയുടെ വെളുത്ത മണൽപ്പരപ്പിൽ ആയിരുന്നു. ഈ വിപുലമായ ഒത്തുകൂടലിന് ക്രമീകരണങ്ങൾ ചെയ്യാൻ മാർത്തോമ്മാ സുവിശേഷ സംഘത്തെ നിയോഗിക്കുകയും 1895 മാർച്ച് ഒമ്പതാം തീയതി മുതൽ പതിനെട്ടാം തീയതി വരെ ആദ്യത്തെ മാരാമൺ കൺവൻഷൻ നടത്തപ്പെടുകയും ചെയ്തു. വി.ഡി. ഡേവിഡ്, എൽ.എൻ. വേർഡ്സ്വർത്ത് എന്നിവരായിരുന്നു പ്രധാന പ്രഭാഷകർ. ഇവരുടെ ഇംഗ്ലീഷിലുള്ള പ്രസംഗം മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തിയത് കാക്കാശ്ശേരി വർഗീസ് ചെമ്മാച്ചൻ ആയിരുന്നു. 15,000-ത്തോളം ആളുകൾ ഈ യോഗങ്ങളിൽ പങ്കെടുത്തു. ആ കാലയളവിൽ ശരിയായ റോഡുകൾ ഇല്ലാതിരുന്നതിനാൽ വള്ളങ്ങളിലും മറ്റുമായിരുന്നു ആളുകൾ ഈ യോഗങ്ങളിൽ സംബന്ധിക്കുവാൻ വന്നിരുന്നത്. ദൂരസ്ഥലങ്ങളിൽ നിന്ന് വന്നവരിൽ മിക്കവരും മാരാമൺ പരിസരങ്ങളിലുള്ള വീടുകളിൽ പാർത്തുകൊണ്ട് യോഗങ്ങളിൽ പങ്കെടുത്തു.

അന്നത്തെ മാർത്തോമ്മാ മെത്രാപ്പോലീത്തയായിരുന്ന തീതോസ് ഒന്നാമന്റെ നിർദ്ദേശപ്രകാരം പെന്തെക്കോസ്ത് കൺവൻഷൻ എന്ന പേരിലാണ് കൺവൻഷൻ അറിയപ്പെട്ടത്. ഈ കാലയളവുകളിൽ അത്രയും മാരാമൺ കൺവൻഷൻ ചരിത്രം പരിശോധിച്ചാൽ ലോകപ്രസിദ്ധരായ അനേകം പ്രസംഗകരുടെ പാദസ്പർശം മാരാമൺ മണൽപ്പരപ്പിൽ പതിഞ്ഞിട്ടുണ്ട്. കൺവൻഷനിൽ അവർ പ്രഘോഷിച്ച പ്രസംഗങ്ങൾ മാരാമൺ കൺവൻഷന്റെ ചരിത്രത്താളുകളിൽ സുവർണ്ണ ലിപികളാൽ എഴുതപ്പെട്ടു.

മാരാമൺ കൺവൻഷൻ ചരിത്രത്തിലെ ഏറെ ശ്രദ്ധേയനായ പ്രസംഗകനായിരുന്നു സാധു സുന്ദർ സിംഗ്. 1917-ലെ കൺവൻഷനിലായിരുന്നു അദ്ദേഹം സംബന്ധിച്ചത്. അദ്ദേഹത്തിന്റെ പ്രസംഗം കേൾക്കാൻ ജനം പന്തലിൽ തിങ്ങിനിറഞ്ഞപ്പോൾ പലപ്രാവശ്യമായി പന്തലിന്റെ വലിപ്പം കൂട്ടേണ്ടതായി വന്നു. ഹിന്ദിയിലുള്ള അദ്ദേഹത്തിന്റെ പ്രസംഗം മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തിയത് തിരുവിതാംകൂർ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ആയിരുന്ന എം.ഒ. ഉമ്മൻ ആയിരുന്നു. സമാപനയോഗത്തിൽ സുന്ദർ സിംഗിന്റെ പ്രസംഗം കേൾക്കാൻ കൂടിവന്നത് മുപ്പത്തിരണ്ടായിരത്തിൽപ്പരം ജനമായിരുന്നു.

മാരാമൺ കൺവൻഷന്റെ ചരിത്രം പരിശോധിച്ചാൽ തമാശകൾ നിറഞ്ഞതും ഇന്നത്തെ തലമുറയ്ക്ക് അതിശയം ജനിപ്പിക്കുന്നതുമായ അനേകം കാര്യങ്ങൾ കാണാൻ സാധിക്കും. 1948-ൽ കോഴഞ്ചേരി പാലം നിർമ്മിക്കുന്നതുവരെയും പമ്പാ നദിയുടെ ഇരുകരകളെയും ബന്ധിപ്പിച്ചിരുന്നത് കെട്ടുവള്ളങ്ങൾ ആയിരുന്നു. അച്ചടിയും മറ്റും സർവ്വസാധാരണമല്ലായിരുന്ന ആ കാലയളവുകളിൽ പാട്ടുപുസ്തകങ്ങൾ കൺവൻഷനിൽ ഇല്ലായിരുന്നു. ആഞ്ഞിലിത്താനം വർക്കി ഉപദേശി, അങ്ങാടിക്കൽ അമ്പലവേലിയിൽ വർഗീസ് ഉപദേശി എന്നിവർ ഗാനശുശ്രൂഷയ്ക്ക് നേതൃത്വം നല്കി. മാരാമൺ കൺവൻഷനിലെ ഗായകസംഘം ദിവസങ്ങളോളമുള്ള പരിശീലനത്തിലൂടെ വളരെ ചിട്ടയോടെയാണ് കൺവൻഷനിൽ ഗാനങ്ങൾ ആലപിക്കുന്നത്. 1895 മുതൽ ഇന്നുവരെയും കൺവൻഷന്റെ സമാപനഗാനമായി പാടുന്നത് 'സ്തുതിപ്പിൻ സ്തുതിപ്പിൻ യേശുദേവനെ' എന്ന ഗാനമാണ്. അക്കോടിയൻ, പിയാനോ എന്നീ സംഗീത ഉപകരണങ്ങൾ ആദ്യമായി അവതരിപ്പിച്ചത് 1953-ൽ ഒരു മെഥഡിസ്റ്റ് മിഷനറിയായ ഡോ. ജോൺ ടി. സീമാൻഡ്സ് ആയിരുന്നു.



വിശാലമായ പന്തൽ പണിക്ക് ആവശ്യമായ ഓല കോഴഞ്ചേരിക്കു സമീപമുള്ള ഇടവകകളിൽ നിന്ന് കൊണ്ടുവന്ന് ആ ഇടവകകളിൽ നിന്നുള്ളവർ തന്നെ പന്തൽ പണി നിർവഹിക്കുകയാണ് ചെയ്യുന്നത്. പ്രധാന പന്തലിനു സമീപം കൊച്ചുകുട്ടികളുമായി വരുന്ന സ്ത്രീകൾക്ക് കുട്ടിപ്പന്തൽ ഒരുക്കുന്നതും പതിവാണ്. 1936 മുതലാണ് കൺവൻഷനിൽ ഉച്ചഭാഷിണികൾ ഉപയോഗിച്ചു തുടങ്ങിയത്. ആ കാലയളവ് വരെയും പ്രസംഗം പന്തലിന്റെ വിവിധ ഭാഗങ്ങളിൽ നിയോഗിക്കപ്പെട്ടവർ ഏറ്റുപറയുന്നതായിരുന്നു പതിവ്. അന്നത്തെ കൺവൻഷന്റെ പ്രധാന പ്രസംഗകനായിരുന്ന ഡോ. സ്റ്റാൻലി ജോൺസനാണ് അമേരിക്കയിൽ നിന്ന് ഉച്ചഭാഷിണി കൊണ്ടുവന്ന് കൺവൻഷന് സമ്മാനിച്ചത്. സ്റ്റാൻലി ജോൺസ് ആ വർഷങ്ങളിലെ കൺവൻഷനുകളിലെ പ്രധാന പ്രസംഗകരിൽ ഒരാളായിരുന്നു. കേരളത്തിൽ പുകയിലയുടെ ഉപയോഗം സർവ്വസാധാരണമായിരുന്ന ഒരു കാലഘട്ടമായിരുന്നു അത്. സ്റ്റാൻലി ജോൺസ് തന്റെ പ്രസംഗത്തിൽ പുകയില ഉല്പന്നങ്ങളുടെ ഉപയോഗം ഒഴിവാക്കണമെന്ന് ജനങ്ങളോട് ആവശ്യപ്പെടുകയും തങ്ങളുടെ കൈയിലുള്ള പുകയില തറയിൽ മണലിൽ കുഴിച്ചിടാനും ആവശ്യപ്പെട്ടു. മറ്റൊരു സന്ദർഭത്തിൽ ജനത്തിൽ നിന്ന് പുകയില ഉല്പന്നങ്ങൾ എല്ലാം ശേഖരിച്ച് പന്തലിനു സമീപം എല്ലാവരുടെയും മുൻപിൽ വെച്ച് കത്തിച്ചു.

ഓരോ വർഷം കഴിയുന്തോറും ജനപങ്കാളിത്തം കൺവൻഷനിൽ കൂടിവന്നു. 1917 മുതൽ രാത്രി യോഗങ്ങളിൽ സ്ത്രീകളെ ഒഴിവാക്കി പുരുഷന്മാർക്ക് മാത്രമായി നടത്തപ്പെട്ടു. ഇത് 2018 വരെ തുടർന്നു. മതസൗഹാർദ്ദത്തിന്റെ അനേകം സന്ദർഭങ്ങളും മാരാമൺ കൺവൻഷനിൽ ഉണ്ടായിട്ടുണ്ട്. 1936 മാർച്ച് 9-ന് എസ്എൻഡിപി യോഗത്തിന്റെ പ്രമുഖ നേതാക്കളിൽ ഒരാളും കേരള കൗമുദി പത്രത്തിന്റെ സ്ഥാപകനുമായ സി.വി. കുഞ്ഞിരാമൻ കൺവൻഷനിൽ സംസാരിച്ചു.

മാരാമൺ കൺവൻഷന്റെ പ്ലാറ്റിനം ജൂബിലി ആഘോഷിച്ചത് 1970-ൽ ആണ്. 1995-ൽ കൺവൻഷന്റെ ശതാബ്ദി ആഘോഷിച്ചത് നിരവധി പ്രത്യേകതകളോടു കൂടിയായിരുന്നു. നൂറ് സുവിശേഷകർ മിഷനറി പ്രവർത്തനത്തിനായി സമർപ്പിച്ചു. 15 മിഷൻ ഫീൽഡുകൾ തുറന്നു. ശതാബ്ദി സ്മരണികയായി തപാൽ വകുപ്പ് പ്രത്യേക കവറും പുറത്തിറക്കി.

കൺവൻഷന്റെ പ്രത്യേകതകളിൽ എടുത്തു പറയേണ്ട ഒന്നാണ് അവിടുത്തെ അച്ചടക്കവും മറ്റ് ക്രമീകരണങ്ങളും. കൺവൻഷൻ പമ്പാ നദിയുടെ മണൽപ്പരപ്പിൽ ആയതിനാൽ പരിസ്ഥി



ലേഖകൻ

തി സൗഹൃദത്തിന് വളരെ മുൻതൂക്കം നല്കുന്നു.

മാർത്തോമ്മാ സഭയുടെ എല്ലാ സംഘടനകളുടെയും ഭദ്രാസനങ്ങളുടെയും ഓഫീസുകൾ മണൽപ്പുറത്ത് ചിട്ടയായി നടത്തപ്പെടുന്നു.

മാരാമൺ കൺവൻഷൻ മാർത്തോമ്മാ സഭയുടെ ചുമതലയിലാണ് നടത്തപ്പെടുന്നത്. എങ്കിലും കേരളത്തിലെ എല്ലാ ക്രൈസ്തവ വിശ്വാസികളുടെയും സമ്മേളനമായാണ് കണക്കാക്കുന്നത്.

130-ാമത് മാരാമൺ കൺവൻഷൻ 2025 ഫെബ്രുവരി 9 മുതൽ 16 വരെ നടക്കുകയാണ്. ഏറെ പ്രതീക്ഷകളോടെ കൺവൻഷനിൽ സംബന്ധിക്കുന്ന വിശ്വാസിസമൂഹത്തിന് അനുഗ്രഹവും ആശ്വാസവുമായിത്തീരും എന്ന പ്രതീക്ഷയോടെ....

# ജോൺസൺ കണ്ണൂക്കാടൻ ഫോമാ 2026–2028 ജോയിന്റ് ട്രഷറർ സ്ഥാനാർത്ഥി

ചിക്കാഗോ: ഫോമാ സെൻട്രൽ റീജിയന്റെ ആർ.വി.പിയായി ഇപ്പോൾ പ്രവർത്തിച്ചു വരുന്ന ജോൺസൺ കണ്ണൂക്കാടൻ ഫോമാ 2026-2028 ജോയിന്റ് ട്രഷറർ സ്ഥാനാർത്ഥിയാകുന്നു. ഫോമായുടെ ആരംഭം മുതൽ സംഘടനയുടെ വളർച്ചയിൽ പങ്കാളി ആയിരുന്നു. 2018-ൽ ചിക്കാഗോയിൽ വെച്ച് നടന്ന ഫോമാ കൺവൻഷന്റെ അത്യുജ്വല വിജയത്തിന്റെ കോ-ഓർഡിനേറ്ററായി പ്രവർത്തിച്ചു. പിന്നീടുള്ള രണ്ട് വർഷം ഫോമായുടെ നാഷണൽ ക്രെഡൻഷ്യൽ കോ-ഓർഡിനേറ്റർ ആയും കാൻകൂണിൽ വെച്ച് നടത്തപ്പെട്ട ഫോമാ കൺവൻഷന്റെ കലാമേളയുടെ ചെയർമാനായും വിജയകരമായി പ്രവർത്തിച്ചു. പൂണ്ടാകാനയിൽ വെച്ച് നടത്തപ്പെട്ട ഇക്കഴിഞ്ഞ ഫോമാ കൺവൻഷന്റെ സുവനീർ കമ്മിറ്റി കോ-ചെയർമാനായും പ്രവർത്തിച്ചു.

ദീർഘകാലത്തെ പ്രവർത്തന പരിചയവും അനുഭവസമ്പത്തുമാണ് എന്നെ ചിക്കാഗോ മലയാളി സമൂഹത്തിന് സുസമ്മതനാക്കിയതെന്ന് ഞാൻ കരുതുന്നു. മുൻപ് ചിക്കാഗോ മലയാളി അസോസിയേഷന്റെ പ്രസിഡണ്ട് ആയിരുന്നപ്പോൾ, പ്രത്യേകിച്ച് കോവിഡ് കാലഘട്ടത്തിൽ നിരവധി ജീവകാരുണ്യ പ്രവർത്തനങ്ങൾ ചെയ്യുവാൻ സാധിച്ചു. അന്നു തുടങ്ങിവെച്ച ചാരിറ്റി പ്രവർത്തനങ്ങളുടെ ഭാഗമായി നമ്മുടെ നാട്ടിലെ ഭവനരഹിതരായ ആളുകൾക്ക് 25-ൽപരം വീടുകൾ നിർമ്മിച്ചു കൊടുക്കാൻ സാധിച്ചത് ഏറ്റവും അഭിമാനകരമായ ഒരു നേട്ടമായിരുന്നു. ചിക്കാഗോ മലയാളി അസോസിയേഷന്റെ ചാരിറ്റി ചെയർമാനായി ഇപ്പോഴും എന്റെ പ്രവർത്തനങ്ങൾ തുടരുന്നു.

ചിക്കാഗോ മലയാളി അസോസിയേഷന്റെ ഗോൾഡൻ ജൂബിലി കൺവൻഷൻ നടന്നപ്പോൾ അതിന്റെ ഫിനാൻഷ്യൽ ചെയർമാനായും വളരെ വിജയകരമായി പ്രവർത്തിക്കാൻ എനിക്ക് സാധിച്ചത് വളരെ നന്ദിപൂർവം ഞാൻ സ്മരിക്കുന്നു.

എന്റെ സാമൂഹിക പ്രവർത്തനങ്ങൾ ഞാൻ ആരംഭിച്ചത് 1988-ൽ സീറോ മലബാർ സഭയുമായി ബന്ധപ്പെട്ടാണ്. സെന്റ് വിൻസന്റ് ഡിപോൾ സൊസൈറ്റി പ്രസിഡണ്ട്, എസ്എംസിസി പ്രസിഡണ്ട്, എക്യുമെനിക്കൽ കൗൺസിൽ ട്രഷറർ എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. എസ്എംസിസി നാ



ഷണൽ വൈസ് പ്രസിഡണ്ട് ആയി ഇപ്പോഴും പ്രവർത്തിച്ചുവരുന്നു. മികച്ച സംഘടനാ പ്രവർത്തനത്തിനുള്ള നിരവധി പുരസ്കാരങ്ങൾ എനിക്ക് ലഭിച്ചിട്ടുണ്ട്. ഏറ്റെടുക്കുന്ന കാര്യങ്ങൾ വളരെ കാര്യക്ഷമമായും സമയബന്ധിതമായും ചെയ്ത് അത് ഏറ്റവും ഭംഗിയാക്കുക എന്നതാണ് എന്റെ പ്രവർത്തനശൈലി. ഏറ്റെടുക്കുന്ന കർത്തവ്യം അത് എന്തുതന്നെയായാലും എല്ലാവരെയും ചേർത്തുപിടിച്ച്, ഒരുമയോടെ പ്രവർത്തിച്ചാൽ വിജയം സുനിശ്ചിതമാണെന്ന് എന്റെ അനുഭവത്തിൽ നിന്ന് എനിക്ക് പറയാൻ കഴിയും. ഇതുവരെ ഏറ്റെടുത്ത എല്ലാ ചുമതലകളും വിജയകരമായും ഭംഗിയായും ചെയ്യുവാൻ കഴിഞ്ഞതിന്റെ അനുഭവസമ്പത്തും ദീർഘകാലത്തെ പ്രവർത്തനപരിചയവും ഫോമായുടെ ജോയിന്റ് ട്രഷറർ എന്ന നിലയിലും പ്രവർത്തിക്കുവാൻ എന്നെ സഹായിക്കും എന്ന് എനിക്ക് ഉത്തമ വിശ്വാസമുണ്ട്.

ടീം വർക്ക് ഏറെ ഇഷ്ടപ്പെടുന്ന ഞാൻ ഈ സ്ഥാനത്തേക്ക് തെരഞ്ഞെടുക്കപ്പെട്ടാൽ നിങ്ങളോട് ഏവരോടും ചേർന്ന് നിന്നുകൊണ്ട് അടുത്ത രണ്ടു വർഷങ്ങൾ പ്രവർത്തിക്കും എന്ന് ഉറപ്പു നല്കിക്കൊണ്ട്, നിങ്ങളുടെ ഏവരുടെയും സഹകരണങ്ങൾ അഭ്യർത്ഥിച്ചുകൊള്ളുന്നു.

നിങ്ങളുടെ ജോൺസൺ കണ്ണൂക്കാടൻ (ഫോൺ: 847 477 0564).

# ഇ.എം. സ്റ്റീഫന്റെ കിതപ്പും മലയാളികളുടെ കുതിപ്പും ചരിത്രത്താളുകളിൽ

**അലക്സ്**

ന്യൂയോർക്ക്: മൂന്നു പതിറ്റാണ്ടായി അമേരിക്കൻ മലയാളികളുടെ മേൽവിലാസമായി നിലകൊള്ളുന്ന കേരള സെന്ററിന്റെ സ്ഥാപകൻ ഇ.എം. സ്റ്റീഫൻ എഴുതിയ 'കേരള സെന്റർ: ഒരു ചരിത്ര രേഖ' പ്രകാശനം ചെയ്തു. സർഗ്ഗവേദിയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച ചടങ്ങിൽ ആദ്യകാല മലയാളി പ്രൊഫ. ജോസഫ് ചെറുവേലി





കോപ്പി ഫൊക്കാന മുൻ പ്രസിഡണ്ടും ജനനി പത്രാധിപരുമായ ജെ. മാത്യൂസിനു നൽകി പ്രകാശനം നിർവഹിച്ചു. നേരത്തെ ജോൺ പോൾ എഴുതിയ 'ഒരു യാത്രയുടെ ലക്ഷ്യം' എന്ന പുസ്തകം പ്രൊഫ. തെരേസ ആന്റണിക്ക് കോപ്പി നൽകി ഡോ. ശശിധരൻ കൂട്ടാലയും പ്രകാശനം ചെയ്തു. പി.ടി. പൗലോസ് അദ്ധ്യക്ഷത വഹിച്ചു.

കേരള സെന്ററിന്റെ തുടക്കകാലത്തെ വിഷമതകളും സ്റ്റീഫനും സഹപ്രവർത്തകരായ ജോസ് ചുമ്മാർ കോരക്കുടിലിൽ, അലക്സ് എസ്തപ്പാൻ, തമ്പി തലപ്പിള്ളി തുടങ്ങിയവരും നേരിട്ട വിഷമതകൾ ചൂണ്ടിക്കാട്ടി. വൈഎംസിഎ ബിൽഡിംഗിലെ കുളം നികത്തിയാണ് ഇപ്പോഴത്തെ ഹാൾ നിർമ്മിച്ചത്.

2024 വർഷത്തിൽ അമേരിക്കയുടെ പ്രവാസ ജീവിതത്തിന്റെ വെള്ളിവെളിച്ചമായി പ്രശോഭിക്കുന്ന കേരള സെന്ററിന്റെ ചരിത്രം പുസ്തകരൂപത്തിൽ ഇറങ്ങി എന്നുള്ളത് ചെറിയ കാര്യമല്ല. വർഷാവസാനം ഏറ്റവും ധന്യമായ ഒരു വർഷമായി മാറിയത് ഈ പുസ്തകം കൈയിൽ കിട്ടിയതുകൊണ്ട് കൂടിയാണ് ...ന്യൂയോർക്കിലെ കേരള സെന്റർ രൂപീകരണത്തിൽ അനുഭവിച്ച കാര്യങ്ങൾ ഒരു പോരാട്ടത്തിന്റെ അതിജീവനത്തിന്റെ അനുഭവ കഥയാണ്.... നടന്ന വഴികൾ ദുരിത പൂർണമായ ഭൂതകാലത്തിന്റെ ആകുമ്പാൾ പ്രസ്ഥാനമാക്കി വളർത്താൻ പോരാടിയവർക്ക് അത്ര നിസ്സാരമല്ല ആ യാത്ര. ജോൺ എഫ്. കെന്നഡി പറഞ്ഞപോലെ "നിങ്ങളുടെ നാട് നിങ്ങൾക്കുവേണ്ടി എന്തു ചെയ്തുവെന്ന ചോദ്യം അപ്രസക്തമാണ്. എന്നാൽ നിങ്ങൾ സ്വദേശത്തിനുവേണ്ടി എന്ത് ചെയ്തുവെന്നതാണ് പ്രസക്തം- പ്രധാനവും." അതെ മഹനീയമായ ഈ ചോദ്യത്തിന് ഉത്തരമാണ് ഇ.എം. സ്റ്റീഫനെന്നു നാട്ടുമ്പുറത്തുകാരനായ അമേരിക്കൻ പ്രവാസിയുടെയും കുറച്ചു മഹത്വ്യക്തികളുടെയും അഭിമാനകരമായ കഠിനാധ്വാനത്തിന്റെ പൂർത്തീകരണമാണ് ന്യൂയോർക്കിലെ കേരള സെന്റർ എന്ന സ്ഥാപനം. അതിന്റെ ചരിത്രമാണ് ഈ പുസ്തകത്തിൽ തീർച്ചയായും ഫൊക്കാനയും ഫോമായും വേൾഡ് മലയാളിയും അവയിലെ പ്രവർത്തകരും നേതാക്കളും ഒക്കെ വായിച്ചിരിക്കേണ്ട പുസ്തകമെന്നു ജോസ് കാടാപുറം തന്റെ ആമുഖ പ്രസംഗത്തിൽ പറഞ്ഞു.

മഹത്തുക്കളായ രണ്ടു വ്യക്തികളുടെ, അതിലുപരി നന്മയുള്ള രണ്ടുപേരുടെ, ജീവിത കഥയാണ് പ്രകാശം ചെയ്യപ്പെടുന്നതെന്ന് പ്രൊഫ. ചെറുവേലി പറഞ്ഞു. 1967-ൽ തന്റെ 30-ാമത് ജന്മദിനം ആഘോഷിക്കാൻ ബാറ്ററി പാർക്കിൽ നിന്ന് ഇൻവുഡ് പാർക്ക് വരെ ഒട്ടേറെ മൈലുകൾ താനും സുഹൃത്തുക്കളും നടക്കുകയുണ്ടായി. ഇന്നിപ്പോൾ വാക്കർ സഹായമില്ലാതെ 30 അടി നടക്കാനാവില്ല. ഒരിക്കലും പ്രായമാകരുത് എന്നതാണ് എല്ലാവരോടുമുള്ള തന്റെ ഉപദേശം.

ഈ പരിപാടി സംഘടിപ്പിച്ചത് സർഗ്ഗവേദിയാണ്. ഞങ്ങൾ എട്ടുപേർ ചേർ




ന്നാണ് അതിന് തുടക്കമിട്ടത്. നാലു പേർ ഇപ്പോഴില്ല. ഗോപാലൻ നായർ, ജോയി ലൂക്കോസ്, ഡോ. ഇല്ലിക്കൽ, ലില്ലിക്കുട്ടി ഇല്ലിക്കൽ എന്നിവർ. അവശേഷിക്കുന്നത് ജയൻ കെ.സി., മനോഹർ തോമസ്, സുധീർ പണിക്കവീട്ടിൽ, താൻ എന്നിവരാണ്.

താനൊരു ക്യാപിലിസ്റ്റ് ചിന്താഗതിക്കാരനും മതത്തിൽ വിശ്വസിക്കുന്ന ആളുമാണ്. സ്റ്റീഫന് അവയോട് താല്പര്യമില്ല എന്നറിയാം.

സെന്റർ ഫലവത്താക്കുന്നതിൽ സ്റ്റീഫന്റെ പ്രയത്നങ്ങളും നേരിട്ട വിഷമതകളും ഒരിക്കലും മറക്കാവുന്നതല്ല. അദ്ദേഹത്തിന്റെ പേര് അനശ്വരമാക്കാൻ ആ ഹാളിനു ഇ.എം. സ്റ്റീഫൻ ഹാൾ എന്ന് പേരിടാമെന്നാണ് തന്റെ അഭിപ്രായം. വിക്ടോറിയ രാജ്ഞിയുടെ ജൂബിലി പ്രമാണിച്ച് തിരുവനന്തപുരത്ത് വിക്ടോറിയ ജൂബിലി ടൗൺ ഹാൾ നിർമ്മിച്ചതും മുംബൈയിൽ വിക്ടോറിയ ടെർമിനസ് ഉണ്ടായതും അദ്ദേഹം ചൂണ്ടിക്കാട്ടി.

എന്നാൽ ഒരിക്കലും അങ്ങനെ പേരിടരുതെന്ന് ജെ. മാത്യൂസ് പറഞ്ഞു. സ്ഥാപനത്തിന്റെ വ്യക്തിത്വത്തിന് തന്നെ എതിരാണ് അത്. തങ്ങളുടെ പേര് നിലനിർത്താൻ രാജാക്കന്മാരും മറ്റും മുൻപ് അത് ചെയ്തിരിക്കാം. പക്ഷേ, ഈ സ്ഥാപനം ജനങ്ങളുടേതാണ്.

ഇവിടെ ആദ്യത്തെ പൊതുപരിപാടിയായി നടന്നത് ജോസ് ചുമ്മാർ കോരക്കുടിലിന്റെ കുട്ടിയുടെ മാമ്മോദീസ ആഘോഷമായിരുന്നുവെന്ന് അദ്ദേഹം അനുസ്മരിച്ചു. പിന്നീടത് നിരവധി സമ്മേളനങ്ങൾക്ക് സാക്ഷിയായി. ഈയിടെ ലാനയുടെ ത്രിദിന സാഹിത്യസമ്മേളനവും ഇവിടെ നടന്നു.

ഏതാനും വർഷം കഴിയുമ്പോൾ ഈ സ്ഥാപനം ആരുണ്ടാക്കി എന്ന സംശയം വരും. അതിനാൽ ഈ പുസ്തകം ഒരു ചരിത്രരേഖയായി നിലകൊള്ളും. കടുത്ത തണുപ്പും ചൂടും സഹിച്ച് ഇതിനായി ഇറങ്ങിത്തിരിച്ചപ്പോൾ അദ്ദേഹത്തിന് തുണയായി നിന്ന ഭാര്യ ചിന്നമ്മയുടെ സംഭാവനയും വിസ്മരിക്കാനാവില്ല. ഇത് കേരള സെന്ററിന്റെയും അമേരിക്കൻ മലയാളിയുടെയും ചരിത്രമാണ്. എം.കെ. സാനു വിശേഷിപ്പിച്ചത് സ്റ്റീഫൻ ഒരു സാഹസികൻ എന്നാണ്. ഒഴുക്കിനെതിരെ ആയിരുന്നു സ്റ്റീഫന്റെ നീക്കം.



മുൻപൊരിക്കൽ കേട്ട ഒരു സംഭാഷണശകലം ഓർക്കുന്നു. ഒരാൾ പറഞ്ഞു സ്റ്റീഫൻ ഒരു വിഡ്ഢിയാണെന്നും കേരള സെന്ററിന് പകരം ഒരു അപ്പാർട്ട്മെന്റ് കോംപ്ലക്സ് പണിത് പണമുണ്ടാക്കാമായിരുന്നു എന്നും. സ്റ്റീഫനെ അറിയാവുന്ന രണ്ടാമത്തെ ആൾ പറഞ്ഞത് അങ്ങനെ ചെയ്തിരുന്നുവെങ്കിൽ സ്റ്റീഫൻ അത് ലോ ഇൻകം ആളുകൾക്ക് കൊടുക്കുകയും അവർക്ക് കറന്റ് ബിൽ അടയ്ക്കാൻ കഴിഞ്ഞില്ലെങ്കിൽ അതിനുള്ള പണംകൂടി കയ്യിൽനിന്നു കൊടുക്കുകയും ചെയ്യുമായിരുന്നു എന്നാണ്.

നമുക്ക് ഒരുപാട് പള്ളികളും ക്ഷേത്രങ്ങളും ഉണ്ടെങ്കിലും ഇതുപോലുള്ള അഞ്ചു സ്ഥാപനങ്ങൾ മാത്രമേ മലയാളിയുടേതായി അമേരിക്കയിൽ ഉള്ളൂ എന്നത് ഖേദകരമാണ്- ജെ. മാത്യൂസ് പറഞ്ഞു.

എഫ്.ഐ.എ. മുതൽ ഗോപിയോ വരെ പല സംഘടനകൾ താൻ സ്ഥാപിച്ചത് ഡോ. തോമസ് അബ്രഹാം ചൂണ്ടിക്കാട്ടി. എൺപതുകളുടെ അവസാനം കേരള സെന്റർ സ്ഥാപിക്കാൻ നിർദ്ദേശം വന്നപ്പോൾ പലരും സംശയിച്ചപ്പോഴും അതിനായി ഇറങ്ങിയത് ഇ.എം. സ്റ്റീഫനാണ്. സ്റ്റീഫന്റെ കടുംപിടുത്തമാണ് സെന്റർ രൂപം കൊള്ളുന്നതിന് കാരണമായത്. സെന്ററിന്റെ വളർച്ചയിലും പ്രസിഡണ്ട് എന്ന നിലയിലും എക്സിക്യൂട്ടീവ് ഡയറക്ടർ എന്ന നിലയിലും വലിയ പങ്കും വഹിച്ചു- അദ്ദേഹം ചൂണ്ടിക്കാട്ടി.

ഒരേ രാഷ്ട്രീയ ആശയങ്ങൾ ഉള്ളവർ എന്ന നിലയിലാണ് സ്റ്റീഫനുമായി താൻ കൂടുതൽ അടുത്തതെന്ന് മലയാളം പത്രത്തിന്റെ എഡിറ്ററായിരുന്ന ജേക്കബ് റോയി പറഞ്ഞു. ഇപ്പോൾ മത സ്ഥാപനങ്ങൾ സെക്കുലർ സ്ഥാപനങ്ങളെ വിഴുങ്ങുന്നു. ഒരാൾ മരിച്ചാൽ മതസ്ഥാപനങ്ങളെയാണ് ജനം സമീപിക്കുകയെന്ന് പ്രൊഫ. ചെറുവേലി പറഞ്ഞു. മരണം, വിവാഹം, മാമ്മോദീസ ഒക്കെയാണ് വൈദികരുടെ ജോലി. മുൻപ് അവയൊന്നും കാര്യമായി ഇല്ലായിരുന്നു. ഇപ്പോൾ സ്ഥിതി മാറിക്കൊണ്ടിരിക്കുന്നു. സ്റ്റീഫന്റെ പ്രയത്നം സമൂഹത്തിനു എത്ര ഗുണകരമായി എന്നതു തെളിവായി നമ്മുടെ മുന്നിലുണ്ടെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി.

ആരെങ്കിലുമൊക്കെ കാണുന്ന സ്വപ്നങ്ങളാണ് സ്ഥാപനങ്ങളായും പ്രസ്ഥാനങ്ങളായും ഒക്കെ മാറുന്നതെന്ന് ജോർജ് ജോസഫ് (ഇ-മലയാളി) ചൂണ്ടിക്കാട്ടി. സെന്ററിന്റെ സ്ഥാപനവും അതിന്റെ ചരിത്രവും പുതുതലമുറയ്ക്കായി എഴുതിയ ഈ പുസ്തകം എന്തുകൊണ്ടും കുടിയേറ്റ ചരിത്രത്തിൽ സുപ്രധാനമാണ്.

കേരള സെന്ററിൽ ആദ്യകാലത്ത് തന്റെ ഭാര്യ മഞ്ജു തോമസിന്റെ നേതൃത്വത്തിൽ ഡാൻസ് സ്കൂൾ നടത്തിയിരുന്ന കാര്യം ജോജോ തോമസ് അനുസ്മരിച്ചു.

കേരള സെന്ററിൽ നടന്ന ആദ്യ പൊതുപരിപാടി തന്റെ മകന്റെ മാമ്മോദീസ ആയിരുന്നുവെന്നും അന്നത് നടക്കുന്നതിനുള്ള അസൗകര്യങ്ങളും പ്രശ്നങ്ങളും സെന്ററിന്റെ മുൻപ്രസിഡണ്ടുകൂടിയായ ജോസ് ചുമ്മാർ കോരക്കുടിലിൽ അനുസ്മരിച്ചു.

ഇടതുപക്ഷ നിലപാട് ഉള്ളതുകൊണ്ട് വിശ്വാസി അല്ല എന്ന് പറയുമെങ്കിലും ആഴത്തിലുള്ള ആത്മീയതയുള്ള വ്യക്തിയാണ് തന്റെ പിതാവെന്ന് പുത്രി ഡെയ്സി സ്റ്റീഫൻ അനുസ്മരിച്ചു.

മറുപടി പ്രസംഗത്തിൽ തന്റെ പരിശ്രമങ്ങൾക്ക് തുണയായി നിന്നവരെ സ്റ്റീഫൻ നന്ദിയോടെ സ്മരിച്ചു. ആഴ്ചയിൽ അയയ്ക്കുന്ന ന്യൂസ് ലെറ്റർ ആണ് തുക സമാഹരിക്കാൻ സഹായിച്ചത്. ഒരു തവണ അത് തയ്യാറാക്കാതിരുന്ന മകനെ താൻ തല്ലിയപ്പോൾ അലക്സ് തമ്പാൻ ഇടപെടുകയായിരുന്നു. പുത്രനോട് ഇപ്പോൾ ക്ഷമ പറയുന്നു.

കേരള സെന്ററിൽ ആദ്യം തുടങ്ങിയത് മലയാളം ക്ലാസ് ആണ്. ക്രമേണ പള്ളികളിലും മറ്റും അത് വന്നതോടെ ഇവിടെ ക്ലാസ് നിലച്ചു.

കേരള സെന്ററിന് 228 അംഗങ്ങളുണ്ട്. 112 പേർക്കാണ് വോട്ടവകാശം. കാൽ നൂറ്റാണ്ട് താൻ പ്രസിഡണ്ടും എക്സിക്യൂട്ടീവ് ഡയറക്ടറും ആയിരുന്നെങ്കിലും അവാർഡ് പരിപാടിയിൽ ഇടപെട്ടിട്ടേ ഇല്ല. അതിന്റെ ചുമതല ഡോ. തോമസ് ഏബ്രഹാമിനായിരുന്നു.

ആദ്യകാലത്ത് തുണയായി നിന്ന ജോണും ശോശാമ്മയും വർഗീസും മറിയാമ്മയും ചെയ്ത സഹായങ്ങൾ മറക്കാനാവാത്തതാണ്. പിന്നീട് ശ്രീധര മേനോനും ദിലീപ് വർഗീസും വലിയ സഹായവുമായി എത്തി. രാജു തോമസ്, കോരസൻ വർഗീസ് തുടങ്ങിയവരും സംസാരിച്ചു.

KERALA EXPRESS പ്രവാസി താളുകൾ

# മാർത്തോമ്മാ സൗത്ത് വെസ്റ്റ് റീജിയണൽ കോൺഫറൻസ് മാർച്ച് 21 മുതൽ

ഹൂസ്റ്റൺ: മാർത്തോമ്മാ സഭയുടെ നോർത്ത് അമേരിക്കൻ ഭദ്രാസനത്തിന്റെ സൗത്ത് വെസ്റ്റ് റീജിയൻ ഇടവക മിഷൻ സേവികാസംഘം, സീനിയർ സിറ്റിസൺ ഫെല്ലോഷിപ്പ് എന്നീ സംഘടനകളുടെ സംയുക്താഭിമുഖ്യത്തിൽ 12-ാമത് സൗത്ത് വെസ്റ്റ് റീജിയണൽ കോൺഫറൻസ് മാർച്ച് 21, 22 (വെള്ളി, ശനി) തീയതികളിൽ ട്രിനിറ്റി മാർത്തോമ്മാ ദേവാലയത്തിൽ വെച്ച് നടത്തപ്പെടുന്നു.

ട്രിനിറ്റി മാർത്തോമ്മാ ദേവാലയത്തിൽ ആരാധനയ്ക്കുശേഷം നടന്ന പ്രത്യേക ചടങ്ങിൽ റവ. സാം കെ. ഈശോ, റവ. ജീവൻ ജോൺ,

**ജീമോൻ റാന്നി**

റവ. ഉമ്മൻ ശാമുവേൽ, റവ. ലാറി വർഗീസ് എന്നിവരുടെ മഹനീയ സാന്നിദ്ധ്യത്തിൽ രജിസ്ട്രേഷൻ കമ്മിറ്റി കൺവീനർ സൂസൻ ജോസിൽ നിന്ന് ഇടവക ഫിനാൻസ് ട്രസ്റ്റി റെജി ജോർജ് ആദ്യരജിസ്ട്രേഷൻ ഫോം ഏറ്റു വാങ്ങി രജിസ്ട്രേഷന് തുടക്കം കുറിച്ചു.

മാർച്ച് 21-ന് വെള്ളിയാഴ്ച വൈകുന്നേരം 4 മുതൽ ആരംഭിച്ച് 22-ന് ഉച്ചകഴിഞ്ഞ് 2 മണിക്ക് കോൺഫറൻസ് സമാപിക്കും.

ഡാളസ്, ഹൂസ്റ്റൺ, ഓസ്റ്റിൻ, ഒക്കലഹോമ, സാൻ അന്റോണിയോ, ലബ്ബക്ക്, കാൻസസ് ഇടവകകളിൽ നിന്നും 600-ൽപരം അംഗങ്ങൾ കോൺഫറൻസിൽ പങ്കെടുക്കുമെന്ന് പ്രതീക്ഷിക്കുന്നു.

Faith in Renewal and Motion: Faith without deeds is dead "അങ്ങനെ വിശ്വാസവും പ്രവൃത്തികളില്ലാത്തതായാൽ സ്വതവേ നിർജീവമാകുന്നു" (യാക്കോവ് 2:17) എന്ന ചിന്താവിഷയത്തെ ആധാരമാക്കി പഠനങ്ങൾ നടക്കും.

ഡാളസ് ഫാർമേഴ്സ് ബ്രാഞ്ച് ഇടവക വികാരി റവ. അലക്സ് യോഹന്നാൻ, ലബ്ബക്, സാൻ അന്റോണിയോ ഇടവകകളുടെ വികാരി റവ. ജെയിംസ് കെ. ജോൺ എന്നിവർ പഠന ക്ലാസുകൾക്ക് നേതൃത്വം നല്കും.

കോൺഫറൻസിന്റെ വിജയത്തിനായി റവ. സാം ഈശോ (വികാരി/പ്രസിഡണ്ട്), റവ. ജീവൻ ജോൺ (അസി. വികാരി/വൈസ് പ്രസിഡണ്ട്), ഏബ്രഹാം ഇടിക്കുള (ജനറൽ കൺവീനർ) എന്നിവരുടെ നേതൃത്വത്തിൽ വിവിധ കമ്മിറ്റികൾ കോൺഫറൻസിന്റെ വിജയത്തിനായി പ്രവർത്തിച്ചുവരുന്നു.

തങ്കമ്മ ജോർജ് (പ്രെയർ സെൽ), സൂസൻ





ജോസ് (ഷീജ-രജിസ്ട്രേഷൻ), ബാബു ടി. ജോർജ് (ഫിനാൻസ്) ജോസഫ് ജോർജ് തടത്തിൽ (ഫുഡ്), ഷെറി റജി (മെഡിക്കൽ), മാത്യു സക്കറിയ (ബ്ലെസ്സൺ-ക്വയർ), ജൂലി സക്കറിയ (പ്രോഗ്രാം ആൻഡ് എന്റർടൈൻമെന്റ്), ലില്ലിക്കുട്ടി തോമസ് (റിസപ്ഷൻ/ഹോസ്പിറ്റാലിറ്റി), വർഗീസ് കെ. ചാക്കോ (അക്കൊമഡേഷൻ), വർഗീസ് ശാമുവേൽ (ബാബു-ട്രാൻസ്പോർട്ടേഷൻ), ജോൺ ഫിലിപ്പ് (സണ്ണി-പബ്ലിസിറ്റി), ജെയ്സൺ ശാമുവേൽ (ഓഡിയോ/വീഡിയോ മിനിസ്ട്രി) എന്നിവരാണ് സബ്കമ്മിറ്റി കൺവീനർമാർ.

റവ. സാം കെ. ഈശോ, റവ. ജീവൻ ജോൺ, ഏബ്രഹാം ഇടിക്കുള (ജനറൽ കൺവീനർ), ബാബു ടി. ജോർജ് (ഫിനാൻസ് കൺവീനർ) എന്നിവരോടൊപ്പം ജോൺ ഫിലിപ്പ് (സണ്ണി) കൺവീനർ, ജോജി ജേക്കബ്, ടോണി വർഗീസ്, കോരുള കുര്യാക്കോസ്, ജീമോൻ റാന്നി എന്നിവർ സബ് കമ്മിറ്റി അംഗങ്ങളായി കോൺഫറൻസിന്റെ മീഡിയ & പബ്ലിസിറ്റി കമ്മിറ്റി സജീവമായി പ്രവർത്തിച്ചുവരുന്നു.

## കേരളാ എക്സ്പ്രസ് വാരാന്ത്യം

**കഴിഞ്ഞ 32 വർഷങ്ങളായി അമേരിക്കൻ മലയാളികളുടെ വാർത്തകളുടേയും ചിന്തകളുടേയും നേർപതിപ്പായ കേരളാ എക്സ്പ്രസ്സ് ഈ മാസം മുതൽ സാഹിത്യം, സിനിമ, യാത്രാക്കുറിപ്പുകൾ, സോഷ്യൽ മീഡിയ കുറിപ്പുകൾ എന്നിവയ്ക്കായി രണ്ട് പേജുകൾ നീക്കിവെയ്ക്കുന്നു.**

**കാച്ചിക്കുറുക്കിയ രചനകളാണ് കൂടുതലായും പരിഗണിക്കുക. മതപരമായ വിഷയങ്ങൾ ഒഴിവാക്കേണ്ടതാണ്. തിരക്കുകളുടെ ലോകത്ത് സജീവമായ മനുഷ്യന് ചുരുങ്ങിയ വാക്കുകളിൽ എല്ലാം കാണാനും കേൾക്കാനുമാണ് താല്പര്യം. എഴുതുന്നവർക്കും, എഴുതി തുടങ്ങുന്നവർക്കും കേരളാ എക്സ്പ്രസ്സിന്റെ ഈ പംക്തിയിലേക്ക് സ്വാഗതം.**

**രചനകൾ അയക്കുന്നവരുടെ പൂർണ്ണമായ മേൽവിലാസവും ഫോൺ നമ്പറും ഉണ്ടായിരിക്കേണ്ടതാണ്. യൂണിക്കോഡ് ഫോർമാറ്റിലാണ് രചനകൾ അയക്കേണ്ടത്. രചയിതാവിന്റെ ഫോട്ടോയും രചനകൾക്കൊപ്പം അയക്കേണ്ടതാണ്. ദീർഘമായ രചനകൾ അയയ്ക്കേണ്ടതില്ല. രചനകൾ പ്രസിദ്ധീകരിക്കുവാനുള്ള തീരുമാനം പൂർണ്ണമായും എഡിറ്റോറിയൽ ബോർഡിനായിരിക്കും.**

**രചനകൾ അയയ്ക്കേണ്ട വിലാസം:**
**news@keralaexpress.com**







BIJU JAMES
Mortgage Loan Originator
NMLS# 2023450
bijujamescitywide@gmail.com
(847) 471 4423
- Pre Approvals in minutes !!!
- Low Down Payments for Qualified Customers

Illinois Residential Mortgage Licensee

Citywide Mortgage of America Corp.
Offiece: (773) 202-2600, Fax: (773) 202 2605
NMLS (Office)# 255253
Visit: www.citywidema.com
4323 W Irving Park 1B, Chicago, Illinois 60641

വഴിത്താരകൾ
കേരളാ എക്സ്പ്രസ് KERALA EXPRESS
Weekly Newspaper National Edition from Chicago
കേരളാ എക്സ്പ്രസ്സിലെ ശ്രദ്ധേയമായ പംക്തി
നിങ്ങളുടെ ജീവിതം ഞങ്ങളോട്
പറയാൻ താല്പര്യമുണ്ടോ?
വെറും ജീവിതമല്ല കേട്ടോ,
മറ്റുള്ളവർക്ക് വേണ്ടി മാറ്റിവെച്ച ജീവിതം,
മാതൃകയാക്കാവുന്ന ജീവിതം,
ഉണ്ടെങ്കിൽ മുഖത്ത് നോക്കി നിങ്ങളുടെ കഥ പറയാം
ഇതാ ഒരു സുവർണ്ണാവസരം..!
കേരളാ എക്സ്പ്രസിന്റെ 'വഴിത്താരകൾ' എന്ന പംക്തിയിലൂടെ
ഇനി ലോകം നിങ്ങളെ അറിയട്ടെ
വിശദവിവരങ്ങൾക്കായി കേരള എക്സ്പ്രസ്സ് എക്സിക്യൂട്ടീവ് എഡിറ്റർ ജോസ് കണിയാലിയുമായി (630)728-7956 ബന്ധപെടുക.

# ഒസാക്കാ – ഒസാക്കി

**സോയ നായർ**

ഇന്ന് പതിവുപോലെ ഞാൻ ജോലിയൊക്കെ കഴിഞ്ഞ് വീട്ടിലേക്ക് കയറിവന്നപ്പോൾ വർക്ക് ഫ്രം ഹോം (വീട്ടിലിരുന്ന് പണി) ചെയ്യുന്ന കണവനെ കണ്ടു. ഇന്ന് വെള്ളിയാഴ്ചയല്ലേ ചേട്ടാ, നമുക്ക് റെസ്റ്റോറന്റിൽ പോയി ഡിന്നർ കഴിച്ചാലോ എന്ന് ഞാൻ എന്റെ ജീവിതപങ്കാളിയോട് ഒരു ചോദ്യം അങ്ങ് ചോദിച്ചു. അങ്ങനെ കൊണ്ടുപോകും എന്ന് വലിയ പ്രതീക്ഷ ഒന്നും എനിക്കില്ലായിരുന്നു. പതിവുപോലെ 'ഈ തണുത്ത് വിറച്ചിരിക്കുന്ന കാലാവസ്ഥയിൽ (വിന്റർ) ആരാ വെളിയിൽ കറങ്ങാൻ പോകുന്നേ, നമുക്ക് വീട്ടിൽ ഇരിക്കാം' എന്ന മറുപടിയാണ് സത്യത്തിൽ ഞാൻ പ്രതീക്ഷിച്ചത്. പക്ഷേ, പോകാം എന്ന് പെട്ടെന്ന് ഉത്തരം പറഞ്ഞപ്പോൾ ആദ്യം തമാശിക്കുവാണോ എന്നൊരു സംശയം ഉണ്ടായിരുന്നു. പക്ഷേ, വീണ്ടും വീണ്ടും ആവർത്തിച്ചു ചോദിച്ചപ്പോൾ 'പറഞ്ഞാൽ നിനക്ക് മനസ്സിലാകില്ലേ?' എന്ന ചൂടൻ മറുപടി കിട്ടി. അപ്പോഴാണ് തമാശിച്ചതല്ല സീരിയസ്സാണെന്ന് പിടികിട്ടിയത്.

പിന്നെ എല്ലാം വളരെ പെട്ടെന്നായിരുന്നു. രണ്ട് കുടുക്കാ കുട്ടികളെ പാല് കുടുപ്പിച്ച്, കുളിപ്പിച്ച് ഒരുക്കി ഉടുപ്പുമിടുവിച്ച് കളിക്കാൻ വിട്ടിട്ട് ഞാനും ഒരുങ്ങാൻ പോയി റെഡിയായി വന്നു. ഒരുക്കത്തിനുശേഷം ഏതു റെസ്റ്റോറന്റിൽ പോകണം എന്ന അഗാധമായ ആലോചന തുടങ്ങി. ആലോചിച്ചിരിക്കുന്നതല്ലാതെ മറുപടിയൊന്നും പെട്ടെന്ന് കിട്ടാഞ്ഞപ്പോൾ 'എവിടെ ഏത് റെസ്റ്റോറന്റിൽ ആ പോകേണ്ടത് ഒന്ന് പെട്ടെന്ന് പറയാമോ' ഭർത്താവിന്റെ ഭാഗത്തുനിന്ന് കടുപ്പിച്ച ചോദ്യമുയർന്നു.

പണ്ടേ നമ്മൾ (പൊതുവെ) മല്ലൂസ് ഒരു ചോദ്യത്തിന് പല അഭിപ്രായങ്ങൾ കുറഞ്ഞ സെക്കൻഡിൽ പറയാൻ മിടുക്കരായതു കൊണ്ട് ഒലീവ് ഗാർഡൻ, ചിപ്പോട്ടിൽ, ബർഗ്ഗർക്കിങ്, യൂണോ എന്നിങ്ങനെ പല പേരുകൾ ഞാൻ ഒറ്റ



ലേഖിക

ശ്വാസത്തിൽ പറഞ്ഞു. ചർച്ചകൾക്കൊടുവിൽ അന്തിമ തീരുമാനമെന്നോണം 'ഒസാക്കാ' തെരഞ്ഞെടുത്തു.

ഒസാക്ക എന്നു കേട്ടതും ഞാൻ നിർത്താതെ ചിരി തുടങ്ങി. ഇതു കണ്ടുനിന്ന പിള്ളേർ എന്നെ ഒരു നോട്ടം നോക്കിയിട്ട് 'വൈ ആർ യു ലാഫിങ്' എന്നൊരു ചോദ്യം ചോദിച്ചു. അത് ന്യൂജെൻ പിള്ളാരല്ലേ, അവർക്കെന്തറിയാം എന്ന് ഉള്ളിൽ പറഞ്ഞുകൊണ്ട് പിന്നെ ഞാൻ കെട്ടിയോന്റെ മുഖത്തേക്ക് ഒന്നു നോക്കി. ആണുങ്ങളു പണ്ടേ അടക്കിച്ചിരിക്കാൻ വിരുതരാണല്ലോ എന്നു വിചാരിച്ച എന്നെ അത്ഭുതപ്പെടുത്തിക്കൊണ്ട് ദാണ്ടെ അദ്ദേഹവും ഇരുന്നു ചിരിക്കുന്നു. ഇനിയിതു വായിച്ചിട്ട് 'ഇതെന്താ ഇത്രയും ചിരിക്കാൻ മാത്രം' എന്നോർത്ത് തല പുകച്ച് നിങ്ങളും ചിരിക്കേണ്ട. അതിനു പിന്നിലെ കഥ ദാ ഇത്രയേയുള്ളൂ.

ഭർത്താവ് ഐടി പ്രൊഫഷൻ ജോലി ആയതുകൊണ്ട് ജോലി ആവശ്യങ്ങൾക്കായി പലപ്പോഴും ദീർഘയാത്രകൾ പോകേണ്ടതായി വരാറുണ്ട്. ജോലിയാവശ്യങ്ങൾക്ക് പോകുമ്പോൾ ഉള്ള യാത്രാച്ചെലവും ഭക്ഷണവും പാർപ്പിടവും കമ്പനിച്ചെലവിലാണ്. യാത്ര കഴിഞ്ഞുവന്ന് കണക്കു വിവരങ്ങൾ അടങ്ങിയ റെസിപ്റ്റ് കൊടുത്താൽ മതി. അതിന്റെ റെസിപ്റ്റ് കൊടുത്താൽ കൈയിൽ നിന്നും ഇത്യാദി ആവശ്യങ്ങൾക്ക് മുടക്കിയ പണം തിരിച്ചു കിട്ടും.

അങ്ങനെ ഒരിക്കൽ ജോലി ആവശ്യത്തിനായി പുള്ളി ഞായറാഴ്ച ചിക്കാഗോയ്ക്ക് പോയി. ആ വ്യാഴാഴ്ച വൈകിട്ട് അങ്ങനെ ചിക്കാഗോയിൽ നിന്നും തിരിച്ചു വീട്ടിലേക്ക് വരുന്ന വഴി അന്നത്തെ അത്താഴഭക്ഷണം വീട്ടിൽ വന്ന് ഓർഡർ ചെയ്യാം എന്ന് ഭർത്താവ് തീരുമാനിച്ചു. അത് ഫോൺ വിളിച്ച് എന്നോട് പറയുമ്പോൾ, റിലാക്സ് മൂഡിൽ കട്ടിലിൽ മടി പിടിച്ചിരുന്ന എനിക്ക് ആശ്വാസം നല്കി. 'ഇന്നി നി ഒന്നും കുക്ക് ചെയ്യണ്ടല്ലോ' എന്ന ആശ്വാസം. തുടർന്ന് ആഹാരം വീട്ടിലിരുന്ന് ഓർഡർ ചെയ്യുന്നതിനായി അടുക്കളയിലെ ഡ്രായറിനുള്ളിൽ സൂക്ഷിച്ചിരിക്കുന്ന റെസ്റ്റോറന്റ് മെനു ലിസ്റ്റ് എടുത്തിട്ട് കണ്ണോട്ടം ആരംഭിച്ചു. അവസാനം ആ ആഴ്ചയിലെ തപാൽ പ്പെട്ടിയിൽ മറ്റ് കത്തുകൾക്കൊപ്പം വന്ന് മറഞ്ഞുകിടന്ന ഒരു റെസ്റ്റോറന്റ് പരസ്യപേപ്പർ കണ്ണിൽപ്പെട്ടു. അത് കൈയിലെടുത്ത് ഫോൺ നമ്പർ ഡയൽ ചെയ്തു ഗമയിൽ ആഹാരം ഓർഡർ ചെയ്തു. ഞാൻ ടിവി ചാനലിലേക്ക് വീണ്ടും നോക്കിയിരുപ്പ് തുടങ്ങി.

മണിക്കൂറുകൾ ഓടാൻ ഒരുങ്ങുന്നു. അര മണിക്കൂർ കഴിഞ്ഞു ഫോൺ ലൈനിൽക്കൂടി ഓർഡർ ചെയ്ത ആഹാരം വാങ്ങാൻ ഭർത്താവ് അവിടെ ചെന്നപ്പോൾ ആണ് കാര്യം മനസ്സിലായത്, ഞങ്ങൾ വിളിച്ചു പറഞ്ഞ ഓർഡർ അവരുടെ പിക്കപ്പ് ലിസ്റ്റിൽ ഇല്ലത്രേ! ഉടൻതന്നെ ഭർത്താവ് വീട്ടിലേക്കു വിളിച്ചു. അവിടുത്തെ സംഭവങ്ങളെല്ലാം എന്നോട് ചുരുക്കിപ്പറഞ്ഞു. എന്തൊക്കെ ഓർഡർ ചെയ്യണം എന്ന നീണ്ട ലിസ്റ്റ് ഞാൻ അദ്ദേഹത്തിനു വീണ്ടും പറഞ്ഞുകൊടുത്തു. പറഞ്ഞതൊക്കെ കെട്ടിയോൻ അപ്പോൾ തന്നെ ഓർഡർ ചെയ്തു. സംസാരിച്ച് ഞാൻ സെൽഫോൺ താഴെ വെച്ചതും വീട്ടിലെ ലാൻഡ്ഫോൺ ർണീം...ർണീം എന്ന് ചിലച്ച് അടിക്കാൻ തുടങ്ങി. സ്ക്രീനിൽ നോക്കിയപ്പോഴോ 'ഒസാക്കി' എന്ന പേര്. ഫുഡ് പിക്കപ്പ് ചെയ്യാൻ പോയ കെട്ടിയോനും തുരുതുരെ അടിച്ചുകൊണ്ടിരിക്കുന്ന ഫോണും കൂടി മൊത്തത്തിൽ എന്നെ കുഴപ്പിച്ചു.

(ശേഷം 30-ാം പേജിൽ)

## വിനിമയ നിരക്ക്

| | |
|---|---|
| യു.എസ്. ഡോളർ | 87.46 |
| യൂറോ | 90.35 |
| സ്റ്റെർലിംഗ്പൗണ്ട് | 108.48 |
| സ്വിസ് ഫ്രാങ്ക് | 96.11 |
| സിംഗപ്പൂർ ഡോളർ | 64.61 |
| കനേഡിയൻ ഡോളർ | 60.69 |
| ഒമാൻ റിയാൽ | 227.17 |
| ബഹ്റൈൻ ദിനാർ | 232.07 |
| സൗദി റിയാൽ | 23.32 |
| യു.എ.ഇ. ദിർഹം | 23.81 |
| കുവൈത്ത് ദിനാർ | 283.25 |

# കോട്ടയ്ക്കലിലെ 'ഷെഫ് ലബനൻ'

**ഋഷിരാജ് സിംഗ് ഐപിഎസ് (റിട്ട.)**

വരൂ...മലപ്പുറം ജില്ലയിൽ കോട്ടയ്ക്കലിൽ വരൂ... ലോകത്തെ ഏറ്റവും മികച്ച ആഹാരമായ ലബനീസ് ഫുഡ് ആസ്വദിക്കൂ..!

ഇന്ത്യാ രാജ്യത്തിൽ തന്നെ ആദ്യമായി ഇതാ മലപ്പുറം കോട്ടയ്ക്കലിൽ



ഒരു ലബനൻ രുചി!

'ഷെഫ് ലബനൻ'

തൃശൂർ-കോഴിക്കോട് ദേശീയ പാതയിൽ കോട്ടയ്ക്കൽ ചങ്കുവെട്ടി എന്ന സ്ഥലത്ത് ദേശീയ പാതയോട് ചേർന്നാണ് ഷെഫ് ലബനൻ റെസ്റ്റോറന്റ് സ്ഥിതി ചെയ്യുന്നത്.

ഇവിടെ ഭക്ഷണം പാചകം ചെയ്യുന്നതും മേൽനോട്ടം വഹിക്കുന്നതും വിളമ്പുന്നതും എല്ലാം ലബനൻ പൗരന്മാരാണ്.

ആകെക്കൂടി ലെബനനിൽ പോയി ലോകോത്തര ഭക്ഷണം കഴിക്കുന്ന പ്രതീതി.

ഗ്രീസ്, തുർക്കി, ഇറ്റലി, ലബനൻ എന്നിവിടങ്ങളിലെ ഏറ്റവും രുചികരമായ മെഡിറ്ററേനിയൻ ഫുഡ് ഇവിടെ നമുക്ക് ആസ്വദിക്കാൻ കഴിയും.

നമ്മുടെ ഇഷ്ടത്തിനനുസരിച്ച് മേല്പ്പറഞ്ഞ ഏതാഹാരവും തെരഞ്ഞെടുക്കാനും പാകം ചെയ്യിക്കാനുമുള്ള സൗകര്യവും അവിടെ ഒരുക്കിയിട്ടുണ്ട്.

നമ്മൾ ലോകത്തെവിടെയോ ആകട്ടെ, ഒരു തവണയെങ്കിലും കോട്ടയ്ക്കൽ ഷെഫ് ലബനനിൽ പോയില്ലെങ്കിൽ, അവിടത്തെ രുചികരമായ ഭക്ഷണം ആസ്വദിച്ചില്ലെങ്കിൽ അത് നമുക്ക് വലിയ നഷ്ടമായിരിക്കും.

e-mail:
ccareresto.in@cheflebanon.com
Mob.(9846979500)



# കാൻജിന്റെ പുതിയ നേതൃത്വം നിലവിൽ വന്നു

ജോസഫ് ഇടിക്കുള

ന്യൂജേഴ്‌സി: വലിയ ലക്ഷ്യങ്ങളും പുത്തൻ പ്രതീക്ഷകളുമായി കാൻജിന്റെ പുതിയ നേതൃത്വം നിലവിൽ വന്നു. പ്രൗഢോജ്ജ്വലമായ ചടങ്ങിൽ പ്രസിഡണ്ട് സോഫിയ മാത്യു, ജനറൽ സെക്രട്ടറി ഖുർഷിദ് ബഷീർ, ട്രഷറർ ജോർജി സാമുവൽ എന്നിവരുടെ നേതൃത്വത്തിൽ പുതിയ ഭാരവാഹികൾ ഭ



ദ്രദീപം കൊളുത്തി ചുമതലയേറ്റു.

കാൻജി ട്രസ്റ്റി ബോർഡ് ചെയർമാൻ സ്വപ്ന രാജേഷ് നേതൃത്വം കൊടുത്ത ചടങ്ങിൽ വിജയ് നമ്പ്യാർ (വൈസ് പ്രസിഡണ്ട്), ദയ ശ്യാം (ജോ. സെക്രട്ടറി), കൃഷ്ണ പ്രസാദ് (ജോ. ട്രഷറർ), സൂരജിത് കിഴക്കയിൽ (കൾച്ചറൽ അഫയേഴ്‌സ്), അസ്‌ലം ഹമീദ് (സ്‌പോർട്‌സ് അഫയേഴ്‌സ്), നിധിൻ ജോയ് ആലപ്പാട്ട് (ഐടി ഓഫീസർ), അനൂപ് മാത്യൂസ് രാജു (മീഡിയ ആൻഡ് കമ്യൂണിക്കേഷൻ), ജയകൃഷ്ണൻ എം. മേനോൻ (ചാരിറ്റി അഫയേഴ്‌സ്), ടോണി മാങ്ങൻ (പബ്ലിക് ആൻഡ് സോഷ്യൽ അഫയേഴ്‌സ്), രേഖ നായർ (യൂത്ത് അഫയേഴ്‌സ്), എക്സ് ഒഫീഷ്യോ ബൈജു വർഗീസ് എന്നിവരും ഔദ്യോഗികമായി സ്ഥാനം ഏറ്റെടുത്തു.

ട്രസ്റ്റീ ബോർഡ് ചെയർ, സ്വപ്ന രാജേഷ്, ട്രസ്റ്റി ബോർഡ് അംഗങ്ങളായ ജോൺ ജോർജ്, ജോസഫ് ഇടിക്കുള, വിജേഷ് കാരാട്ട്, സണ്ണി വാളിപ്ലാക്കൽ എന്നിവരും വേദിയിൽ സന്നിഹിതരായിരുന്നു.

അസോസിയേഷന് പുത്തൻ ഉണർവേകി കാൻജ് വനിതാ, കാൻജ് യൂത്ത് (യുവ) ഫോക്കസ് ഗ്രൂപ്പുകൾ നിലവിൽ വന്നു. പുതിയ ഗ്രൂപ്പുകളെ സദസ്സിനു പരിചയപ്പെടുത്തി. വനിതാ ഗ്രൂപ്പിന്റെ വരവിനെ സ്വാഗതം ചെയ്തു മുഴുവൻ വനിതകളും ചേർന്നു മെഴുകുതിരിനാളം തെളിയിച്ചത് വ്യത്യസ്ത അനുഭവമായി. ദേശസ്നേഹം തുളുമ്പി നിന്ന അന്തരീക്ഷത്തിൽ ഇന്ത്യയുടെ



76-ാം റിപ്പബ്ലിക്ഡേ വർണ്ണാഭമായി ആഘോഷിച്ചു. അമേരിക്കയുടെയും ഇന്ത്യയുടെയും ദേശീയഗാനം പാടി തുടങ്ങിയ ആഘോഷങ്ങളിൽ, ബാൻഡ് എൻആർഐ അവതരിപ്പിച്ച ഇന്ത്യൻ മ്യൂസിക്കൽ ഫീസ്റ്റ് കാണികളെ ഹരം കൊള്ളിച്ചു.

പുതുതലമുറയായ കാൻജ് നെക്സ്റ്റ്ജെൻ അവതരിപ്പിച്ച നാടകം ‘സത്യമേവ ജയതേ’ അവതരണം കൊണ്ടും വിദ്യാർത്ഥികൾക്ക് നല്കുന്ന സന്ദേശം കൊണ്ടും പ്രത്യേക ശ്രദ്ധ നേടി. കാൻജ് കലാകാരന്മാരുടെ നൃത്തനൃത്യങ്ങൾ ആഘോഷങ്ങൾക്ക് മോടി കൂട്ടി. അടുത്തിടെ നമ്മെ വിട്ടുപിരിഞ്ഞ എം.ടി. വാസുദേവൻ നായരുടെയും പി. ജയചന്ദ്രന്റെയും സ്മരണകൾ നിലനിർത്തി ടീം ‘ദോ’ നടത്തിയ സ്മരണാഞ്ജലി സദസ്സിനെ ഗൃഹാതുരത്വത്തിലേക്ക് കൂട്ടിക്കൊണ്ടുപോയി. മലയാളിയുടെ മനസ്സിൽ 2025-ലെ ആഘോഷങ്ങളുടെ തിരി കൊളുത്തിയാണ് കാൻജിന്റെ ഈ വർഷത്തെ ആദ്യപ്രോഗ്രാം കടന്നുപോയത്.

വിവരണങ്ങൾക്ക് കടപ്പാട്: ഷാജു കുന്നോത്ത്-മീഡിയ ആൻഡ് കമ്യൂണിക്കേഷൻ ടീം)







# ബെൽറോസ് സെ. ജോൺസ് പള്ളിയിൽ ഫാമിലി & യൂത്ത് കോൺഫറൻസ് രജിസ്ട്രേഷൻ

**ഉമ്മൻ കാപ്പിൽ**

ന്യൂയോർക്ക്: മലങ്കര ഓർത്തഡോക്സ് സഭയുടെ നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസന ഫാമിലി ആൻഡ് യൂത്ത് കോൺഫറൻസ് കമ്മിറ്റിയെ പ്രതിനിധീകരിക്കുന്ന ഒരു സംഘം ഫെബ്രുവരി 2-ന് ഞായറാഴ്ച ബെൽറോസ് സെ. ജോൺസ് മലങ്കര ഓർത്തഡോക്സ് പള്ളി സന്ദർശിച്ചു. വികാരി ഫാ. ജോർജ് (ദിലീപ്) ചെറിയാന്റെ നേതൃത്വത്തിൽ നടന്ന കുർബാനയ്ക്ക് ശേഷം ഫാമിലി യൂത്ത് കോൺഫറൻസിനായി ഒരു കിക്കോഫ് മീറ്റിംഗ് ഉണ്ടായിരുന്നു.



ഫാ. ജോർജ് ചെറിയാൻ കോൺഫറൻസ് കമ്മിറ്റി അംഗങ്ങളെ ഊഷ്മളമായി സ്വാഗതം ചെയ്യുകയും നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസനത്തിന്റെ ഏറ്റവും വലിയ ആത്മീയ കൂട്ടായ്മയായ ഫാമിലി/യൂത്ത് കോൺഫറൻസിന്റെ പ്രാധാന്യവും മൂല്യവും എടുത്തുപറയുകയും ചെയ്തു. ജോൺ താമരവേലിൽ (ട്രഷറർ), മാത്യു ജോഷ (മുൻ ട്രഷറർ), ഡോ. ഷെറിൻ ഏബ്രഹാം (ജോ. സെക്രട്ടറി), പ്രേംസി ജോൺ II (ഫിനാൻസ് കമ്മിറ്റി), ഡോ. സിനി വർഗീസ് (മെഡിക്കൽ കമ്മിറ്റി), ജേക്കബ് ഏബ്രഹാം (ഫിനാൻസ് ആൻഡ് പ്രൊസഷൻ), കെസിയ ഏബ്രഹാം (മീഡിയ ആൻഡ് എന്റർടൈൻമെന്റ്), ആഞ്ജലീന ജോഷ (മീഡിയ ആൻഡ് എന്റർടൈൻമെന്റ്), ആരൺ ജോഷ (മീഡിയ ആൻഡ് രജിസ്ട്രേഷൻ),എന്നിവരായിരുന്നു കോൺഫറൻസ് ടീമിൽ ഉണ്ടായിരുന്നത്. അന്ന സാം (ഇടവക സെക്രട്ടറി), സാബു നൈനാൻ (ഇടവക ട്രഷറർ), അജയ് വർഗീസ് (ഭദ്രാസന അസംബ്ലി അംഗം) എന്നിവർ വേദിയിൽ ചേർന്നു.

ഡോ. ഷെറിൻ ഏബ്രഹാം കോൺഫറൻസിനെക്കുറിച്ചുള്ള പ്രധാന വിവരങ്ങൾ, വേദി, തീയതികൾ, പ്രഭാഷകർ എന്നിവ പങ്കുവെച്ചു. സമീപ വർഷങ്ങളിൽ യുവതീയുവാക്കളുടെ വർദ്ധിച്ചു വരുന്ന പങ്കാളിത്തവും അവരുടെ നേതൃത്വവും സഭയുടെ ഭാവി ശോഭനമാണെന്ന് ഓർമ്മിപ്പിക്കുന്നതായി ഡോ. ഏബ്രഹാം എടുത്തു പറഞ്ഞു. ഈ വർഷത്തെ സമ്മേളനസ്ഥലം ബെല്ലെറോസ് ഇടവകയോട് അടുത്തായതിനാൽ എല്ലാവരും പങ്കെടുക്കാനും അനുഗ്രഹം നേടാനും ഡോ. ഏബ്രഹാം പ്രോത്സാഹിപ്പിച്ചു.

ജോൺ താമരവേലിൽ രജിസ്ട്രേഷൻ വിശദാംശങ്ങൾ നല്കി. നേരത്തെ രജിസ്റ്റർ ചെയ്യാൻ പ്രേരിപ്പിച്ചു. 21 വയസ്സിനു താഴെയുള്ള യുവതീയുവാക്കൾക്ക് നല്കുന്ന കുറഞ്ഞ നിരക്കിനെക്കുറിച്ച് അദ്ദേഹം വിശദീകരിച്ചു. പലവിധ ആനുകൂല്യങ്ങൾ വാഗ്ദാനം ചെയ്യുന്ന സ്പോൺസർഷിപ് പാക്കേജുകൾ ഡോ. സിനി വർഗീസ് അവതരിപ്പിച്ചു. ഈ വർഷത്തെ റാഫിളുകൾ സ്പോൺസർമാർക്ക് മാത്രമായിരിക്കുമെന്ന് ഡോ. വർഗീസ് അറിയിച്ചു.

കോൺഫറൻസിന്റെ സ്മരണാർത്ഥം പ്രസിദ്ധീകരിക്കുന്ന സുവനീറിൽ ലേഖനങ്ങളും വ്യക്തിഗത ആശംസകളും ബിസിനസ് പരസ്യങ്ങളും സമർപ്പിക്കുന്നതിനുള്ള അവസരത്തെപ്പറ്റി മാത്യു ജോഷ വിശദീകരിച്ചു.

കോൺഫറൻസിന്റെ രണ്ടാം ദിവസം നടക്കുന്ന ടാലന്റ് നൈറ്റിനായി തയ്യാറാകുവാനും പങ്കെടുക്കാനും കെസിയ ഏബ്രഹാം പ്രേരിപ്പിച്ചു. റീജിയണൽ പരിപാടികളിൽ കഴിവുകൾ തെളിയിച്ച സൺഡേസ്കൂൾ വിദ്യാർത്ഥികളെ ഇപ്പോൾ ഭദ്രാസന തലത്തിൽ പങ്കെടുപ്പിക്കുവാൻ കെസിയ പ്രോത്സാഹിപ്പിച്ചു. ഫാമിലി ആൻഡ് യൂത്ത് കോൺഫറൻസുമായുള്ള തന്റെ ദീർഘകാല പങ്കാളിത്തം മൂലം നേടിയെടുത്ത ആജീവനാന്ത സൗഹൃദങ്ങളെ ആഞ്ജലീന ജോഷ ചാരിതാർത്ഥ്യത്തോടെ എടുത്തു പറഞ്ഞു.

വികാരിയും ഇടവകാംഗങ്ങളും നല്കിയ ഊഷ്മള സ്വീകരണത്തിനും പിന്തുണയ്ക്കും പ്രേംസി ജോൺ II നന്ദി അറിയിച്ചു. കോൺഫറൻസ് കമ്മിറ്റിക്ക് ഫാ. ജോർജ് ചെറിയാൻ നന്ദി പറയുകയും ആത്മീയ നവീകരണത്തിനായി എല്ലാവരും കോൺഫറൻസിൽ രജിസ്റ്റർ ചെയ്ത് പങ്കെടുക്കുവാൻ അഭ്യർത്ഥിക്കുകയും ചെയ്തു.




2025 ജൂലൈ 9 മുതൽ 12 വരെ കണക്ടിക്കട് ഹിൽട്ടൺ സ്റ്റാംഫർഡ് ഹോട്ടൽ & എക്സിക്യൂട്ടീവ് മീറ്റിംഗ് സെന്ററിലാണ് കോൺഫറൻസ് നടക്കുന്നത്. റവ.ഡോ. നൈനാൻ വി. ജോർജ് (ഓർത്തഡോക്സ് വൈദികസംഘം ജനറൽ സെക്രട്ടറി), റവ.ഡോ. റ്റിമത്തി (ടെന്നി) തോമസ് (നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസന സൺഡേസ്കൂൾ ഡയറക്ടർ), ഫാ. ജോൺ (ജോഷ) വർഗീസ് (സൗത്ത് വെസ്റ്റ് അമേരിക്കൻ ഭദ്രാസന യൂത്ത് മിനിസ്റ്റർ), റവ. ഡീക്കൻ അന്തോണിയോസ് (റോബി) ആന്റണി (ടാൽമിഡോ-നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസന മെൻസ് മിനിസ്ട്രി ഡയറക്ടർ) എന്നിവരാണ് മുഖ്യപ്രസംഗകർ. 'നമ്മുടെ പൗരത്വം സ്വർഗത്തിലാണ്, അവിടെ നിന്നുള്ള ഒരു രക്ഷകനായ കർത്താവായ യേശുക്രിസ്തുവിനെ ഞങ്ങൾ ആകാംക്ഷയോടെ കാത്തിരിക്കുന്നു' (ഫിലിപ്പിയർ 3:20) എന്ന ബൈബിൾ വാക്യത്തെ അടിസ്ഥാനമാക്കിയുള്ള 'The Way of the Pilgrim' (പരദേശിയുടെ വഴി) എന്നതാണ് കോൺഫറൻസിന്റെ പ്രമേയം. ബൈബിൾ, വിശ്വാസം, പാരമ്പര്യം, സമകാലിക വിഷയങ്ങൾ എന്നിവയെ അടിസ്ഥാനമാക്കി കുട്ടികൾക്കും യുവജനങ്ങൾക്കും മുതിർന്നവർക്കും പ്രത്യേകം സംവേദനാത്മക സെഷനുകൾ ഉണ്ടായിരിക്കും.

രജിസ്ട്രേഷനും വിശദാംശങ്ങൾക്കും www.fycnead.org സന്ദർശിക്കുക. കൂടുതൽ വിവരങ്ങൾക്ക്: ഫാ. അബു വർഗീസ് പീറ്റർ, കോൺഫറൻസ് കോ-ഓർഡിനേറ്റർ (ഫോൺ: 914 806 4595), ജെയ്സൺ തോമസ് കോൺഫറൻസ് സെക്രട്ടറി (ഫോൺ: 917 612 8832), ജോൺ താമരവേലിൽ കോൺഫറൻസ് ട്രഷറർ (ഫോൺ: 917 533 3566) എന്നിവരുമായി ബന്ധപ്പെടുക.

# റിലീഫ് കോർണർ നടത്തിയ വെബിനാറുകൾ ശ്രദ്ധേയമായി

**ജീമോൻ റാന്നി**

ഹൂസ്റ്റൺ: ഡോ. സജി മത്തായിയുടെ നേതൃത്വത്തിൽ മലയാളി സമൂഹത്തെ മാനസിക ആരോഗ്യ സംബന്ധമായി അവബോധമുള്ളവരാക്കാനും അതിനു സഹായകമായ എല്ലാവിധ അവസരങ്ങൾ ഒരുക്കാനും തികച്ചും സൗജന്യമായി മാനസികാരോഗ്യവുമായി ബന്ധപ്പെട്ടുള്ള സേവനങ്ങൾ നൽകാനും നാല് മാസം മുമ്പ് ആരംഭിച്ചിട്ടുള്ള ചാരിറ്റബിൾ ഓർഗനൈസേഷനാണ് റിലീഫ് കോർണർ (RELIEF CORNER INC). ഇതിന്റെ പ്രവർത്തനത്തിന്റെ ഭാഗമായി ജീവിത പ്രാധാന്യമുള്ള വിഷയങ്ങളെ സംബന്ധിച്ച ഓൺലൈൻ വെബിനാർ എല്ലാ മാസവും നടത്തപ്പെടുന്നു.

ആദ്യമാസത്തെ വെബിനാറിൽ കൗൺസിലിങ്ങിന്റെ പ്രാധാന്യത്തെയും ആവശ്യകതയെയും സംബന്ധിച്ച് ഡോ. സോളിമോൾ കുരുവിള വളരെ വിശദ



ഡോ. സോളിമോൾ കുരുവിള



പാട്രിക് എം. കല്ലട



ഡോ. ബോബി വർഗീസ്

മായി എടുത്ത ക്ലാസ് വളരെ ഫലപ്രദവും നൂതനമായ വിജ്ഞാനം പകരുന്നതുമായിരുന്നു.

പാട്രിക് എം. കല്ലട നയിച്ച രണ്ടാമത്തെ വെബിനാർ കൗൺസിലിങ്ങിന്റെ ഗുണങ്ങളെപ്പറ്റിയും അത് ജീവിതത്തിൽ വരുത്താവുന്ന നല്ല വ്യതിയാനങ്ങളെ സംബന്ധിച്ചും വ്യക്തമായ ധാരണ പങ്കെടുത്തവർക്ക് നൽകി.

ഡോ. ബോബി വർഗീസ് നേതൃത്വം നൽകിയ ഈ വർഷത്തെ ആദ്യ വെബിനാർ വിഷയം Know the Narcissistic personality എന്നതായിരുന്നു. ഈ വിഷയത്തിന്റെ പ്രാധാന്യത്തെയും അറിഞ്ഞിരിക്കേണ്ട കാര്യങ്ങളെയും സംബന്ധിച്ചു വളരെ ആഴത്തിൽ തന്നെ മനസിലാക്കാൻ പങ്കെടുത്തവർക്ക് കഴിഞ്ഞു.

മുൻ പദ്ധതിപ്രകാരം പ്രായപൂർത്തി ആയവർക്കും ഇംഗ്ലീഷ് സംസാരിക്കാൻ താല്പര്യമുള്ളവർക്കും വേണ്ടി ആഴ്ചകൾതോറുമുള്ള Spoken English ക്ലാസ് ജനുവരി 25-നു ആരംഭിച്ചു. പരിമിതമായ Spoken English അറിയുന്നവർക്കുള്ള ഈ ക്ലാസ്, ഇംഗ്ലീഷ് ഭാഷ പഠിക്കാനും സംസാരിക്കാനും അവസരമൊരുക്കുന്നു. കൂടാതെ, ഈ സംരംഭം സമൂഹത്തെ സഹായിക്കാൻ നാനാവിധത്തിലുള്ള അടിസ്ഥാന സംഗീത വിദ്യാഭ്യാസം, Life Coaching ക്ലാസ്, Comedy Club തുടങ്ങിയവ ഇതിൽ ചിലതു മാത്രമാണ്. ഈ സേവനങ്ങൾ എല്ലാം തികച്ചും സൗജന്യവും എല്ലാവർക്കും പങ്കെടുക്കാവുന്നതുമാണ്. കൂടുതൽ വിവരങ്ങൾക്ക് https://www.reliefcorner.org/website സന്ദർശിക്കുക.

കൂടുതൽ വിവരങ്ങൾക്ക്: ഡോ. സജി മത്തായി- 214-499-2971

# അസീന ഭാരവാഹികളുടെ സ്ഥാനാരോഹണം

(18-ാം പേജിൽനിന്നും)

യുവ നേതൃപുരസ്കാരങ്ങൾ വിതരണം ചെയ്തു. പുതിയ ബിരുദധാരികളെ പാസ്റ്റർ ജിമ്മി സർട്ടിഫിക്കറ്റുകൾ നല്കി ആദരിച്ചു. ജോൺസൺ ആൻഡ് ജോൺസൺ പ്രതിനിധി ഡോ. റസ്തോഗി സ്കീസോഫ്രീനിയയെക്കുറിച്ചും അതിനുള്ള ചികിത്സയുടെ പ്രാധാന്യത്തെക്കുറിച്ചും സദസ്സിനെ ബോദ്ധ്യപ്പെടുത്തി.

സംഘടനയുടെ പുതിയ പ്രസിഡണ്ട് ലക്ഷ്മി നായർ അസീനയുടെ വരുംകാല ദൗത്യങ്ങളെക്കുറിച്ചും കാര്യപരിപാടികളെക്കുറിച്ചും വിശദീകരിച്ചു. അസീനക്ക് ഹ്യൂമേരിക്കൻ എക്സ്പ്രസ്സ് ടീം നല്കിയിട്ടുള്ള വിലയേറിയ സംഭാവനകൾക്ക് എലിസബത്തും ലക്ഷ്മിയും പ്രത്യേക നന്ദി പ്രകാശിപ്പിച്ചു. തുടർന്ന് സംഘടനയുടെ സെക്രട്ടറി (2023-2024) സീമ നായർ നന്ദിപ്രസംഗം നടത്തി. അതിനുശേഷം നേതൻ സാം ജോർജ് (നൃത്യസംവിധാനം), ഓസ്റ്റിൻ ജോൺ, ഈഷ ആനേറ്റ് സാം എന്നിവരുടെ വൈബ്രന്റ് ഡാൻസ് പെർഫോമൻസ് എല്ലാവരെയും ആകർഷിച്ചു.

ജോൺസൺ ആൻഡ് ജോൺസൺ സംഭാവന ചെയ്ത ഇന്ത്യൻ ഡൽഹി പാലസ് തയ്യാറാക്കിയ രുചികരമായ ഭക്ഷണം ചടങ്ങിൽ പങ്കെടുത്ത എല്ലാവരും ആസ്വദിച്ചു. എല്ലാവരുമായി ആശയവിനിമയം നടത്തുന്നതിനും അവസരം ഉണ്ടായി. കൂട്ടായ പ്രവർത്തനത്തിന്റെയും അർപ്പണ ബോധത്തിന്റെയും മാതൃകയായിരുന്നു അസീനയുടെ ഈ ചടങ്ങ്. പരിപാടിയിൽ പങ്കെടുത്ത എല്ലാവരും അസീനയുടെ ഇതുവരെയുള്ള പ്രവർത്തനങ്ങളെ പ്രകീർത്തിക്കുകയും പ്രസിഡണ്ട് ലക്ഷ്മി നായരുടെ നേതൃത്വത്തിലുള്ള പുതിയ ഭരണസമിതിക്ക് എല്ലാവിധ ഭാവുകങ്ങളും നേരുകയും ചെയ്തു.

# SEEKING BRIDEGROOM

*The Pentecostal family settled in Texas invites a proposal for their daughter, who has completed MD and is doing her 1st year of residency -Pediatric in Los Angeles, CA. Age 26 (November 4, 1998), 5'4", God-fearing, baptized & US citizen from parents of a Pentecostal boy, preferably from California, with a professional career and from the US. Please email complete details and pictures to **shepherdusa1@gmail.com**

*Pentecostal parents from Kerala seek a suitable alliance for their 27-year-old daughter (5'1, fair complexion), a Master's degree holder in Physical Therapy (Orthopedics), currently working in Kerala. We invite proposals from professionally qualified Pentecostal individuals in the US, Canada, UK, Australia, Switzerland, or the Middle East, preferably those interested in ministry alongside their profession. For details, contact **423-637-4717 / 423-847-7483 or email Thresiamma.chacko@gmail.com** with recent photos and information.

*Pentecostal parents invite proposals for their daughter (29 yrs, 5'4") with a Masters of Engineering degree and working as a licensed professional engineer in New York City. She was born and brought up in the US. She attends a non-denominational Christian church in NYC and is very active in fitness and sports. We are seeking suitable alliances from similarly qualified professionals. If interested, please send recent photo and details to **mathew.eng12@gmail.com.**

*Pentecostal Girl in Dallas, TX, USA: MBA/Seeking Groom Pentecostal parents looking for suitable proposals for their daughter, 25 years old and 5ft 2in, MBA and working as manager for insurance agency. Seeking proposals from professional and qualified Pentecostal boys, preferably from USA. Contact: **469-233-4309** Please leave a message if your call is now answered.

*Malayalaee Christian business man settled in Kuwait, inviting proposal for their daughter. Born again Christian, 27 years old, 5'5" with fair complexion, born and raised in Kuwait. MBBS doctor with Master's Degree in Public Health from Boston, Massachusetts. Currently preparing for USMLE. Interested parties in US or Canada please contact us at **630-808–6165** or **rajanthomas125@gmail.com**

*Single marthomite girl (40yrs, 55kg 5.5ft) MSc. Big Data Analytics (UK) currently working in the UK, seeking Christian professional groom from USA/UK/CA/Euro. Interests to contact: **+91 9745678243, +44 7767957273**

Parents invite proposal for their daughter (24 years, raised in USA, baptized Christian who attends a local community church that follow Pentecostal beliefs, 5.1', did B.S in engineering) from one with similar background & professional qualifications. If interested, please respond to email: **Helistens@outlook.com** with picture & details.

*Knanaya Catholic woman 50 years old, widow, well settled in USA seeking proposals from widower age between 50-60, who is honest in nature, responsible, willing to make compromise. Intrested parties. please respond to **813-816 5339**

*USA settled Christian family seeking proposal for their 38-year-old daughter who was born in Sultanate of Oman and moved to US at the age of 10 in 1997. She is 5'3", born again, baptized and in fellowship with a Pentecostal Church in Florida. She has Law degree and currently working with State of Florida government since several years. We are looking for a born again, educated boy from US or Canada. Those who are interested please text, whatsapp at **863-709-6031** or email to: **mathewg1956@gmail.com**

*Knanaya Catholic parents invite proposals for their daughter Age: 25 yrs. (DOB: December, 1998) Height 5'1". Born in Kerala and lived in Mumbai. Then brought up in the US from the age of 9. Education: BSN and currently working as RN (travel nurse) and pursuing MSN. Seeking alliances from parents of well-educated and professionally qualified Knanaya Catholic boys brought up in the US. Please Contact: **516-554-5698 or 516-554-5681**

*Parents settled in the USA invite marriage proposals for their 27 year old American born Roman Catholic daughter, 5 feet 6 inches height, currently completing MD/ PhD program in a reputable university in the USA from physicians or similarly educated men raised in the USA. Very caring and family oriented. If interested, please email: **medqis@gmail.com** or contact **(908) 764-0342.**

*42 years old, 5'4, Christian woman, born in Kerala, raised in the US, American Citizens, and working as a certified teacher. She is seeking a proposal for a man who has a strong relationship with God, trustworthy, honest, faithful, compassionate, responsible, mature, financially stable ambitious, willingness to mutually make compromises, great communication and understanding. Interested parties please respond via email: **mallugurl81@gmail.com.**

*Pentecostal Parents invite proposals for their daughter, who is an MBBS Doctor and a Public Health Master's graduate from the American University of Armenia, now pursuing her Foreign Medical Licensing. She is 32 (17.2.1992/Height 5'4) with medium skin tone. She born in State of Qatar, Middle East and brought up in India. We are seeking suitable alliances from Christian - US, Canada, UK, Australia, New Zealand, Switzerland, Middle East who are Professionally qualified Doctors, CPAs, IT Professionals, Engineers with Masters. If interested please contact **+91 8592955555 / +91 8943677777** or

# SEEKING BRIDE

*Immigrant Orthodox Parents invite marriage Proposal for their son in India (Madhya Pradesh) B.E. Biomedical Engineer, from parents of Christian girls in the United States (He is 32 years old and Height is 5'4" with 68kg.) please contact at email :- **geappen@gmail.com }**

*Pentecostal parents are seeking a bride for their 26-year-old son (born November 1998), who will begin his MD residency program in Texas in June 2025. He is 5'10" tall and a U.S. citizen. We are seeking a suitable alliance from Pentecostal girls with a strong spiritual background (born again, baptized, and Spirit-led) and professionally qualified (preferably Doctors), born or raised in the USA. Interested parties, please respond with full details and a recent photograph to: **inhistime2025@yahoo.com.**

*Born again Christian man, 36 years old, 5'8" Ht, settled in Chicago area invites proposal from parents of any Christian denomination settled in U.S. Innocent divorcees are also welcome. Interested parties please contact **1-872-236-8692** or email: **lijosandras386@gmail.com**.

*Aunt seeking alliance for nephew, 27 years old (April 2nd 1997), born and raised in Mumbai, India. He is currently completing grad school at Columbia University, majoring in Management Science and Engineering. Before pursuing his Masters, he worked as Senior Consultant at Ernst & Young - Parthenon. Seeking wife who is settled in the US, with medical or software based job, Pentecostal denomination. Please call **678 431 8651** Preela Varghese.

*Pentecostal parents from Kerala, now settled in the US, are seeking marriage proposals for their 26-year-old son, who was born and raised in the US. He is baptized, has strong family values, and attends church regularly. He is 5.8", works as a computer engineer, and is currently pursuing graduate studies. Seeking God-fearing Pentecostal girls born or raised in the US, are professionals under 26 yrs., and 5.4" or taller. Please respond with a photo to **dm1235@gmail.com**

*Parents from US are inviting proposals for their born again son working as a doctor (MD, 33 years, fair and slim). If interested, please email at **Questhdan@gmail.com**

*Syrian Christian Pentecostal family settled in the USA prayerfully seeking a proposal for their son (1995/182cm / 80kg), born again, baptized US citizen, working as an engineer. He has completed his BTech from India and MS from USA. Seeking suitable alliance from the parents of God fearing, baptized girls (non-ornamental) professionally qualified in engineering / BSN/ other healthcare fields. A minimum height of 160 cm is preferred. Contact WhatsApp **4704033704**

*Syrian Pentecostal parents in the US are prayerfully seeking proposals for their God-fearing son (32 year-old, 5'6" MD physician), from parents of God-fearing girls with a similar educational background from Texas. If interested, please respond with complete details via email at **tonyvince29@gmail.com."**

*Pentecostal parents settled in USA prayerfully invite proposal for their son born and brought up in USA. He is 31 (August 03-1993) year old 5'5", architect, employed as project manager in an architectural firm in the northeast, born again, baptized, spirit filled and very active with church and gospel work. Seeking suitable alliance from parents of qualified born-again, baptized, spirit filled girl with good moral and spiritual values and professionally qualified, preferably born in the US. Please respond to **jehovahnissi2024@yahoo.com** with recent pictures and details.

*Pentecostal parents seeking proposals for their born again, baptized son (US born, 31/ 5' 7") He is now working as a Doctor in California. Inviting proposals from born again and profession qualified girls preferably born in the US. Please call/ send info with picture. **253 332 0868**. email: **molyvt@yahoo.com.**

## SEEKING BRIDEGROOM CONTD.....

**mathewkws@gmail.com** with recent pictures and details.

*Pentecostal parents inviting proposals for their daughter (31 years, 2/10/1992, Hight 5'6) pursuing Ph. D program in Mechanical Engineering, University of North Carolina in USA, currently working as Teaching assistant at the same university from parents of professionally qualified spiritual boys from USA. If interested, please contact **+91 9142050975 / +91 9744797000** or **thomasnidheerickal@gmail.com.**

*Roman Catholic parents invite proposals for their daughter, who is a chemical engineering Ph.D. student at a reputed college. She is 26 years old and is 5'3" with a fair complexion. She is born and brought up in the USA. We are seeking suitable alliances from professionally qualified Doctors, CPAs, IT professionals, and Engineers with masters, born and raised in the USA, who are Catholics, family-oriented, and God fearing. Interested please respond with details including a recent picture to: **chry7851@gmail.com**

Visit Our Website: www.keralaexpress.com for Matrimonial Advt.

KERALA EXPRESS

# നിര്യാതരായി

## കെ. ജോൺ മാത്യു

**ഒളശ്ശ:** വിശാഖപട്ടണം എച്ച്പിസിഎൽ ഓയിൽ മൂവ്മെന്റ് ആൻഡ് സ്റ്റോറേജ് മാനേജരായിരുന്ന ഒളശ്ശ കുഴിത്താറ്റിൽ കെ. ജോൺ മാത്യു (95) അന്തരിച്ചു. ഭാര്യ കോട്ടയം തൈപറമ്പിൽ ലീല മാത്യു. മകൾ: ഡോ. മായ തോമസ്. മരുമകൻ: ഡോ. തോമസ് കൊട്ടാരത്തിൽ (ഇരുവരും യുഎസ്).

## സ്കറിയ സ്കറിയ

**പുതുപ്പള്ളി:** പയ്യപ്പാടി ചീരംകുളത്ത് പുത്തൻപറമ്പിൽ മുൻ റേഷൻവ്യാപാരി സ്കറിയ സ്കറിയ (തങ്കച്ചൻ-94) അന്തരിച്ചു. ഭാര്യ അഞ്ചേരി ചേരിയിൽ പരേതയായ മേരിക്കുട്ടി. മക്കൾ: രാജു പി. സ്കറിയ, മിനി (ഇരുവരും യുഎസ്), സാബു പി. സ്കറിയ, ഷാജി പി. സ്കറിയ. മരുമക്കൾ: മോളി പി. സ്കറിയ, രാജൻ കല്ലറയ്ക്കൽ (ഇരുവരും യുഎസ്), വത്സമ്മ സാബു, ലിസമ്മ ഷാജി.

## ഏലിയാമ്മ ഡാനിയേൽ



**ചിക്കാഗോ:** ഐപിസി ഷാലോം സഭാംഗമായ ഏലിയാമ്മ ഡാനിയേൽ (83) അന്തരിച്ചു. കോഴഞ്ചേരി തെക്കേമല മുണ്ടക്കത്തോട്ടത്തിൽ കുടുംബാംഗമാണ്. റിട്ട. അധ്യാപികയായിരുന്നു. ചെങ്ങന്നൂർ പണിക്കശ്ശേരിൽ എബനേസർ വീട്ടിൽ പാസ്റ്റർ സാം മാത്യുവിന്റെ ഭാര്യയാണ് പരേത. മക്കൾ: ജെസ്സി ജേക്കബ്, സൂസൻ ബൈജു മാത്യു, ആൻസി ജോ ഏബ്രഹാം, ഫിലിപ്പ് മാത്യു. മരുമക്കൾ: വർഗീസ് ജേക്കബ്, പാസ്റ്റർ ബൈജു മാത്യു, ജോ ഏബ്രഹാം, ക്രിസ്റ്റീന മാത്യു.


**മല്ലപ്പള്ളി:** ചെങ്ങരൂർ ഊതാംപുറം എം.പി.എൽ പി.എസ് റിട്ട. പ്രധാനാധ്യാപിക ആനിക്കാട് വടക്കേടത്ത് സാറാമ്മ ഏബ്രഹാം (95) അന്തരിച്ചു.

## സി.എം. റഹമത്തുള്ള

**ചങ്ങനാശേരി:** തിരുവല്ല സിഎംആർ ഗ്രൂപ്പ് ഓഫ് കമ്പനീസ് ചെയർമാൻ സിയാദ് മൻസിലിൽ സി.എം. റഹമത്തുള്ള (75) അന്തരിച്ചു. ഭാര്യ കണ്ണൂർ വാഴക്കുളങ്ങര ഉമ്മുൽ ഫായിസ. മക്കൾ: മുഹമ്മദ് സിയാദ്, ഷെമീല (അബുദാബി), സഫ്ന (യുഎസ്). മരുമക്കൾ: ഹബീബ് (അബുദാബി), ഷെഫീഖ് (യുഎസ്), സജ്ന (കൊല്ലം).

**ഞീഴൂർ:** മുണ്ടുവേലിൽ ഫിലിപ്പ് മത്തായി (72) അന്തരിച്ചു.

## പാസ്റ്റർ ജേക്കബ് എം. മാത്യു



**ഡാളസ്:** ദീർഘകാലമായി ചിക്കാഗോയിൽ സഭാ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരുന്ന കുമ്പനാട് മേട്ടിൽ കുടുംബാംഗമായ പാസ്റ്റർ ജേക്കബ് എം. മാത്യു (81) അന്തരിച്ചു. ഭാര്യ: അന്നമ്മ മാത്യു. മക്കൾ: സ്റ്റാൻലി മാത്യു, ബർണി മാത്യു, സ്റ്റെഫിനി വർഗീസ്. മരുമക്കൾ: ബിൻസി, ജെയ്മി, ഫിലിപ്പ്. സഹോദരങ്ങൾ: പരേതനായ എം.എം. തോമസ്, എം.എം. വർഗീസ്, എം.എം. ഫിലിപ്പ്, പൊന്നമ്മ മാമ്മൻ, ഏലിയാമ്മ വർഗീസ്, ഏബ്രഹാം മേട്ടിൽ, ജോൺ മാത്യു മേട്ടിൽ.

**കൊച്ചി:** എളംകുളം നേതാജി നഗർ ക്രോസ് റോഡ് 2-ൽ സ്രാമ്പിക്കൽ ഗ്രേസ് എസ്. ജോർജ് (82) ബെംഗ്ളൂരുവിൽ അന്തരിച്ചു.

## പി.കെ. ജോസഫ്

**എടത്വ:** ചെക്കിടിക്കാട് കാവിലവീട്ടിൽ പുത്തൻപുരയിൽ പി.കെ. ജോസഫ് (ജമ്മച്ചൻ-86) അന്തരിച്ചു. ഭാര്യ പടഹാരം കൊച്ചുതറ ത്രേസ്യാമ്മ. മക്കൾ: ലിജി, മായ (യുഎസ്), സിറിൾ (സൗദി), ജെറി (അയർലൻഡ്). മരുമക്കൾ: റോയി മലയാമ്പുറം (ചമ്പക്കുളം), രാമപുരം തുണ്ടത്തിൽ വിൻസന്റ് (യുഎസ്), വിഷ കോച്ചേരിച്ചിറ (ചേർത്തല), പാലാ മേനാംപറമ്പിൽ പ്രിൻസി (അയർലൻഡ്).

## ഏലിയാമ്മ ഫിലിപ്പോസ്

**നിരണം വടക്കുംഭാഗം:** ഭിലായ് എംഐജി 1050-ൽ ഏലിയാമ്മ ഫിലിപ്പോസ് (ശാന്തമ്മ-80) അന്തരിച്ചു. പന്തപ്പാട്ട് കുടുംബാംഗമാണ്. ഭർത്താവ് പരേതനായ സി.ടി. ഫിലിപ്പോസ്. മക്കൾ: ബിജി, ബിനു (യുഎസ്), അജി.

**നീലംപേരൂർ:** ജീസസ് ബസ് സർവീസ് ഉടമ കാട്ടടിയിൽ കുര്യാക്കോസ് സ്കറിയ (കറിയാച്ചൻ-78) അന്തരിച്ചു.

**അതിരമ്പുഴ:** മാങ്കോട്ടിൽ ബെനഡിക്ട് തോമസിന്റെയും ലീലാമ്മയുടെയും മകൻ സിനു ബെനഡിക്ട് (40) ദുബായിൽ അന്തരിച്ചു.

**മുട്ടം:** വേരമനാൽ ബിജുവിന്റെയും ജൂലി മാനുവലിന്റെയും മകൻ മാർലോൺ മാത്യു (18) അന്തരിച്ചു.

**കുമരകം:** ചിറത്തറച്ചിറ വിജുമോൻ (കുട്ടാച്ചൻ-52) അന്തരിച്ചു.

## തങ്കമ്മ സ്കറിയ

**വാകത്താനം:** കാഞ്ഞരക്കാട്ട് തങ്കമ്മ (ശോശാമ്മ-89) അന്തരിച്ചു. ഭർത്താവ് പരേതനായ സ്കറിയ. മക്കൾ: ലീലാമ്മ, ബേബി, സാലമ്മ (യുഎസ്), മറിയാമ്മ, വത്സമ്മ. മരുമക്കൾ: ജോയ് കൊച്ചുപുത്തൻപുരയ്ക്കൽ (കൈപ്പുഴ), ബേബി അറാക്കൽ (മുക്കൂട്ടുതറ), ഫിലിപ്പോസ് ചെന്നിത്തല (യുഎസ്), പരേതനായ പാപ്പച്ചൻ തേമ്പാറയിൽ (കുറിച്ചി), ജോസ് ഇടത്തിൽ താഴ്ചയിൽ (കുറിച്ചി).

**ആമ്പല്ലൂർ:** കാഞ്ഞിരമറ്റം സെ. ഇഗ്നേഷ്യസ് സ്കൂൾ റിട്ട. അധ്യാപിക മെയിറ്റിപ്പറമ്പിൽ തങ്കമ്മ ദേവസ്യ (73)അന്തരിച്ചു.

## വി.സി. കുര്യൻ

**കുത്രപ്പള്ളി:** റിട്ട. പോലീസ് ഉദ്യോഗസ്ഥൻ വാളംപറമ്പിൽ വി.സി. കുര്യൻ (100) അന്തരിച്ചു. ഭാര്യ പെരിങ്ങിലിപ്പുറം വാഴവാടിക്കടവിൽ പരേതയായ തങ്കമ്മ. മക്കൾ: വി.കെ. ചെറിയാൻ, വി.കെ. ജോൺസൻ (ഷാർജ), ജെയിംസ് കുര്യൻ (ദുബായ്), ജെസി മാത്യു (യുഎസ്), ജോസഫ് കുര്യൻ പാമ്പാടി. മരുമക്കൾ: ജെസി ചെറിയാൻ (പുളിക്കീഴ്), ഹെലൻ ജോൺസൺ (ഇലഞ്ഞിമേൽ),വിൽസി ജെയിംസ് (ചെങ്ങരൂർ), ജോൺ മാത്യു നെല്ലിശേരിൽ കൊല്ലാട് (യുഎസ്), താരാ ജോസഫ് ഇലഞ്ഞിമേൽ, പ്രമീള ജോസി കിളിമല പുത്തൻപുരയിൽ പാമ്പാടി.

## എം.എസ്. പോൾ

**തൃപ്പൂണിത്തുറ:** തിരുവനന്തപുരം പിആൻഡ്ടി റിട്ട. ഉദ്യോഗസ്ഥൻ മറ്റത്തിൽ എം.എസ്. പോൾ (92) അന്തരിച്ചു. ഭാര്യ കോട്ടയം വടവാതൂർ പറപ്പള്ളിച്ചിറ അന്നമ്മ (റിട്ട. ഗവ. അദ്ധ്യാപിക). മക്കൾ: തോമസ് പോൾ (യുഎസ്), മേരി രജിത് (കൊച്ചിൻ ഷിപ്യാർഡ്), പരേതനായ തോമസ് പോൾ. മരുമക്കൾ: ഷീന തോമസ് തൃശൂർ (യുഎസ്), ഡോ. രജിത് ഏബ്രഹാം.

## കെ.ജെ. മത്തായി

**മുണ്ടൻകവല:** കണ്ടത്തിങ്കൽ കെ.ജെ. മത്തായി (85) അന്തരിച്ചു. ഭാര്യ പരേതയായ മേരി മാത്യു. മക്കൾ: കെ.എം. ജോൺ, എത്സമ്മ മാത്യു, സാബു കെ. മാത്യു (യുഎസ്), കെ.എം. ജയമോൾ. മരുമക്കൾ: കെ.ജെ. ലൈസമ്മ, പരേതനായ കുട്ടപ്പൻ, മെർലിൻ മാത്യു (യുഎസ്), സാബു തോമസ്.

**ചങ്ങനാശേരി:** ചക്കുപുരയ്ക്കൽ ഡോ. ജെസമ്മ സെബാസ്റ്റ്യൻ (85) ജർമ്മനിയിൽ അന്തരിച്ചു.

**ആലപ്പുഴ:** പഴവീട് വില്ലേജ് ഓഫീസർ പൂങ്കാവ് ബിജു സദനത്തിൽ ജോസഫ് വർഗീസ് (ബിജു-52) അന്തരിച്ചു.

**തിരുവല്ല:** കാവുംഭാഗം കിഴക്കുമുറി മേളാംപറമ്പിൽ ഉഷ വർഗീസ് (74) അന്തരിച്ചു.

## പഴയ വാട്ടപ്പിള്ളിൽ പൈലി

**ഇലഞ്ഞി:** മുത്തോലപുരം പഴയ വാട്ടപ്പിള്ളിൽ പൈലി (81) അന്തരിച്ചു. ഭാര്യ ശാന്തിപുരം ചോതിരക്കോട്ട് ഏലിക്കുട്ടി. മക്കൾ: ജസി, സുജി (ഇരുവരും ഓസ്ട്രേലിയ), ബെന്നി, ബിജു, മഞ്ജു (മൂവരും യുഎസ്). മരുമക്കൾ: ഡോ. മാത്യു കൊല്ലറക്കൽ, സോണി കുഴിക്കാട്ട് കുടിലിൽ, ബ്ലസി കടകമ്പള്ളിൽ, സിമി പാലോലിക്കൽ, ബിജു പടുപ്പുരയ്ക്കൽ.

## ശാമുവേൽ മത്തായി



**ന്യൂയോർക്ക്:** കുണ്ടറ മുളവന പയ്യത്തുവിളയിൽ പരേതരായ പി.എം. മാത്യുവിന്റെയും അന്നക്കുട്ടി മാത്യുവിന്റെയും മകൻ ശാമുവേൽ മത്തായി (കുഞ്ഞുമോൻ-73) ഹൂസ്റ്റണിൽ അന്തരിച്ചു. യോങ്കേഴ്സ് സെന്റ് ആൻഡ്രൂസ് മാർത്തോമ്മാ ഇടവകാംഗമാണ്. ഭാര്യ തങ്കമ്മ ശാമുവേൽ മക്കൾ: അനീഷാ മാത്യു, സ്റ്റെയ്സി ദാനിയേൽ, ജോയ്സ് ജോൺ. മരുമക്കൾ: റെജി മാത്യു, ബിനു ദാനിയേൽ, ഗ്രേഷ്യസ് ജോൺ.

**ചങ്ങനാശേരി:** അങ്ങാടി തുമ്പുങ്കൽ പരേതനായ ടി.എം. ജോസഫിന്റെ ഭാര്യ ലിസമ്മ ജോസഫ് (80) അന്തരിച്ചു.

## അന്നമ്മ വർഗീസ്

**കാവാലം വടക്ക്:** പുത്തൻതറ അന്നമ്മ വർഗീസ് (തങ്കമ്മ-82) അന്തരിച്ചു. ഭർത്താവ് പരേതനായ വർഗീസ് മത്തായി. മക്കൾ: റെജി (യുഎസ്), റെനി, നിനു (യുകെ). മരുമക്കൾ: ഷീന (യുഎസ്), രാജേഷ് ചെറുവള്ളാത്ത് (കോട്ടയം), ആശ (യുകെ).

**അടൂർ:** സിഎസ്ഐ സഭയിലെ മുതിർന്ന വൈദികൻ നെല്ലിമുകൾ കൊച്ചുവീട്ടിൽ എബനേസറിൽ റവ. സി.കെ. ജോൺ (85) അന്തരിച്ചു.

## ലളിത കെ. നായർ

**കോഴിക്കോട്:** മേടയിൽ കോയിക്കൽ ലളിത കെ. നായർ (87) അന്തരിച്ചു. ഭർത്താവ് പരേതനായ കെ. കുട്ടികൃഷ്ണൻ നായർ. മക്കൾ: ഇന്ദിര (ബെംഗളൂരു), സുമ, സന്തോഷി (യുഎസ്). മരുമക്കൾ: റിട്ട. കേണൽ ശ്രീകുമാർ നായർ, അനിൽകുമാർ, സവിത.

**മണലുങ്കൽ:** കല്ലേക്കല്ലിൽ ജോൺസന്റെ ഭാര്യ മാർഗരറ്റ് (മായ-54) അന്തരിച്ചു.

**പാലാ:** കിഴക്കേക്കര പുലിമലക്കുന്നേൽ ജോസ് തോമസ് (79) അന്തരിച്ചു.

## പി.ടി. തോമസ്

**പാലാരിവട്ടം:** നേതാജി റോഡ് പറമുണ്ടയിൽ പി.ടി. തോമസ് (80) അന്തരിച്ചു. ഭാര്യ കാഞ്ഞിരപ്പള്ളി പള്ളിവാതുക്കൽ പരേതയായ ഏലിമ്മ തോമസ്. മക്കൾ: അനു (ചിക്കാഗോ), തോമസ് (സിയാറ്റിൽ), ഫിലിപ്പ് (ബെംഗ്ളൂരു). മരുമക്കൾ: ജോ മാത്യു ഏർത്തയിൽ കാഞ്ഞിരപ്പള്ളി, നിനു കുട്ടിയാനിയിൽ പെരിന്തൽമണ്ണ, ബിബിന ആലുംമൂട്ടിൽ എറണാകുളം.

**പാമ്പാടി-വെള്ളൂർ:** കോട്ടയം സെന്റ് ആൻസ് ഹൈസ്കൂൾ റിട്ട. അധ്യാപിക പുവക്കോട്ട് ജോയമ്മ മാത്യു (79) അന്തരിച്ചു.

## ഉണ്ണികൃഷ്ണപിള്ള

**നട്ടാശേരി:** അമൃതപുരി മാവൂർ റെയോൺസ് റിട്ട. പർച്ചേസ് മാനേജർ ഉണ്ണികൃഷ്ണപിള്ള (76) അന്തരിച്ചു. ഭാര്യ: സുശീലാഭായി (റിട്ട. ടീച്ചർ). മക്കൾ: വിശാൽ, ധന്യ (യുഎസ്). മരുമക്കൾ: സന്ധ്യ, രാജേഷ് (യുഎസ്).

## എം.ടി. മാമ്മൻ

**എടത്വ:** ആനപ്രാമ്പാൽ വടക്ക് മാലിയിൽ എം.ടി. മാമ്മൻ (പാപ്പച്ചൻ-88) അന്തരിച്ചു. ഭാര്യ തലവടി തോട്ടടിയിൽ അമ്മിണി. മക്കൾ: ജിനു (സൗദി), ഡോ. ജിജു (യുഎസ്), ജോജി (ബെംഗ്ളൂരു). മരുമക്കൾ: ജൂണോ, സുനു, ജൂഡിത്ത്.


## ടി.സി. സെബാസ്റ്റ്യൻ



**എഡ്മിന്റൻ:** ആലക്കോട് പ്രദേശത്തെ ആദ്യകാല കോൺഗ്രസ് നേതാവും സഹകരണ ബാങ്ക് മുൻ പ്രസിഡണ്ടുമായിരുന്ന കുട്ടാപറമ്പിലെ തുണിയംപ്രായിലിൽ ടി.സി. സെബാസ്റ്റ്യൻ (മണി-74) കാനഡയിലെ എഡ്മിന്റനിൽ അന്തരിച്ചു. ഭാര്യ: രയരോം മുള്ളോങ്കൽ കുടുംബാംഗമായ മേരിക്കുട്ടി. മക്കളും മരുമക്കളും: റിൻസി (പി.വി. ബൈജു-കാലടി) എഡ്മിന്റൻ, റിജോഷ്-ജിഷ മണിക്കടവ് (ഓസ്ട്രേലിയ), പരേതനായ റിനിൽ. സഹോദരങ്ങൾ: ഏബ്രഹാം കുനാതപുരം, തോമസ് (ഗബ്രി-കർണാടക), ജെയിംസ് (ആലക്കോട്), തങ്കമ്മ മുണ്ടക്കൽ (പരപ്പ), വത്സമ്മ മുണ്ടക്കൽ (നെല്ലിക്കുറ്റി), പരേതരായ ബേബി, ജോൺ മാത്യു.

**ചങ്ങനാശേരി:** ഫ്രാൻസിസ്കൻ ക്ലാരിസ്റ്റ് കോൺഗ്രിഗേഷൻ ചങ്ങനാശേരി മേരിമാതാ പ്രോവിൻസ് സെ. ജോസഫ് മഠാംഗം സിസ്റ്റർ മെലാനി (91) അന്തരിച്ചു.

## ഏബ്രഹാം കണ്ണാരത്തിൽ



**ചിക്കാഗോ:** കല്ലറ കണ്ണാരത്തിൽ ഏബ്രഹാം (82) ചിക്കാഗോയിൽ അന്തരിച്ചു. ഭാര്യ പരേതയായ ഫിലോമിന മാഞ്ഞൂർ കട്ടപ്പുറം കുടുംബാംഗമാണ്. മക്കൾ: സോണി കണ്ണാരത്തിൽ (ചിക്കാഗോ), സോളി ജോയൽ ഇലക്കാട്ട് (ചിക്കാഗോ), സോഫി റജീഷ് തൈത്തറയിൽ (ചിക്കാഗോ). മരുമക്കൾ: ലത മൂന്നുപറയിൽ കൈപ്പുഴ, ജോയൽ ഇലക്കാട്ട് കടുത്തുരുത്തി, റജീഷ് തൈത്തറയിൽ ഒളശ്ശ.

**ചങ്ങനാശേരി:** നാലുകോടി കുഴിമണ്ണിൽ പരേതനായ കെ.വി. ജോബിന്റെ (പായിപ്പാട് പഞ്ചായത്ത് മുൻ വൈസ് പ്രസിഡണ്ട്) ഭാര്യ അന്നമ്മ ജോബ് (86) അന്തരിച്ചു.

## ബേബി ജോസഫ്

**തൊടുപുഴ:** തെക്കുംഭാഗം കോടമുള്ളിൽ ബേബി ജോസഫ് (78) അന്തരിച്ചു. ഭാര്യ ആവലിൻചോട്ടിൽ ലിസി ബേബി. മക്കൾ: റോബിൻ (യുഎസ്), രചന (യുകെ), രോഹിത്, റെയ്ച്ചൽ. മരുമക്കൾ: തിരുവനന്തപുരം കുളത്തിനാൽ ശില്പ, കോട്ടയം കൊല്ലംപറമ്പിൽ ജിതിൻ. ആദ്യ ഭാര്യ പുൽപ്പള്ളി തട്ടാംപറമ്പിൽ പരേതയായ ചിന്നമ്മ.

## കെ.പി. ഫിലിപ്പ്

**തിരുവല്ല:** നെടുംബ്രോത്ത് കണ്ടത്തിൽ പുരയ്ക്കൽ കെ.പി. ഫിലിപ്പ് (73) കൊച്ചിയിൽ അന്തരിച്ചു. ഭാര്യ മേരി ഫിലിപ്പ്. മകൾ: ആനറ്റ് ഫിലിപ്പ് (സ്ഥാപക ഡയറക്ടർ, ബെർക്‌ലി ഇന്ത്യ എൻസെംബിൾ യുഎസ്).

## കുര്യാക്കോസ്

**കോലഞ്ചേരി:** ഗവ. കോൺട്രാക്ടർ ഞാറ്റുതൊട്ടിയിൽ എൻ.കെ. കുര്യാക്കോസ് (81) അന്തരിച്ചു. ഭാര്യ പിറമാടം മേപ്പാടത്ത് കുമാരി കുര്യാക്കോസ്. മക്കൾ: നൈസ് കുര്യൻ (യുഎസ്), സിനു കുര്യാക്കോസ്. മരുമക്കൾ: ലൈജു ജോസഫ് തെക്കേക്കര മണ്ണത്തൂർ, സോഫി (യുഎസ്).

**ചങ്ങനാശേരി:** റിട്ട. സിആർപിഎഫ് ഉദ്യോഗസ്ഥൻ ചീരഞ്ചിറ ഉമ്പിക്കാട്ടിൽ (തെരേസവില്ല) ഒ.എസ്. ജോർജ് (79) അന്തരിച്ചു.

**കോട്ടയം:** എംടി എൽപിഎസ് റിട്ട. പ്രധാനാദ്ധ്യാപകൻ കഞ്ഞിക്കുഴി കരിമ്പിൽ എബനേസറിൽ കെ.വി. ജോഷ്വാ (90) അന്തരിച്ചു.

## COMMERCIAL BUILDING FOR SALE AT KURAVILANGAD, KOTTAYAM

കുറവിലങ്ങാട് ജംഗ്ഷനിൽ M.C Road സൈഡിൽ 30 സെന്റ് സ്ഥലത്തോട് കൂടി 3 നിലയിലുള്ള commercial building (Aprx. 10,000 ചതുരശ്ര അടി) വില്പനയ്ക്ക്. NRI-കാർക്ക് മുൻഗണന. Owners retiring! Great investment opportunity! Mostly rented by banks!

**Serious buyers please contact**

**(USA) 1 (407) 312 9926 OR 1908 764 0342 OR**

**E-mail: medqis@gmail.com**

## LAND FOR SALE

**ARUNOOTTIMANGALAM, 5KM NORTH OF KADUTHURUTHY, KOTTAYAM DISTRICT**

1.8 acres near st. joseph's church, facing main rd. ( 270ft), back borders old paddy field so well water available.

**Contact:** **USA- 630-209-5535,**
**KERALA- 9447572102**

## LOOKING FOR LIVE-IN CAREGIVER IN DETROIT

Looking for a female caregiver for an 84 year old woman. (Preferably Malayalam speaking) in Detroit to assist with her daily activities. If you are interested,

**please contact**

**Joji Varughese 586-610-9932**

**for more information.**

## HOUSING PLOTS FOR SALE AT MONIPPALLY

മോനിപ്പള്ളി-ഇലഞ്ഞി റൂട്ടിൽ കല്ലിടുക്കി കവലയ്ക്കു സമീപം മെയിൻ റോഡിൽ നിന്നും 30 മീറ്റർ അകത്തായി പഞ്ചായത്ത് റോഡിന്റെ സൈഡിൽ 70 സെന്റും 54 സെന്റും ഉള്ള രണ്ട് പ്ലോട്ടുകൾ വില്പനയ്ക്ക്.

**Whatsapp +1 630 903 7680**

Two residential plots of 70 cents and 54 cents at Monippally (just 30 Mtrs from Monippally-Elanji Road and on the side of Panchayat Rd) for immediate sale. Serious buyers please contact

**Cell/Whatsapp +1 630 903 7680**

### *Favors Received*



*Inserted by: Firm Believer, Dallas*

### *Favors Received*



*Inserted by: Firm Believer, Dallas*

### ഉപകാരസ്മരണ



**വി. യൂദാശ്ലീഹായുടെ നൊവേന**

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി. യൂദാശ്ലീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണമെ. യാതൊരു സഹായവും ഫല സിദ്ധിയുമില്ലാതെ വരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണമെ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങയുടെ സഹായം ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ലീഹായെ, അങ്ങയുടെ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

(ദിവസം ഒൻപതു പ്രാവശ്യം ഈ പ്രാർത്ഥന ചൊല്ലുക. എട്ടാം ദിവസം നിങ്ങളുടെ പ്രാർത്ഥനയ്ക്ക് നിവൃത്തിയുണ്ടാകും. ഒൻപതു ദിവസം ചൊല്ലുക. അത് ഒരു കാലവും സഫലമാകാതിരിക്കില്ല) താമസിച്ചതിനു ക്ഷമാപണം

*Inserted by: Firm Believer, Atlanta*

### ഉപകാരസ്മരണ



**വി. യൂദാശ്ലീഹായുടെ നൊവേന**

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി. യൂദാശ്ലീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണമെ. യാതൊരു സഹായവും ഫല സിദ്ധിയുമില്ലാതെ വരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണമെ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങയുടെ സഹായം ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ലീഹായെ, അങ്ങയുടെ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

(ദിവസം ഒൻപതു പ്രാവശ്യം ഈ പ്രാർത്ഥന ചൊല്ലുക. എട്ടാം ദിവസം നിങ്ങളുടെ പ്രാർത്ഥനയ്ക്ക് നിവൃത്തിയുണ്ടാകും. ഒൻപതു ദിവസം ചൊല്ലുക. അത് ഒരു കാലവും സഫലമാകാതിരിക്കില്ല) താമസിച്ചതിനു ക്ഷമാപണം

*Inserted by: Firm Believer, Atlanta*

### ഉപകാരസ്മരണ



*Inserted by: Firm Believer, New York*

### ഉപകാരസ്മരണ



*Inserted by: Firm Believer, New York*

### *Favors Received*



*Inserted by: Firm Believer, Chicago*

### *Favors Received*



*Inserted by: Firm Believer, Chicago*

**Visit Our Website: www.keralaexpress.com for Classified Advt.**

# ഉന്നതവിദ്യാഭ്യാസ വകുപ്പും ഗവർണറുമായിട്ടുള്ള ശീതസമരം തുടരുന്നു

തിരുവനന്തപുരം: ആരിഫ് മുഹമ്മദ് ഖാൻ കേരളാ ഗവർണർ സ്ഥാനത്തുനിന്നും മാറി രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ പുതിയ ഗവർണറായി ചുമതലയേറ്റ ശേഷവും ഉന്നത വിദ്യാഭ്യാസ വകുപ്പുമായുള്ള ശീതസമരത്തിൽ കാര്യമായ മാറ്റമില്ല. കേരള സർവകലാശാലയിലും അടുത്തയിടെ ഉണ്ടായ സംഭവവികാസങ്ങളിൽ രാജ്ഭവൻ കടുത്ത അമർഷത്തിലാണ്.

കേരള സർവകലാശാലയ്ക്കുള്ളിൽ പന്തൽകെട്ടി സമരം നടത്തിയ ഇടതു വിദ്യാർത്ഥി സംഘടന വൈസ് ചാൻസലറുടെ ഓഫീസിൽ അതിക്രമം കാട്ടിയെന്ന പരാതിയിൽ ഉൾപ്പെടെ ഗവർണർക്ക് റിപ്പോർട്ട് നല്കിയിരുന്നു. സാങ്കേതിക സർവകലാശാലയിൽ സിൻഡിക്കേറ്റ് യോഗത്തിൽനിന്നും വൈസ് ചാൻസലർ ഇറങ്ങിപ്പോകുകയും തുടർന്ന് അധ്യക്ഷനില്ലാതെ സിൻഡിക്കേറ്റ് യോഗം നടക്കുകയും ചെയ്ത സംഭവത്തിൽ തുടർ നടപടികളും രാജ്ഭവൻ നിരീക്ഷിച്ചു വരികയാണ്.

മുമ്പ് ആരിഫ് മുഹമ്മദ് ഖാൻ ചാൻസലറായിരുന്നപ്പോൾ അദ്ദേഹത്തിനെതിരെ നേരിട്ട് കരിങ്കൊടി പ്രകടനം ഉൾപ്പെടെയുള്ള സമരങ്ങൾ ഇടതു വിദ്യാർത്ഥി സംഘടനകൾ നടത്തിയിരുന്നു. പാർട്ടിയുടെ സമ്മതത്തോടെയായിരുന്നു ഈ പ്രതിഷേധങ്ങൾ. എന്നാൽ പുതിയ ഗവർണർ അധികാരമേറ്റതിനു പിന്നാലെ അദ്ദേഹത്തിനു നേരെ സമരങ്ങൾ ആരംഭിച്ചിട്ടില്ല. അപ്പോഴും കേരളാ, സാങ്കേതിക സർവകലാശാല വൈസ് ചാൻസലർമാർക്കു നേരേയുള്ള സമരത്തിൽ മാറ്റമില്ല. കേരള സർക്കാരിന്റെ നിർദേശങ്ങൾ തള്ളിക്കൊണ്ട് മുൻ ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ നിയമിച്ച വൈസ് ചാൻസലർമാരാണ് കേരളയിലെ ഡോ. മോഹനൻ കുന്നുമ്മലും കെടിയുവിലെ ഡോ. കെ. ശിവപ്രസാദും.

കേരളാ സർവകലാശാലയിൽ യൂണിയൻ ഉദ്ഘാടനം നടത്താത്തതിന്റെ പേരിലുള്ള സമരം ദിവസങ്ങളായി തുടരുകയാണ്. വൈസ് ചാൻസലർ ആണ് ഇതിന് അനുമതി നല്കാത്തതെന്ന നിലപാടിലാണ് വിദ്യാർത്ഥി സംഘടന. കോടതിയുടെ തീർപ്പു വന്നശേഷം തുടർ നടപടി എന്ന നിലയിലാണ് വിസി. ചാൻസലർ കൂടിയായ ഗവർണറെ വൈസ് ചാൻസലർ ഇക്കാര്യത്തിലുള്ള നിലപാട് അറിയിച്ചതായും ഗവർണറുടെ കൂടി നിർദേശങ്ങളുടെ അടിസ്ഥാനത്തിലാണ് ഇപ്പോഴുള്ള നീക്കങ്ങളെന്നുമാണ് അറിയുന്നത്. സാങ്കേതിക സർവകലാശാലയിൽ പുതുതായി നിയമിച്ച വൈസ്ചാൻസലർ ഡോ. കെ. ശിവപ്രസാദും ഇടത് സിൻഡിക്കറ്റും തമ്മിൽ ഏറ്റുമുട്ടൽ അതിരൂക്ഷമാണ്. കോൺഗ്രസ് സംഘടനാ നേതാവിനെതിരെ സാമ്പത്തിക തിരിമറിക്കേസിൽ നടപടി സ്വീകരിക്കണമെന്ന സിൻഡിക്കറ്റ് ആവശ്യം സിഎജി റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ വൈസ് ചാൻസലർ തള്ളുകയും കോൺഗ്രസ് സംഘടനാ നേതാവിന്റെ സസ്പെൻഷൻ പിൻവലിക്കുകയും ചെയ്തതോടെയാണ് സിൻഡിക്കറ്റും വൈസ് ചാൻസലറും തമ്മിൽ രൂക്ഷമായ ഏറ്റുമുട്ടലിലേക്ക് മാറിയിരിക്കുന്നത്. ഇക്കാര്യത്തിലും സാങ്കേതിക സർവകലാശാല വിസി ഗവർണർക്ക് റിപ്പോർട്ട് നല്കി. വരും ദിവസങ്ങളിൽ ഈ പോര് കൂടുതൽ രൂക്ഷമാകാനാണ് സാധ്യത.

# പത്ത് ലക്ഷം ഇന്ത്യക്കാർ മലേഷ്യ സന്ദർശിച്ചു

കൊച്ചി: കഴിഞ്ഞവർഷം ഇന്ത്യയിൽ നിന്ന് പത്ത് ലക്ഷം വിനോദസഞ്ചാരികളാണ് മലേഷ്യ സന്ദർശിച്ചതെന്ന് ടൂറിസം മലേഷ്യ ഡയറക്ടർ ജനറൽ ദാതുക് മനോഹരൻ പെരിയസ്വാമി. അതിൽ 50 ശതമാനത്തിലധികം പേർ ദക്ഷിണേന്ത്യയിൽ നിന്നാണെന്നും അദ്ദേഹം പറഞ്ഞു.

ഇന്ത്യയുമായുള്ള സാംസ്കാരിക വിനോദ സഞ്ചാര ബന്ധങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി കൊച്ചിയിൽ സംഘടിപ്പിച്ച മലേഷ്യൻ ടൂറിസം മേളയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

151 വിമാന സർവീസുകൾ വഴി 26,686 സീറ്റുകളാണ് മലേഷ്യ സന്ദർശനത്തിനായി പ്രതിവാരം ഇന്ത്യയിൽ നിന്നുള്ളത്. ചെന്നൈയിൽ നിന്നും ബെംഗളൂരുവിൽനിന്നും പെനാങ്ങിലേക്കും ലങ്കാവിയിലേക്കും ഇൻഡിഗോ എയർലൈൻസ് അടുത്തിടെ സർവീസ് ആരംഭിച്ചിട്ടുണ്ട്.

2026 'വിസിറ്റ് മലേഷ്യ ഇയർ' ആയി ആചരിക്കുമ്പോൾ 1.6 ദശലക്ഷം ഇന്ത്യൻ യാത്രികരെയാണ് മലേഷ്യ ലക്ഷ്യമിടുന്നത്. എല്ലാ യാത്രക്കാർക്കും ലോകോത്തര അടിസ്ഥാന സൗകര്യങ്ങളും മനോഹരമായ സന്ദർശന കേന്ദ്രങ്ങളും മലേഷ്യ ഒരുക്കുന്നുണ്ടെന്നും ദാതുക് മനോഹരൻ പെരിയസ്വാമി പറഞ്ഞു.

ടൂറിസം മലേഷ്യ എന്ന പേരിൽ അറിയപ്പെടുന്ന മലേഷ്യ ടൂറിസം പ്രൊമോഷൻ ബോർഡ് മലേഷ്യയുടെ ടൂറിസം, കലാ-സാംസ്കാരിക മന്ത്രാലയത്തിനു കീഴിലുള്ള ഏജൻസിയാണ്. കൊച്ചി, ഹൈദരാബാദ്, ബെംഗ്ളൂരു എന്നീ നഗരങ്ങൾ സന്ദർശിക്കുന്ന സംഘത്തിൽ മലേഷ്യയിൽ നിന്നുള്ള 62 ടൂറിസം സേവനദാതാക്കളുടെ പ്രതിനിധികളാണ് മേളയിൽ പങ്കെടുത്തത്.

# ഛത്തീസ്ഗഡിൽ 31 മാവോയിസ്റ്റുകളെ വധിച്ചു

ബിജാപ്പൂർ: ഛത്തീസ്ഗഡിൽ 31 മാവോയിസ്റ്റുകളെ സുരക്ഷാസേന ഏറ്റുമുട്ടലിൽ വധിച്ചു. രണ്ട് ജവാന്മാർക്ക് വീരമൃത്യു. ബിജാപ്പൂർ ജില്ലയിലെ ഇന്ദ്രാവതി ദേശീയോദ്യാനത്തിലാണ് ഏറ്റുമുട്ടലുണ്ടായത്. മാവോയിസ്റ്റുകളുടെ സാന്നിദ്ധ്യമുണ്ടെന്ന രഹസ്യവിവരത്തെ തുടർന്നാണ് മേഖലയിൽ സുരക്ഷാ സേനയുടെ സംയുക്തസംഘം തെരച്ചിൽ നടത്താനെത്തിയത്. തുടർന്നാണ് ഏറ്റുമുട്ടലുണ്ടായത്. 31 തീവ്രവാദികൾ കൊല്ലപ്പെട്ടതായി ബസ്തർ ഐജി പി. സുന്ദർരാജ് പറഞ്ഞു. രണ്ട് ജവാന്മാർ ഏറ്റുമുട്ടലിൽ വീരമൃത്യു വരിച്ചു. ജില്ലാ റിസർവ് ഗാർഡ്, മാവോയിസ്റ്റ് വിരുദ്ധ വേട്ടയ്ക്കായി നിയോഗിക്കപ്പെട്ട സ്പെഷൽ ടാക്സ് ഫോഴ്സ് എന്നീ വിഭാഗത്തിൽ നിന്നുള്ള രണ്ട് ഉദ്യോഗസ്ഥരാണ് കൊല്ലപ്പെട്ടത്. പരുക്കേറ്റ മറ്റ് രണ്ട് ജവാന്മാരെ വിദഗ്ദ്ധ ചികിത്സയ്ക്കായി റായ്പൂരിലേക്ക് മാറ്റി. ഈ വർഷം ഇതുവരെ ഛത്തീസ്ഗഡിൽ 62 മാവോയിസ്റ്റുകളാണ് ഏറ്റുമുട്ടലിൽ കൊല്ലപ്പെട്ടത്. 11 ജവാന്മാർ വീരമൃത്യു വരിച്ചപ്പോൾ ഒൻപത് സാധാരണക്കാരും മരിച്ചവരുടെ പട്ടികയിലുണ്ട്.

# പാതിവില ഓഫർ തട്ടിപ്പ്

(4-ാം പേജിൽനിന്നും)

അന്വേഷിക്കാമെന്നാണു ഡിജിപി എസ്. ദർവേഷ് സാഹിബിന്റെ നിലപാട്.

ചില ജില്ലകളിൽ പോലീസ് കേസെടുക്കാൻ വിസമ്മതിച്ചതും ഒത്തുതീർപ്പിനു ശ്രമിച്ചതും ഉന്നത ഉദ്യോഗസ്ഥരുടെ ശ്രദ്ധയിൽപെട്ടതോടെ ഒത്തുതീർപ്പു കർശനമായി വിലക്കി. അനന്തുവിനെ അഞ്ച് ദിവസത്തെ പോലീസ് കസ്റ്റഡിയിൽ ലഭിച്ചതിനാൽ വിശദ ചോദ്യംചെയ്യലിനു ശേഷമേ അന്വേഷണത്തിൽ അന്തിമ തീരുമാനമാകൂ. കേരളമൊട്ടാകെ സീഡ് സൊസൈറ്റി അംഗങ്ങളിൽ നിന്നായി 40,000 വാഹനങ്ങൾ നൽകുന്നതിനായി പകുതി വിലയായ 60,000 രൂപ വീതം അനന്തു കൈപ്പറ്റിയിട്ടുണ്ടെന്ന് ആദ്യഘട്ട ചോദ്യം ചെയ്യലിൽ വ്യക്തമായി. ഇതു മാത്രം 240 കോടിയോളം രൂപ വരും. ലാപ്ടോപ്, തയ്യൽ മെഷീൻ, രാസവളം എന്നിവ കൂടാതെ ആണിത്. ഇതുവരെ ഒരു കമ്പനിയിൽ നിന്നും സിഎസ്ആർ ഫണ്ട് ലഭിച്ചിട്ടില്ലെന്നും അനന്തു സമ്മതിച്ചു. എവിടെ നിന്ന് എത്രത്തോളം പണം വാങ്ങിയെന്നും ഇത് എവിടെയൊക്കെയാണ് സൂക്ഷിച്ചിരിക്കുന്നതെന്നും ഇനിയും വ്യക്തമാകേണ്ടതുണ്ട്.

അനന്തുവിന്റെ നാല് ബാങ്ക് അക്കൗണ്ടുകൾ പോലീസ് മരവിപ്പിച്ചു. അതിൽ എട്ട് കോടി രൂപ ബാക്കിയുണ്ട്. വാഹനങ്ങളും കസ്റ്റഡിയിലെടുത്തു. ഫ്ളാറ്റും മുദ്രവെച്ചു.

മൂന്നു രാഷ്ട്രീയ നേതാക്കൾക്കും ഒരു സാമൂഹിക പ്രവർത്തകനും ഈയിടെ 6.46 കോടി രൂപ കൈമാറിയതായി പാതിവില തട്ടിപ്പുകേസിലെ മുഖ്യപ്രതി അനന്തു കൃഷ്ണൻ മൊഴി നൽകി. ഇടുക്കിയിലെ സിപിഎം നേതാവിന്റെ അക്കൗണ്ടിലേക്കു രണ്ടു കോടി രൂപയും ഒരു കോൺഗ്രസ് ജനപ്രതിനിധിയുടെ ഓഫീസിലെ രണ്ടു പേരുടെ അക്കൗണ്ടുകളിലേക്കു രണ്ടു കോടി രൂപയും തിരുവനന്തപുരം കേന്ദ്രീകരിച്ചു പ്രവർത്തിക്കുന്ന സാമൂഹിക പ്രവർത്തകന്റെ അക്കൗണ്ടിലേക്കു രണ്ടു കോടി രൂപയും എറണാകുളത്തെ വനിതാ നേതാവിന്റെ അക്കൗണ്ടിലേക്കു 46 ലക്ഷം രൂപയും കൈമാറിയെന്നാണ് മൊഴി.

അതിനിടെ, മുദ്ര ചാരിറ്റബിൾ ഫൗണ്ടേഷൻ മുഖേന പാതിവില തട്ടിപ്പ് നടത്തിയെന്ന പരാതിയിൽ നജീബ് കാന്തപുരം എംഎൽഎക്കെതിരെ കേസെടുത്തു.

# ത്രിവേണി സംഗമത്തിൽ മുങ്ങി നിവർന്ന് രാഷ്ട്രപതി



പ്രയാഗ്‌രാജ്: ത്രിവേണി സംഗമത്തിൽ സ്നാനം നടത്തി രാഷ്ട്രപതി ദ്രൗപതി മുർമു. രാവിലെ പത്തേമുക്കാലോടെയായിരുന്നു രാഷ്ട്രപതി മഹാകുംഭമേള നടക്കുന്ന പ്രയാഗ്‌രാജിലെത്തിയത്. തുടർന്നായിരുന്നു സ്നാനം. നദിയിൽ മൂന്നുതവണ രാഷ്ട്രപതി മുങ്ങിനിവർന്നു. യുപി ഗവർണർ ആനന്ദിബെൻ പട്ടേൽ, മുഖ്യമന്ത്രി യോഗി ആദിത്യനാഥ് തുടങ്ങിയവർ രാഷ്ട്രപതിയെ സ്വീകരിക്കാനെത്തിയിരുന്നു. ഗംഗാ ആരതിയിലും പൂജയിലും രാഷ്ട്രപതി പങ്കെടുത്തു. അക്ഷയവ‌ൃത്, ഹനുമാൻ മന്ദിർ എന്നിവിടങ്ങളിൽ ദർശനം നടത്തിയശേഷം ഡിജിറ്റൽ കുംഭ് അനുഭവ് സെന്ററിൽ സന്ദർശനവും നടത്തുമെന്ന് അറിയിച്ചിട്ടുണ്ട്. സന്ദർശനത്തോടനുബന്ധിച്ച് വിപുലമായ സുരക്ഷാ ക്രമീകരണങ്ങളാണ് പ്രയാഗ്‌രാജിലും ത്രിവേണി സംഗമത്തിലും ഒരുക്കിയിരിക്കുന്നത്. പൗഷ് പൗർണമിയായ ജനുവരി 13-ന് ആരംഭിച്ച മഹാകുംഭമേള മഹാശിവരാത്രി ദിനമായ ഫെബ്രു. 26-ന് ആണ് അവസാനിക്കുക.

# ഉപതെരഞ്ഞെടുപ്പിൽ ഭരണകക്ഷികൾക്ക് നേട്ടം

ന്യൂഡൽഹി: ഡൽഹി നിയമസഭാ തെരഞ്ഞെടുപ്പിൽ ഭരണവിരുദ്ധ വികാരം ആളിക്കത്തിയെങ്കിൽ ഇതിനൊപ്പം തമിഴ്നാട്ടിലും യുപിയിലും നടന്ന ഉപതെരഞ്ഞെടുപ്പുകളിൽ വോട്ടർമാർ ഭരണകക്ഷിക്ക് അനുകൂലമായി വിധിയെഴുതി.

തമിഴ്നാട്ടിൽ ഭരണകക്ഷിയായ ഡിഎംകെയും ഉത്തർപ്രദേശിൽ യോഗി ആദിത്യനാഥിന്റെ നേതൃത്വത്തിലുള്ള എൻഡിഎയുടെയും സ്ഥാനാർത്ഥികൾ വിജയിക്കുകയായിരുന്നു.

തമിഴ്നാട്ടിലെ ഈറോഡ് ഈസ്റ്റ് മണ്ഡലത്തിൽ ഡിഎംകെ സ്ഥാനാർത്ഥി വി.സി. ചന്ദ്രകുമാർ നാം തമിളർ കക്ഷി (എൻടികെ) സ്ഥാനാർത്ഥി എം. കെ. സീതാലക്ഷ്മിയെ 91,000 വോട്ടുകളുടെ ഭൂരിപക്ഷത്തിനാണ് അട്ടിമറിച്ചത്.

ഉത്തർപ്രദേശിലെ മിൽകിപുർ മണ്ഡലത്തിൽ നടന്ന ഉപതെരഞ്ഞെടുപ്പിൽ ബിജെപി സ്ഥാനാർത്ഥി ചന്ദ്രഭാനു പസ്വാൻ 61,710 വോട്ടുകളുടെ ഭൂരിപക്ഷത്തിന് എതിർസ്ഥാനാർത്ഥി സമാജ്‌വാദി പാർട്ടിയുടെ അജിത് പ്രസാദയെ പരാജയപ്പെടുത്തി.

തമിഴ്നാട്ടിൽ മുഖ്യപ്രതിപക്ഷമായ എഐഎഡിഎംകെയും സഖ്യകക്ഷികളായ ഡിഎംഡികെയും ബിജെപിയുടെ നേതൃത്വത്തിലുള്ള എൻഡിഎയും തെരഞ്ഞെടുപ്പ് ബഹിഷ്കരിച്ചിരുന്നു. മുതിർന്ന കോൺഗ്രസ് നേതാവും സിറ്റിംഗ് എംഎൽഎയുമായ ഇ.വി.കെ.എസ് ഇളങ്കോവന്റെ നിര്യാണത്തെ തുടർന്നാണ് വോട്ടെടുപ്പ് വേണ്ടിവന്നത്. 2021-നു ശേഷം മണ്ഡലത്തിൽ നടക്കുന്ന മൂന്നാമത്തെ തെരഞ്ഞെടുപ്പാണിത്.

ഇളങ്കോവന്റെ മകൻ തിരു മഹൻ ഇ.വി.യാണ് നിയമസഭാ തെരഞ്ഞെടുപ്പിൽ വിജയിച്ചത്. തിരുമഹൻ ഇ.വി.യുടെ നിര്യാണത്തെ തുടർന്ന് 2023 ഫെബ്രുവരിയിൽ നടന്ന ഉപതെരഞ്ഞെടുപ്പിൽ ഇളങ്കോവൻ വിജയിച്ചുവെങ്കിലും കഴിഞ്ഞവർഷം ഡിസംബറിൽ അദ്ദേഹം മരിച്ചു. ഇതേത്തുടർന്നാണ് മണ്ഡലത്തിൽ വീണ്ടും തെരഞ്ഞെടുപ്പ് അനിവാര്യമായത്.

# കേരള റെയർ ബ്ലഡ് ഡോണർ രജിസ്ട്രി പുറത്തിറക്കി

തിരുവനന്തപുരം: ട്രാൻസ്ഫ്യൂഷൻ സേവനങ്ങളിലെ പ്രധാന വെല്ലുവിളിയായ അനുയോജ്യമായ രക്തം കണ്ടെത്താനുള്ള ബുദ്ധിമുട്ടിനു പരിഹാരമായി. അപൂർവ രക്തദാതാക്കളെ തിരിച്ചറിയാനുള്ള 'റെയർ ബ്ലഡ് ഡോണർ രജിസ്ട്രി' പുറത്തിറക്കി. കേരള ബ്ലഡ് ട്രാൻസ്ഫ്യൂഷൻ കൗൺസിലാണ് രജിസ്ട്രി പുറത്തിറക്കിയത്.

കൊച്ചിയിൽ എല്ലാ സംസ്ഥാനങ്ങളിലെയും പ്രതിനിധികൾ പങ്കെടുത്ത ബ്ലഡ് ട്രാൻസ്ഫ്യൂഷൻ സർവീസിന്റെ ദേശീയ കോൺക്ലേവിലാണ് റെയർ ബ്ലഡ് ഡോണർ രജിസ്ട്രി പ്രകാശനം ചെയ്തത്. കേരള മോഡൽ റെയർ ബ്ലഡ് ഡോണർ രജിസ്ട്രി ഇന്ത്യയാകെ വ്യാപിപ്പിക്കുമെന്ന് കേന്ദ്ര ബ്ലഡ് ട്രാൻസ്ഫ്യൂഷൻ സർവീസസ് ഡയറക്ടർ അറിയിച്ചു.

കൂടുതൽ രക്തദാതാക്കളെ ഉൾപ്പെടുത്തി രജിസ്ട്രി വിപുലപ്പെടുത്തുമെന്ന് ആരോഗ്യമന്ത്രി വീണാ ജോർജ് പറഞ്ഞു. നിരവധി ആന്റിജനുകൾ പരിശോധിച്ച ശേഷമാണ് അപൂർവ രക്തദാതാക്കളുടെ രജിസ്ട്രി സജ്ജമാക്കിയത്. ഉടൻ തന്നെ രജിസ്ട്രിയുടെ സേവനം കേരളമൊട്ടാകെ ലഭ്യമാക്കും. കൂടുതൽ രോഗികൾക്ക് ഉപകാരപ്പെടാൻ രജിസ്ട്രിയെപ്പറ്റിയുള്ള പ്രാഥമിക വിവരങ്ങൾ വൈദ്യസമൂഹത്തിലേക്കും പൊതുജനങ്ങളിലേക്കും എത്തിക്കുമെന്നും മന്ത്രി വ്യക്തമാക്കി.

തിരുവനന്തപുരം, കോട്ടയം, തൃശൂർ, കോഴിക്കോട് സർക്കാർ മെഡിക്കൽ കോളജുകളെ ഏകോപിപ്പിച്ചാണ് ഈ പദ്ധതി പൂർത്തിയാക്കിയത്. കേരള സ്റ്റേറ്റ് ബ്ലഡ് ട്രാൻസ്ഫ്യൂഷൻ കൗൺസിൽ തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളജ് രക്തബാങ്കിനെ സ്റ്റേറ്റ് നോഡൽ സെന്ററായി തെരഞ്ഞെടുത്തു. രണ്ട് കോടിയോളം രൂപയാണ് ട്രാൻസ്ഫ്യൂഷൻ മെഡിസിന്റെ വിവിധ വികസന പ്രവർത്തനങ്ങൾക്ക് അനുവദിച്ചിരുന്നത്. ഇതുവരെ 3000 അപൂർവ രക്തദാതാക്കളെയാണ് ഉൾപ്പെടുത്തിയത്. ഈ നാല് പ്രദേശങ്ങളിലെ സന്നദ്ധ രക്തദാതാക്കളിൽനിന്നും സാമ്പിളുകൾ ശേഖരിച്ചു. അതിലെ 18 ആന്റിജനുകൾ പരിശോധിച്ചിരുന്നു. പല തവണ രക്തം സ്വീകരിക്കേണ്ടി വരുന്ന തലാസീമിയ, അരിവാൾ രോഗം, വൃക്ക, കാൻസർ രോഗികൾ എന്നിവരിലും ഗർഭിണികളിലും ആന്റിബോഡികൾ ഉണ്ടാവാൻ സാധ്യതയുണ്ട്. അവർക്ക് യോജിച്ച രക്തം ലഭിക്കാതെ വരുമ്പോൾ ഈ രജിസ്ട്രിയിൽനിന്നും അനുയോജ്യമായ ദാതാവിനെ കണ്ടെത്തി രക്തം കൃത്യസമയത്ത് നൽകി ജീവൻ രക്ഷിക്കാൻ കഴിയും.

ബ്ലഡ് ട്രാൻസ്ഫ്യൂഷൻ സർവീസ് രംഗത്ത് നൂതനവും പ്രസക്തവുമായ പ്രവർത്തനങ്ങൾ കാഴ്ചവെക്കുന്ന റെയർ ബ്ലഡ് ഡോണർ രജിസ്ട്രി ടീമിനെ കേന്ദ്ര ആരോഗ്യ മന്ത്രാലയവും ആദരിച്ചു.

# ഡോ. ഡി. സെൽവരാജൻ നെയ്യാറ്റിൻകര സഹായമെത്രാൻ

തിരുവനന്തപുരം: നെയ്യാറ്റിൻകര ലത്തീൻ രൂപതയുടെ പിന്തുടർച്ചാവകാശമുള്ള സഹായമെത്രാനായി ഡോ. ഡി. സെൽവരാജനെ (63) ഫ്രാൻസിസ് മാർപാപ്പ നിയമിച്ചു. നെയ്യാറ്റിൻകര രൂപത നിലവിൽവന്ന 1996 മുതൽ നയിക്കുന്ന ഡോ. വിൻസന്റ് സാമുവൽ ഓഗസ്റ്റിൽ വിരമിക്കുന്നതോടെ ഡോ. ഡി. സെൽവരാജൻ മെത്രാനായി ചുമതലയേൽക്കും. അതിനു മുൻപായി മെത്രാഭിഷേക ചടങ്ങുകൾ നടക്കും. നെയ്യാറ്റിൻകര ബിഷപ്സ് ഹൗസിൽ വൈകിട്ട് നടന്ന പ്രത്യേക ചടങ്ങിൽ പുതിയ സഹായമെത്രാനെ നിയമിച്ചതായി റോമിൽ നിന്നുള്ള വിവരം ഡോ. വിൻസന്റ് സാമുവൽ പങ്കുവെച്ചു. ഇതേസമയം റോമിലും പ്രഖ്യാപനം നടന്നു.



നെയ്യാറ്റിൻകര കുളത്തൂർ വെങ്കടമ്പ് സ്വദേശിയും വലിയവിള ക്രിസ്തുരാജ ഇടവകാംഗവുമായ ഡോ. ഡി. സെൽവരാജൻ നിലവിൽ നെയ്യാറ്റിൻകര റീജൻ എപ്പിസ്കോപ്പൽ വികാരി, രൂപതയുടെ ജുഡീഷ്യൽ വികാരി, രൂപതാ ഉപദേശക സമിതി അംഗം, പത്തനാവിള സെ. ജോസഫ്സ് ഇടവക വികാരി എന്നീ ചുമതലകൾ വഹിക്കുന്നുണ്ട്.

# ചന്ദ്രയാൻ–3 ഇറങ്ങിയ 'ശിവശക്തി' പോയിന്റിന് പഴക്കം 370 കോടി വർഷം

ബെംഗളൂരു: 2023–ൽ ഇന്ത്യയുടെ അഭിമാന ദൗത്യമായ ചന്ദ്രയാൻ–3 സോഫ്റ്റ് ലാന്റിങ് നടത്തിയ ചന്ദ്രനിലെ പ്രദേശത്തിന് 370 കോടി വർഷം പഴക്കമുണ്ടെന്നു ശാസ്ത്രജ്ഞർ. ചന്ദ്രന്റെ ദക്ഷിണ ധ്രുവത്തിലെ 'ശിവ



വിക്രം ലാൻഡർ ചന്ദ്രോപരിതലത്തിൽ

ശക്തി പോയിന്റ്' എന്നറിയപ്പെടുന്ന പ്രദേശത്തിനാണ് ഇത്രയും പഴക്കമുണ്ടെന്ന് ഇന്ത്യൻ ശാസ്ത്രജ്ഞർ കണ്ടെത്തിയിരിക്കുന്നത്. ബെംഗളൂരുവിലെ ഐഎസ്ആർഒയുടെ ഇലക്ട്രോ ഒപ്റ്റിക്സ് സിസ്റ്റംസ് സെന്റർ, അഹമ്മദാബാദിലെ ഫിസിക്കൽ റിസർച്ച് ലബോറട്ടറി, ചണ്ഡിഗഡിലെ പഞ്ചാബ് സർവകലാശാല എന്നിവയിലെ ശാസ്ത്രജ്ഞർ ചേർന്ന് റെസല്യൂഷൻ റിമോട്ട് സെൻസിങ് ഡാറ്റാസെറ്റുകൾ ഉപയോഗിച്ചു നടത്തിയ നിരീക്ഷണത്തിൽ നിന്നാണ് 'ശിവശക്തി പോയിന്റി'ന്റെ കാലപ്പഴക്കം നിർണയിച്ചത്.

2023 ഓഗസ്റ്റ് 23–നായിരുന്നു വിക്രം ലാൻഡറും പ്രഗ്യാൻ റോവറും വഹിക്കുന്ന ചന്ദ്രയാൻ–3 ബഹിരാകാശ പേടകം ചന്ദ്രന്റെ ദക്ഷിണധ്രുവത്തിനു സമീപം ഇറങ്ങിയത്. ഇതോടെ ചന്ദ്രനിൽ ബഹിരാകാശ പേടകം സോഫ്റ്റ് ലാന്റിങ് നടത്തുന്ന നാലാമത്തെ രാജ്യമായും ദക്ഷിണ ധ്രുവത്തിൽ ഇറങ്ങുന്ന ആദ്യ രാജ്യമായും ഇന്ത്യ മാറിയിരുന്നു. സോവിയറ്റ് യൂണിയൻ, യുഎസ്, ചൈന എന്നീ രാജ്യങ്ങളായിരുന്നു ചന്ദ്രനിൽ സോഫ്റ്റ് ലാന്റിങ് നടത്തിയ മറ്റു രാജ്യങ്ങൾ.

# പഞ്ചാബിൽ അടിയന്തര യോഗം വിളിച്ച് എഎപി; ലുധിയാന ലക്ഷ്യമിട്ട് കെജ്‌രിവാൾ


ന്യൂഡൽഹി: നിയമസഭാ തെരഞ്ഞെടുപ്പിൽ ഡൽഹിയിൽ തോറ്റടിഞ്ഞതിനു പിന്നാലെ പഞ്ചാബിലെ എഎപിയിൽ വിമതപ്പടയെന്നു റിപ്പോർട്ട്. പഞ്ചാബ് മുഖ്യമന്ത്രി ഭഗവന്ത് മാനിനോട് എതിർപ്പുള്ള എംഎൽഎമാരെ കളം മാറ്റിക്കാനുള്ള നീക്കത്തിലാണു കോൺഗ്രസ്. പാർട്ടിക്കു ഭരണമുള്ള ഏക സംസ്ഥാനമായ പഞ്ചാബിൽ കാര്യങ്ങൾ കൈവിട്ടു പോകാതിരിക്കാനുള്ള തത്രപ്പാടിലാണ് എഎപി. ദേശീയ കൺവീനർ അരവിന്ദ് കെജ്‌രിവാൾ ഫെബ്രുവരി 11–ന് ചൊവ്വാഴ്ച പഞ്ചാബിലെ എംഎൽഎമാരുടെയും മന്ത്രിമാരുടെയും യോഗം വിളിച്ചു. മുപ്പതോളം എഎപി എംഎൽഎമാരുമായി അടുപ്പം പുലർത്തുന്നുണ്ടെന്നാണു പഞ്ചാബിലെ കോൺഗ്രസ് നേതാക്കളുടെ അവകാശവാദം. ഈ പശ്ചാത്തലത്തിലാണു എഎപി തിരക്കിട്ടു യോഗം ചേരുന്നത്. പഞ്ചാബിലെ എഎപിയിൽ ഭിന്നിപ്പുണ്ടാകുമെന്നും സർക്കാരിൽ മാറ്റമുണ്ടാകുമെന്നും ഈയിടെ പ്രതിപക്ഷ നേതാവ് പ്രതാപ് സിങ് ബജ്‌വ പറഞ്ഞതാണു രാഷ്ട്രീയ ചർച്ചയായത്. 2022–ലെ തെരഞ്ഞെടുപ്പിൽ 92 സീറ്റുമായാണ് എഎപി അധികാരം പിടിച്ചത്. കോൺഗ്രസിന് 18 സീറ്റിലേ വിജയിക്കാനായുള്ളൂ.

"ഡൽഹി തെരഞ്ഞെടുപ്പ് ഫലം എഎപിയുടെ അവസാനത്തിന്റെ തുടക്കമാണ്. കെജ്‌രിവാളും ഭഗവന്ത്മാനും വ്യാജ വാഗ്ദാനങ്ങളാണു നൽകിയത്. ഒഴിഞ്ഞുകിടക്കുന്ന ലുധിയാന മണ്ഡലത്തിൽ കെജ്‌രിവാൾ മത്സരിക്കാൻ സാധ്യതയുണ്ട്. അതുവഴി പഞ്ചാബ് സർക്കാരിന്റെ ഭാഗമാകാനാണു ശ്രമം" – പ്രതാപ് സിങ് ബജ്‌വ പറഞ്ഞു.

പഞ്ചാബ് മുഖ്യമന്ത്രിയാകാനാണു കെജ്‌രിവാളിന്റെ നീക്കമെന്നു ബിജെപി നേതാവ് സുഭാഷ് ശർമയും അഭിപ്രായപ്പെട്ടു. 70–ൽ 67 എംഎൽഎമാരുമായി ഡൽഹി ഭരിച്ചിരുന്ന എഎപിക്ക് ഇത്തവണ 22 സീറ്റിലേ ജയിക്കാനായുള്ളൂ. കെജ്‌രിവാൾ, മനീഷ് സിസോദിയ, സൗരഭ് ഭരദ്വാജ്, സോമനാഥ് ഭാരതി തുടങ്ങിയ മുതിർന്ന നേതാക്കൾ തോൽക്കുകയും ചെയ്തു.

# അദാനി മകന്റെ വിവാഹം ലളിതമാക്കി 10,000 കോടി നൽകി

അഹമ്മദാബാദ്: മകന്റെ വിവാഹം ആർഭാടരഹിതമായി നടത്തിയ ശതകോടീശ്വരൻ ഗൗതം അദാനി സമൂഹസേവനപ്രവർത്തനങ്ങൾക്ക് 10,000 കോടി രൂപ സംഭാവന ചെയ്തു. മെഡിക്കൽ കോളജുകൾ, ആശുപത്രികൾ, സ്കൂളുകൾ എന്നിവയ്ക്കു കെട്ടിടങ്ങൾ, നൈപുണ്യവികസനകേന്ദ്രങ്ങൾ തുടങ്ങിയവയ്ക്കായാണ് പണം ചെലവഴിക്കുക. കഴിഞ്ഞ മാസം മഹാകുംഭമേളയിൽ മകന്റെ വി



ഗൗതം അദാനിയും ഭാര്യ പ്രീതിയും മകൻ ജീത് അദാനിക്കും വധു ദിവയ്ക്കുമൊപ്പം വിവാഹച്ചടങ്ങിൽ.

വാഹം ലളിതവും പരമ്പരാഗതവുമായ രീതിയിൽ നടത്തുമെന്ന് അദാനി പ്രഖ്യാപിച്ചിരുന്നു. ഗൗതം അദാനിയുടെ മകനും അദാനി എയർപോർട്സ് ഡയറക്ടറുമായ ജീത് അദാനിയും വജ്ര വ്യാപാരി ജൈമിൻ ഷായുടെ മകൾ ദിവയുമായുള്ള വിവാഹം ഫെബ്രുവരി ഒൻപതിന് അഹമ്മദാബാദിലെ അദാനി ശാന്തിഗ്രാം ടൗൺഷിപ്പിലെ ബെൽവീദെരെ ക്ലബിൽ ആയിരുന്നു. പരമ്പരാഗത ഗുജറാത്തി രീതിയിൽ ലളിതമായിരുന്നു ചടങ്ങുകൾ. അടുത്ത ബന്ധുക്കളും സുഹൃത്തുക്കളും മാത്രമാണ് പങ്കെടുത്തത്. ഭിന്നശേഷിക്കാരായ സ്ത്രീകളെ സഹായിക്കുന്നതിനായി രണ്ട് ദിവസം മുൻപ് 'മംഗൾ സേവ' എന്ന പദ്ധതി ഗൗതം അദാനി പ്രഖ്യാപിച്ചിരുന്നു. ഇതിന്റെ തുടക്കമായി ഈയിടെ വിവാഹിതരായ ഭിന്നശേഷിക്കാരായ 500 യുവതികൾക്ക് 10 ലക്ഷം രൂപ വീതം സഹായം നൽകുകയും ചെയ്തു. സംരംഭങ്ങൾ ആരംഭിച്ച ഇത്തരം 21 ദമ്പതികളെ ജീത് നേരിട്ടു സന്ദർശിച്ച് സഹായം കൈമാറി.

# മൊഴിയുടെ അടിസ്ഥാനത്തിൽ കേസാകാം

ന്യൂഡൽഹി: ഹേമ കമ്മിറ്റിക്കു ലഭിച്ച മൊഴികളുടെ അടിസ്ഥാനത്തിൽ രജിസ്റ്റർ ചെയ്ത കേസുകൾക്ക് സുപ്രീം കോടതിയുടെ പച്ചക്കൊടി. ഈ മൊഴികളുടെ അടിസ്ഥാനത്തിൽ പ്രത്യേക അന്വേഷണ സംഘത്തെ നിയോഗിച്ചുള്ള കേസന്വേഷണം റദ്ദാക്കണമെന്ന് ആവശ്യപ്പെട്ടുള്ള ഹർജികൾ ജഡ്ജിമാരായ വിക്രംനാഥ്, സഞ്ജയ് കരോൾ, സന്ദീപ് മേത്ത എന്നിവരുടെ ബെഞ്ച് തള്ളി. കുറ്റകൃത്യം സംബന്ധിച്ച് അറിവ് ലഭിക്കുകയോ കുറ്റകൃത്യം നടന്നുവെന്ന് സംശയിക്കാൻ തക്ക കാരണം പോലീസ് ഉദ്യോഗസ്ഥന് ഉണ്ടായിരിക്കുകയോ ചെയ്താൽ നിയമനടപടി കൈക്കൊള്ളാൻ ഉദ്യോഗസ്ഥന് ബാധ്യതയുണ്ടെന്ന് കോടതി ചൂണ്ടിക്കാട്ടി. ബിഎൻഎസ്എസിലെ 176–ാം വകുപ്പ് ചൂണ്ടിക്കാട്ടിയാണ് ഇക്കാര്യം കോടതി പറഞ്ഞത്. കേസന്വേഷണം നടത്താനുള്ള പോലീസിന്റെ അധികാരം തടയുംവിധം നിർദേശം നല്കാനാവില്ലെന്ന് വ്യക്തമാക്കിയ ബെഞ്ച്, അന്വേഷണത്തിനുള്ള ഹൈക്കോടതി വിധിയിൽ ഇടപെടാൻ വിസമ്മതിച്ചു. അതേസമയം, കേസന്വേഷണം കേരള ഹൈക്കോടതിയുടെ മേൽനോട്ടത്തിലായതിനാൽ മൊഴി നല്കിയവർക്കുൾപ്പെടെ പരാതികൾ ഹൈക്കോടതി മുമ്പാകെ ഉന്നയിക്കാമെന്നു ബെഞ്ച് വ്യക്തമാക്കി. അവ പരിശോധിക്കാൻ ഹൈക്കോടതിയോട് നിർദേശിച്ചു. വ്യക്തമായ തെളിവുകൾ ശേഖരിച്ചു തന്നെയാണോ കേസെടുത്തതെന്ന കാര്യവും ഹൈക്കോടതി പരിശോധിക്കണം. അന്വേഷണ സംഘം അപമാനിക്കുന്നുവെന്നത് ഉൾപ്പെടെ ആരോപണം മൊഴി നല്കിയ നടിമാർ ഉന്നയിച്ചിരുന്നു.

# കനത്ത ചൂടും മത്സ്യക്ഷാമവും; മത്സ്യത്തൊഴിലാളികൾ ദുരിതത്തിൽ

അമ്പലപ്പുഴ: കനത്ത ചൂടും മത്സ്യക്ഷാമവും മത്തിയുടെ വളർച്ച മുരടിച്ചതും മൂലം ജില്ലയുടെ തീരം പട്ടിണിയിൽ. കഴിഞ്ഞ ആറുമാസമായി കിട്ടുന്ന മത്തിക്ക് വളർച്ചയും മാംസവും ഇല്ലാത്തതുമൂലം ഇവയ്ക്കു ആവശ്യക്കാരുമില്ലാതായി.

കടലിലെ മഴയുടെ അഭാവവും തണുത്ത പോള വെള്ളവും ഇല്ലാത്തതാണ് മത്തിക്ക് വളർച്ച മുരടിക്കാൻ കാരണമെന്നാണ് വിദഗ്ധർ പറയുന്നത്. ആറാട്ടുപുഴ മുതൽ പള്ളിത്തോട് വരെ ജില്ലയുടെ കടലോരത്തുനിന്ന് ചെറുതും വലുതുമായ നൂറുകണക്കിനു മത്സ്യബന്ധന യാനങ്ങളാണ് ദിനംപ്രതി കടലിൽ ഇറക്കിയിരുന്നത്.

എന്നാൽ, ഇതിൽ ഭൂരിഭാഗവും ഇന്ന് കരയിൽ സ്ഥാനം പിടിച്ചിരിക്കുകയാണ്. ആവശ്യക്കാർ കൂടുതലുള്ള അയല, ചെമ്മീൻ, വലിയ മത്തി, കൊഴുവ, കണവ ഇവയൊന്നും പരമ്പരാഗത വള്ളങ്ങൾക്കു കിട്ടാതിരുന്നിട്ടു മാസങ്ങളായി.

പുന്നപ്ര, അമ്പലപ്പുഴ, വാടയ്ക്കൽ, വട്ടയാൽ, തുമ്പോളി, ചെത്തി, അർത്തുങ്കൽ, തൈക്കൽ, ഒറ്റമശേരി ഭാഗങ്ങളിൽനിന്ന് പോകുന്ന പൊന്തുവലക്കാർക്ക് മാത്രമാണ് തീരത്തോട് അടുക്കുന്ന മത്തി ലഭിക്കുന്നത്. ഇവയാകട്ടെ കിലോയ്ക്കു 20-നും 30-നും ഇടയിൽ വിലവെച്ചു വളത്തിന് പൊടിക്കാനാണ് മൊത്തക്കച്ചവടക്കാർ എടുക്കുന്നത്. വില ലഭിക്കാത്തതുമൂലം രാവന്തിയോളം കടലിലെ അധ്വാനം മാത്രം മിച്ചമെന്നാണ് പൊന്തുവലക്കാരും പറയുന്നത്.

ഇതരസംസ്ഥാനത്തുനിന്നുള്ള മുന്തിയ ഇനം മത്സ്യങ്ങൾ വിപണിയിൽ സുലഭമായി എത്തുന്നതുമൂലം പൊന്തുകാർ വലകുടഞ്ഞു വഴിയോരത്തു വിറ്റിരുന്നതിനും ആവശ്യക്കാർ ഇല്ലാതായി. തീരദേശം പ്രതിസന്ധിയിലായതോടെ വള്ളങ്ങളെ ആശ്രയിച്ചു ജീവിച്ചിരുന്ന ചുമട്ടുതൊഴിലാളികൾ, കോരുകാർ, ഐസ് പൊട്ടിക്കൽ തൊഴിലാളികൾ തുടങ്ങിയവരും ദുരിതത്തിലായി. തോട്ടപ്പള്ളി അടക്കമുള്ള ഹാർബറുകളുടെയും താത്കാലിക കടകളുടെ പ്രവർത്തനവും നിലച്ചു.

## കൊച്ചി വിമാനത്താവളത്തിൽ മാലിന്യക്കുഴിയിൽ വീണ് മൂന്നു വയസുകാരൻ മരിച്ചു

നെടുമ്പാശേരി: സഹോദരനോടൊപ്പം കളിച്ചുകൊണ്ടിരുന്നു മൂന്നു വയസുകാരൻ മാലിന്യക്കുഴിയിൽ വീണു മരിച്ചു. രാജസ്ഥാൻ സ്വദേശി സൗരഭിന്റെ മകൻ റിദ്ദൻ ജാജുവാണ് കൊച്ചി വിമാനത്താവളത്തിൽ കഫറ്റേറിയയ്ക്കു സമീപത്തെ മാലിന്യക്കുഴിയിൽ വീണ് മരിച്ചത്. ജയ്പൂരിൽ നിന്നുള്ള വിമാനത്തിൽ മാതാപിതാക്കളോടൊപ്പമാണ് നെടുമ്പാശേരിയിലെത്തിയത്. ആഭ്യന്തര ടെർമിനലിനു പുറത്ത് 'അന്നാ സാറ' കഫെയുടെ പിൻഭാഗത്ത് സഹോദരനൊപ്പം കളിക്കുന്നതിനിടെയായിരുന്നു അപകടം. പൊതുജനങ്ങൾക്ക് പ്രവേശനമില്ലാതിരുന്ന സ്ഥലത്താണ് അപകടം നടന്നതെന്ന് സിയാൽ വാർത്താകുറിപ്പിൽ വ്യക്തമാക്കി. ഒരു സംഘത്തിനൊപ്പമാണ് കുട്ടിയുടെ മാതാപിതാക്കൾ ഈ പരിസരത്തെത്തിയത്. അല്പനേരം കഴിഞ്ഞപ്പോഴാണ് കുട്ടിയെ കാണാതായത്. അന്വേഷിച്ചിട്ടും കണ്ടെത്താൻ കഴിയാതിരുന്ന മാതാപിതാക്കൾ വിമാനത്താവള അധികൃതരെ വിവരമറിയിച്ചു. ഉടൻ സുരക്ഷാവിഭാഗത്തിന്റെ സഹായത്തോടെ സിസിടിവി ദൃശ്യങ്ങൾ പരിശോധിക്കുകയായിരുന്നു. അപ്പോഴാണ് കുട്ടി ബൊഗെയ്ൻവില്ലയുടെ വേലി കടന്ന് മാലിന്യക്കുഴിയിൽ വീണതായി കണ്ടെത്തിയത്. കുട്ടിയെ പുറത്തെടുത്തു പ്രാഥമിക ശുശ്രൂഷ നല്കിയ ശേഷം അങ്കമാലിയിലെ സ്വകാര്യ ആശുപത്രിയിൽ എത്തിച്ചെങ്കിലും രക്ഷിക്കാനായില്ല.

## ഒസാക്കാ – ഒസാക്കി

(22-ാം പേജിൽനിന്നും)

പിന്നെയും ഫോൺ അടിച്ചു. പക്ഷേ, കൺഫ്യൂഷൻ അടിച്ചിരുന്ന ഞാൻ 'ഒസാക്കി' എന്ന കാൾ കാണുമ്പോൾ എടുക്കാതെ ഇരുന്നു. കുറെക്കഴിഞ്ഞ് ആഹാരമൊക്കെ വാങ്ങി വീട്ടിലേക്ക് വന്നു കയറിയ ഭർത്താവ് കേട്ടതോ അടിച്ചുകൊണ്ടിരിക്കുന്ന ഫോണും. ചാടിക്കയറി കെട്ടിയോൻ ഫോൺ എടുത്തു സംസാരിക്കാൻ തുടങ്ങിയപ്പോളാണ് പറ്റിയ അമളി സത്യത്തിൽ ഞങ്ങൾക്ക് രണ്ടാൾക്കും മനസ്സിലായത്. ഭർത്താവ് ഫോൺ കട്ട് ചെയ്ത് വെച്ചതും ഞാൻ വീട്ടിൽ നിന്നും ഓർഡർ ചെയ്ത മെനു പരസ്യക്കാർഡ് എടുത്തു ഓട്ടപ്പാച്ചിൽ നടത്തി. അപ്പോഴാണ് പേരിന്റെ സ്ഥലത്ത് 'ഒസാക്കി' എന്നതു കണ്ടത്. ഒസാക്കിയിൽ വിളിച്ചു ഫുഡ് ഓർഡർ ചെയ്തിട്ട് ഒസാക്കയിൽ പോയി ഫുഡ് വാങ്ങി വന്ന പണ്ടത്തെ അബദ്ധം ഓർത്താണ് ഈ ചിരിക്കുന്നതെന്ന് ഈ കഥയെക്കുറിച്ച് ഏക്കും പൂക്കും അറിയാത്ത കൊച്ചുങ്ങൾക്കുണ്ടോ മനസ്സിലാവണ്.

എന്തായാലും ഒരു വള്ളി അങ്ങോട്ടോ ഇങ്ങോട്ടോ തെറ്റിയാൽ ഉണ്ടാകുന്ന ഈ അബദ്ധം ജീവിതത്തിൽ കൂടുതൽ പ്രശ്നങ്ങളായി മാറാതിരിക്കാൻ എല്ലാരും ശ്രദ്ധിക്കണം ട്ടോ എന്നു മാത്രമേ ഉള്ളൂ. ഈ അനുഭവക്കുറിപ്പിൽ കൂടി പറയാനുള്ളൂ. ഓർമ്മയിൽ സൂക്ഷിക്കാൻ ഈ ഒരു കുറിപ്പിലേക്ക് എത്തിച്ച എന്റെ ഒസാക്കാ...!!

## മണിപ്പൂർ മുഖ്യമന്ത്രി രാജിവെച്ചു

(3-ാം പേജിൽനിന്നും)

ഡൽഹിയിൽ കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ, ബിജെപി ദേശീയ അധ്യക്ഷൻ ജെ.പി. നഡ്ഡ എന്നിവരുമായി ബിരേൻ സിംഗ് കൂടിക്കാഴ്ച നടത്തിയിരുന്നു. ഫെബ്രുവരി എട്ടിന് ഭരണകക്ഷിയിലെ എംഎൽഎമാരുമായി നടത്തിയ ആശയവിനിമയത്തിന്റെ തുടർച്ചയായിരുന്നു ഇത്. പന്ത്രണ്ട് ബിജെപി എംഎൽഎമാരാണു നേതൃമാറ്റം വേണമെന്ന നിലപാടിൽ ഉറച്ചുനിൽക്കുന്നത്. ആറ് എംഎൽഎമാർ ഏതു സമയവും സർക്കാരിനെ എതിർത്തേക്കാമെന്ന നിലപാടിലുമാണ്. ഇതിനു പുറമെയാണ് മുഖ്യമന്ത്രിയും സ്പീക്കറും തമ്മിലുള്ള ശീതസമരം. ഇതോടൊപ്പം ഡൽഹി നിയമസഭാ തെരഞ്ഞെടുപ്പിലെ വിജയാഘോഷത്തിനിടെ മണിപ്പൂരിൽനിന്ന് പ്രതികൂല വാർത്ത വേണ്ടെന്ന വികാരം ബിജെപി കേന്ദ്രനേതൃത്വം പ്രകടിപ്പിക്കുകയും ചെയ്തു. ഇതെല്ലാം ബിരേൻ സിംഗിന്റെ രാജിയിലേക്കു നയിച്ചു.

രണ്ടുവർഷമായി കലാപം തുടരുമ്പോഴും കൈയുംകെട്ടി നോക്കി നിൽക്കുകയാണ് സർക്കാരെന്ന് കുറ്റപ്പെടുത്തിയാണ് അവിശ്വാസപ്രമേയത്തിന് കോൺഗ്രസ് തീരുമാനിച്ചത്. അവിശ്വാസപ്രമേയം കൊണ്ടുവരുമെന്ന് സംസ്ഥാന കോൺഗ്രസ് പ്രസിഡണ്ട് കെയ്ഷാം മേഘചന്ദ്ര ഈയിടെയാണു പ്രഖ്യാപിച്ചത്.

60 അംഗ സഭയിൽ ഭരണകക്ഷിയായ ബിജെപിക്ക് 37 സീറ്റുകളുണ്ട്. നാഷണൽ പീപ്പിൾസ് പാർട്ടി (6) കോൺഗ്രസ് (5) നാഗ പീപ്പിൾസ് ഫ്രണ്ട് (5) കുക്കി പീപ്പിൾസ് സഖ്യം (2) ജനതാദൾ-യു (1) എന്നിങ്ങനെയാണ് മറ്റു കക്ഷികളുടെ അംഗബലം. മൂന്ന് സ്വതന്ത്ര അംഗങ്ങളുമുണ്ട്.

## ബിജെപിയ്ക്ക് അട്ടിമറി വിജയം

(3-ാം പേജിൽനിന്നും)

പാർട്ടിയിലെ രണ്ടാമൻ മനീഷ് സിസോദിയയുടെ പരാജയം 675 വോട്ടുകൾക്കായിരുന്നു. മുഖ്യമന്ത്രി അതിഷി മർലേന കാൽക്കാജി മണ്ഡലത്തിൽനിന്ന് കഷ്ടിച്ചു രക്ഷപ്പെട്ടു എന്നതൊഴിച്ചാൽ പാർട്ടിക്ക് ആശ്വസിക്കാൻ മറ്റൊന്നുമില്ല. കെജ്‌രിവാളടക്കമുള്ള പ്രമുഖ നേതാക്കളുടെ തോൽവി പാർട്ടിയുടെ രാഷ്ട്രീയ ഭാവി നിർണയിക്കുമെന്നതിൽ തർക്കമില്ല. വോട്ടെണ്ണലിന്റെ തുടക്കം മുതൽതന്നെ ബിജെപിയുടെ മുന്നേറ്റമായിരുന്നു. കെജ്‌രിവാൾ, സിസോദിയ, സൗരവ് ഭരദ്വാജ്, സത്യേന്ദ്ര ജയിൻ അടക്കമുള്ള പ്രമുഖ നേതാക്കൾക്ക് കാലിടറിത്തുടങ്ങിയതോടെ ഡൽഹിയുടെ ചിത്രം തെളിഞ്ഞു. ഫെബ്രുവരി എട്ടിന് ശനിയാഴ്ച ഉച്ചയ്ക്ക് 11.45 വരെയും ആത്മവിശ്വാസത്തിലായിരുന്ന എഎപി പ്രവർത്തകർ ആഘോഷത്തിനുള്ള എല്ലാ മുന്നൊരുക്കങ്ങളും പാർട്ടി ആസ്ഥാനത്ത് സജ്ജമാക്കിയിരുന്നു. എന്നാൽ 12-ഓടെ പാർട്ടിയുടെ പതനം ഉറപ്പായി.

## നികുതി ഭാരം കൂടും

(3-ാം പേജിൽനിന്നും)

മൃഗസംരക്ഷണമേഖലയ്ക്ക് 317.9 കോടി. ക്ഷീരവികസനത്തിന് 120.93 കോടി. കണ്ണൂർ ധർമ്മടത്ത് ഗ്ലോബൽ ഡയറി വില്ലേജിന് 130 കോടി. സർക്കാർ ജീവനക്കാരുടെ ഭവനവായ്പാപദ്ധതി ശക്തിപ്പെടുത്തും. ബാങ്ക്/ധനകാര്യസ്ഥാപനങ്ങളിൽനിന്നുള്ള വായ്പയ്ക്ക് രണ്ട് ശതമാനം പലിശയിളവ്. ഇതിനായി 50 കോടി വകയിരുത്തി. കോട്ടൂർ ആന പുനരധിവാസകേന്ദ്രത്തിനു രണ്ടു കോടി; പെരിയാർ, ആനമുടി, നിലമ്പൂർ, വയനാട് ആനസങ്കേതങ്ങൾക്കായി 3.5 കോടി. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ അടുത്തവർഷം 10.50 കോടി തൊഴിൽ ദിനങ്ങൾ. പ്രധാനമന്ത്രി ഗ്രാം സഡക് യോജനയ്ക്കു സംസ്ഥാനവിഹിതം 80 കോടി. അതിദരിദ്രരില്ലാത്ത കേരളം പദ്ധതിക്കു ഗ്യാപ് ഫണ്ടായി 60 കോടി. മെട്രോപൊളിറ്റൻ നഗര വികസനത്തിനു കൗൺസിൽ രൂപീകരിക്കും. ഗ്രാമീണ ഉപജീവന മിഷൻ പദ്ധതികൾക്കു സംസ്ഥാനവിഹിതം 56 കോടി. കുടുംബശ്രീക്ക് 270 കോടി. വയനാട് പാക്കേജിന് 85 കോടി. ജലസേചനം, വെള്ളപ്പൊക്ക നിയന്ത്രണം, തീരദേശ സംരക്ഷണം 610 കോടി. കുട്ടനാട്ടിൽ വെള്ളപ്പൊക്കനിവാരണത്തിന് 57 കോടി. ലൈഫ് മിഷന്റെ ഭാഗമായി ഗ്രാമീണമേഖലയിൽ ഒരുലക്ഷം ഭവനങ്ങൾ, 19 ഭവനസമുച്ചയങ്ങൾ. 1160 കോടി രൂപ. ആരോഗ്യമേഖലയ്ക്ക് 10431.73 കോടി; കാരുണ്യപദ്ധതിക്ക് 700 കോടി. റോഡുകൾക്കും പാലങ്ങൾക്കും 4219.41 കോടി. വിദൂര ആദിവാസിഗ്രാമങ്ങൾ വൈദ്യുതീകരിക്കാൻ അഞ്ചുകോടി; പട്ടികവർഗ/ഗോത്രനഗറുകളിൽ സൗരോർജത്തിന് അഞ്ചുകോടി. വയനാട് ക്ലൈമറ്റ് സ്മാർട്ട് കോഫി പ്രാരംഭപ്രവർത്തനങ്ങൾക്ക് മൂന്നുകോടി. ഹാന്റെക്സ് പുനരുജ്ജീവനപദ്ധതിക്ക് 20 കോടി; കൈത്തറി സഹകരണസംഘങ്ങളുടെ പുനരുദ്ധാരണത്തിന് മൂന്നുകോടി. കശുവണ്ടി മേഖലയ്ക്ക് 30 കോടി. പൊതുമേഖലാസ്ഥാപനങ്ങളുടെ സമഗ്ര സാമ്പത്തികപുനഃസംഘടനാ പദ്ധതിക്ക് 275.10 കോടി. ഐടി മേഖലയ്ക്ക് 517.64 കോടി. പരമ്പരാഗതമേഖലയിലെ തൊഴിലാളികൾക്ക് ഇൻകം സപ്പോർട്ട് 100 കോടി. നവകേരളസദസിൽ ഉൾപ്പെട്ട അടിസ്ഥാനവികസന പദ്ധതികൾക്ക് 800 കോടി. പൊതുവിദ്യാലയങ്ങളിൽ നാപ്കിൻ ഇൻസിനറേറ്റർ; എച്ച്എസ്എസ് വിദ്യാർത്ഥിനികൾക്കും കുടുംബശ്രീ അംഗങ്ങൾക്കും മെൻസ്ട്രുവൽ കപ്പ്. ആറന്മുള വള്ളംകളി പ്രധാന പവലിയൻ നിർമാണത്തിനു രണ്ടുകോടി.

പ്രവാസികൾക്കു നാടുമായുള്ള ബന്ധം പ്രോത്സാഹിപ്പിക്കാൻ ലോക കേരളകേന്ദ്രങ്ങൾ. തിരുവനന്തപുരം മെട്രോ റെയിൽ പ്രാരംഭപ്രവർത്തനങ്ങൾ 2025-26-ൽ തുടങ്ങും; കൊച്ചി മെട്രോ വികസനം തുടരും.

SUBSCRIPTION FORM

I.D. # ______ Date ______ Expiration Date ______
Name ______
Address ______
City ______ State ______ Zip ______
Phone: ______ Email: ______
Signature: ______

❑ Enclosing $ 200.00 for five years.
❑ Enclosing my subscription of $ 54.00 for one year.
❑ Enclosing my subscription of $99.00 for two years.
❑ Please don't send newspaper to my address.

Take Advantage Of Our New Low Rates
Yearly $ 54 00 | 2 Years $ 99 00 | 5 Years $ 200 00

Payment Method ❑ Cheque Cheque # ______
❑ Visa ❑ Mastercard ❑ Discover ❑ AMEX. Exp. Date ______
CARD ACCOUNT NUMBER
SEC. CODE:

Please make the Cheque payable to
KERALA EXPRESS
3425 CLEVELAND ST, SKOKIE, ILLINOIS 60076
630 728 7956 FAX : 773 304 1917
Subscription fee non-refundable

VISA
MasterCard
DISCOVER



# THANNIKKARY VACATION HOME

## S.H.MOUNT P.O., KOTTAYAM 686006, KERALA

**FEATURES:**
Free Wi-Fi, Plenty of parking, Beautician near by, Mosquito proof house, Currency exchange near by, Cook available to cook with your choice, Kottayam Railway Station & Town near by, Excellent ayurvedic massage place near by, All Bedrooms are AC with attached bathrooms



For booking:
ABRAHAM THANNIKARI
USA - 630 491-6165
India - +91 815 692-0366 and +91 965 616-8399
athannikari@hotmail.com

# ARACKAL VACATION HOME


## UZHAVOOR, KOTTAYAM, KERALA



5 BEDROOMS (3 BR A/C), 6 BATHROOMS
LIVING, DINING & KITCHEN
READY TO OCCUPY FOR WEEKLY OR MONTHLY RENT
UZHAVOOR CHURCH & PARTY HALL NEARBY

FOR BOOKING:
USA: RAJU ARACKAL
@ 404 567 9189
INDIA: JOBIN MATHEW
@ 9961605244
EMAIL: JOBIONMATHEW@YAHOO.COM



# ഫൊക്കാന ഫ്ളോറിഡ റീജിയൻ ഉദ്ഘാടനം വർണാഭമായി

**ശ്രീകുമാർ ഉണ്ണിത്താൻ**

ഫ്ളോറിഡ: വലിയ ജനപങ്കാളിത്തവും മികച്ച കലാപരിപാടികളും ശ്രദ്ധേയമായ പ്രസംഗങ്ങളും കൊണ്ട് ഫൊക്കാന ഫ്ളോറിഡ റീജിയന്റെ പ്രവർത്തന ഉദ്ഘാടനം വർണാഭമായി. ഫൊക്കാനയുടെ ചരിത്രത്തിൽ ആദ്യ



മായാണ് ഇത്രയും വർണാഭമായ ഒരു റീജിയണൽ ഉദ്ഘാടനം നടക്കുന്നത്. ഈ റീജിയന്റെ സൗഹൃദ കൂട്ടായ്മയുടെ ഏറ്റവും മികച്ച വേദി ഒരുക്കാൻ റീജിയണൽ വൈസ് പ്രസിഡണ്ട് ലിൻഡോ ജോളിക്കും സഹപ്രവർത്തകർക്കും കഴിഞ്ഞു.

ഫൊക്കാനയുടെ ഈ ഭരണസമിതി അധികാരത്തിൽ വന്നപ്പോൾ എല്ലാ റീജിയണുകളിലും റീജിയണൽ പ്രവർത്തന ഉദ്ഘാടനം നടത്തണം എന്ന ആവശ്യം എല്ലാ റീജിയണൽ കമ്മിറ്റികളും മത്സര ബുദ്ധിയോടു നടത്തുകയും എല്ലാ റീജിയണൽ ഉദ്ഘാടനങ്ങളും ഒരു മിനി കൺവൻഷൻ ആയി തന്നെയാണ് നടത്തുന്നത്. പക്ഷേ, ഫ്ളോറിഡയിൽ ഒരു ഫൊക്കാന കൺവൻഷന്റെ പ്രതീതിയിൽ ആണ് റീജിയണൽ ഉദ്ഘാടനം നടന്നത്.

ഒർലാണ്ടോയിലെ മനോഹരമായ ഓഡിറ്റോറിയത്തിലായിരുന്നു ആദ്യന്തം ഹൃദ്യമായ ഈ പരിപാടി അരങ്ങേറിയത്. അഞ്ഞൂറിൽ അധികം പേർ പങ്കെടുത്ത ഈ പരിപാടിയിൽ ഡാൻസും പാട്ടുമായി നാല്പതിൽപ്പരം പ്രോഗ്രാമുകൾ ഇടമുറിയാതെ അവതരിപ്പിച്ചപ്പോൾ ഒരു വലിയ അവാർഡ് നൈറ്റിനേക്കാൾ മെച്ചമായ രീതിയിലാണ് ഓരോ കലാപരിപാടിയും അരങ്ങുതകർത്തത്. ഒന്നിനൊന്ന് മെച്ചമായ കലാപരിപാടികൾ കാണികൾ മനംകുളിർക്കെ ആസ്വദിച്ചു. വ്യത്യസ്തമായ ഓരോ കലാപരിപാടിയും സദസ്സ് ഒന്നടങ്കം കൈയടിച്ച് പ്രോത്സാഹിപ്പിച്ചുകൊണ്ടിരുന്നു. ഫൊക്കാന ജോയിന്റ് ട്രഷറർ ജോൺ കല്ലോലിക്കൽ ഏവർക്കും സ്വാഗതം രേഖപ്പെടുത്തി.

അദ്ധ്യക്ഷപ്രസംഗം നടത്തിയ റീജിയണൽ വൈസ് പ്രസിഡണ്ട് ലിൻഡോ ജോളി ഐക്യം സമൂഹത്തിനു മാത്രമല്ല ഓരോ സംഘടനയ്ക്കും ആവശ്യമാണെന്ന് എടുത്തുകാട്ടിക്കൊണ്ടായിരുന്നു പ്രസംഗം ആരംഭിച്ചത്. റീജിയന്റെ പ്രവർത്തനത്തിൽ തന്നെ സഹായിച്ചവർക്ക് അദ്ദേഹം നന്ദിയും രേഖപ്പെടുത്തി.

ഫൊക്കാന പ്രസിഡണ്ട് സജിമോൻ ആന്റണി, റീജിയണൽ വൈസ് പ്രസിഡണ്ട് ലിൻഡോ ജോളി, സെക്രട്ടറി ശ്രീകുമാർ ഉണ്ണിത്താൻ, ട്രഷറർ ജോയി ചാക്കപ്പൻ, എക്സി. വൈസ് പ്രസിഡണ്ട് പ്രവീൺ തോമസ്, പ്രസിദ്ധ സിനിമാ സംവിധായകൻ ജോജി കൊട്ടാരക്കര, ജോയിന്റ് ട്രഷറർ ജോൺ കല്ലോലിക്കൽ, വിമൻസ് ഫോറം ചെയർ രേവതി പിള്ള, മുൻ പ്രസിഡണ്ട് കമാണ്ടർ ജോർജ് കോരുത്, ട്രസ്റ്റി ബോർഡ് മെംബർ മാമ്മൻ സി. ജേക്കബ്, ഫൊക്കാന ലീഗൽ ചെയർ ഫിലിപ്പോസ് ഫിലിപ്പ്, ഫൗണ്ടേഷൻ സെക്രട്ടറി ചാക്കോ കുര്യൻ, നാഷണൽ കമ്മിറ്റി മെംബേഴ്സായ രാജീവ് കുമാരൻ, അരുൺ ചാക്കോ, ഗ്രേസ് മറിയ ജോസഫ്, മത്തായി ചാക്കോ, ജീമോൻ വർഗീസ്, ഫിനാൻസ് ചെയർ സജി പോത്തൻ, വിമൻസ് ഫോറം റീജിയണൽ കോ-ഓർഡിനേറ്റർ സുനിത ഫ്ളവർ ഹിൽ, ജെറി കാമ്പിൽ തുടങ്ങിയവർ നിലവിളക്കു കൊളുത്തി പ്രവർത്തന ഉദ്ഘാടനം നിർവഹിച്ചു.

ഫൊക്കാന പ്രസിഡണ്ട് സജിമോൻ ആന്റണിയുടെ പ്രസംഗം സംഘടനയുടെ പ്രവർത്തന രൂപരേഖ വരച്ചുകാട്ടുന്നതായിരുന്നു. നിങ്ങളുടെ കുടുംബത്തിനും കുട്ടികൾക്കും ഒപ്പം സമൂഹത്തിനു ചുറ്റുമുള്ള ലോകത്തിനും വേണ്ടി നിങ്ങൾക്കു ചെയ്യാൻ കഴിയുന്ന ഏറ്റവും മികച്ച കാര്യം സാമൂഹിക പ്രവർത്തനമാണ്. നിങ്ങൾ എന്തു ചെയ്യുന്നുവെന്നത് നിങ്ങളുടെ തീരുമാനമാണ്. പക്ഷേ, നിങ്ങൾ ചെയ്യുന്നത് സമൂഹത്തിന്റെ നന്മയ്ക്കുവേണ്ടി ആകുമ്പോൾ ലോകത്തിൽ ഓരോരുത്തരും അനുഭവിക്കുന്ന വേദനയെ സ്വന്തം ശരീരത്തിന്റെ വേദനപോലെ നിങ്ങൾക്ക് അറിയാൻ കഴിയും. മറ്റുള്ളവരുടെ വേദനയിൽ മുഖവും മതവും നിറവും നോക്കാതെ പരസ്പരം നമ്മൾ കൈകോർത്ത് പ്രവർത്തിച്ചാൽ അനുകമ്പയും ആർദ്രതയും കനിവുമൊക്കെയുള്ള ദൈവത്തിന്റെ പ്രവൃത്തിയാവും നമ്മൾ ചെയ്യുന്നത്.




കഴിഞ്ഞ 42 വർഷമായി ജനഹൃദയങ്ങളിൽ ഫൊക്കാനയ്ക്ക് ഒരു സ്ഥാനമുണ്ട്. നമുക്കു ശേഷവും അതുണ്ടാകും. ഡ്രീം ടീം 22 പദ്ധതികളുമായി വന്നു. അതിന്റെ എണ്ണം കൂടുന്നു. അതുപോലെ ഇരുനൂറോളം വനിതാ ലീഡേഴ്സിന്റെ ഒരു ടീമിനെയാണ് ഉണ്ടാക്കിയിരിക്കുന്നത്. ഒരുകാലത്ത് യുവാക്കൾ വരാതിരുന്ന സ്ഥാനത്ത് ഇന്ന് നൂറ് യൂത്ത് ലീഡേഴ്സിന്റെ ടീമാണുള്ളത്. സമൂഹത്തിനും രാജ്യത്തിനും നല്ല പ്രവൃത്തികൾ ചെയ്ത് നല്ല പൗരന്മാരാകാം എന്ന് ആശംസിച്ചുകൊണ്ടാണ് പ്രസംഗം അവസാനിപ്പിച്ചത്.

സെക്രട്ടറി ശ്രീകുമാർ ഉണ്ണിത്താൻ ഫൊക്കാനയുടെ പ്രവർത്തനങ്ങളെപ്പറ്റി വിശദീകരിച്ചു. ട്രഷറർ ജോയി ചാക്കപ്പൻ ഫൊക്കാനയുടെ കണക്കുകൾ സുതാര്യമായിരിക്കും എന്നും കേരള കൺവൻഷനെപ്പറ്റിയും വിശദീകരിച്ചു സംസാരിച്ചു. ഫൊക്കാന എക്സി. വൈസ് പ്രസിഡണ്ട് പ്രവീൺ തോമസ് ഫൊക്കാനയുടെ ചാരിറ്റി പ്രവർത്തനങ്ങളെപ്പറ്റി വിശദമായി സംസാരിച്ചു.

ഇത്തരമൊരു സംഗമം ഫ്ളോറിഡയിൽ ആദ്യമായാണ് വിമൻസ് ഫോറം ചെയർ രേവതി പിള്ള അഭിപ്രായപ്പെട്ടു. ട്രസ്റ്റി ബോർഡ് മെംബർ മാമ്മൻ സി. ജേക്കബ് ഫൊക്കാനയിൽ ഇന്നലെ കടന്നുവന്ന രണ്ടോ മൂന്നോ പേർ പ്രശ്നങ്ങൾ ഉണ്ടെന്ന് വരുത്തിത്തീർക്കാൻ ചിലർ ശ്രമിക്കുന്നുണ്ട്. സംഘടന തുടങ്ങിയപ്പോൾ മുതലുള്ള എന്നെപ്പോലുള്ളവർ ഇന്നും ഫൊക്കാനയിൽ ഒറ്റക്കെട്ടാണ് എന്നും അദ്ദേഹം പറഞ്ഞു.

ഫൊക്കാന ലീഗൽ ചെയർ ഫിലിപ്പോസ് ഫിലിപ്പ് ഫൊക്കാനയിൽ നടക്കുന്ന ലീഗൽ കാര്യങ്ങളെപ്പറ്റി വിശദമായി സംസാരിച്ചു.

റീജിയണിൽ നിന്നുള്ള അസോസിയേഷൻ പ്രസിഡണ്ടുമാരായ ജിനോ മാത്യു, എബി പ്രലേൽ, ആന്റണി സാബു, ബാബു ദേവസ്യ, സ്മിത നോബിൾ, വർഗീസ് ജേക്കബ്, ജെറി കാമ്പിൽ എന്നിവരും ആശംസകൾ നേർന്നു.

റീജിയണൽ ഭാരവാഹികളായ ജെറി കാമ്പിൽ, ബാബു വർക്കി, ബിഷിൻ ജോസഫ്, ജോസഫ് സാവിയോ, മനേഷ് മണി, സിജോ മാത്യു, മാത്യു മുണ്ടക്കൽ, സിൽവിയ ബാബു, ഷിറ ഭഗവാറ്റുല, ബിൻസി ബാബു എന്നിവർ പരിപാടികൾക്ക് നേതൃത്വം നല്കി.

ഡിന്നറും ഡാൻസുമായി ചടങ്ങുകൾ പര്യവസാനിച്ചു.



















